# കഥാരത്നമാലിക

ചങ്ങമ്പുഴ കൃഷ്ണപിള്ള.

Digitized By Kerala Sahitya Akademi

# കഥാരത്നമാലിക.

Adapted from

**Lamb's Tales from Shakespeare''**

**(For School - use)**


ഗ്രന്ഥകർത്താ,

ചങ്ങമ്പുഴ കൃഷ്ണപിള്ള

( ഇടപ്പള്ളി )



പ്രകാശകന്മാർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ,

കൊല്ലം.

മൂന്നാംപതിപ്പ് കോപ്പി ൧൫൦൦

S. R. V. Press, Quilon.

വില 1 രൂ 2 ണ.


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# അവതാരിക.

പുഞ്ചിരിതൂകിക്കൊണ്ടു് ആകർഷകമായ ഒരു മുഖവും, അതിന്നു പിന്നാലെ മെലിഞ്ഞു നീണ്ട ഒരു ശരീരവും മലയാളരാജ്യം ആഫീസുമുറിയുടെ വെളിയടയ്ക്കു മധ്യത്തിൽക്കൂടി അകത്തേയ്ക്കു പ്രവേശിച്ചു. കുത്തിത്തച്ചുചേർത്തിട്ടില്ലാത്ത ഒരു പുസ്തകത്തിന്റെ ഭാഗങ്ങൾ എന്റെ നേരെ കാട്ടിക്കൊണ്ടു് എന്നെ വന്ദിക്കയാണു് എനിക്കു അപരിചിതനായിരുന്ന അദ്ദേഹം അവിടെച്ചെയ്തതു്. 'ആരാണു്?' എന്നു ഞാൻ ചോദിച്ചതിനു് 'അല്ലല്ലാ—ാ—ാ! ചങ്ങംപുഴയേ അറിയില്ലേ?' എന്നു് അടുത്തിരുന്ന എന്റെ സ്നേഹിതൻ ശ്രീമാൻ രാമവർമ്മത്തമ്പാന്റെ എന്നോടുള്ള മറെറാരു ചോദ്യം എനിക്കു മറുപടിയായി ലഭിച്ചു. ഇങ്ങനെയാണു് ഞാനും, ഞാൻ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്ന ഈ ഗ്രന്ഥത്തിന്റെ കർത്താവും തമ്മിലുണ്ടായ സ്നേഹത്തിന്റെ ആരംഭം.

ശ്രീമൻ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കവിതകളിൽ ചിലതെല്ലാം മലയാളരാജ്യം ചിത്രവാരികയിലും മററു ചില വർത്തമാനപ്പത്രങ്ങളിലുംനിന്നു ഞാൻ വായിച്ചിട്ടുണ്ടു്; എന്നു പറയാമെന്നല്ലാതെ അവയോടു് വളരെ അടുത്ത ഒരു അഭിഗമനം എനിക്കു ലഭിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും വായിച്ചിടത്തോളംകൊണ്ടു് അവയോടു് എനിക്കു ഒരു

Digitized By Kerala Sahitya Akademi

അസാമാന്യപ്രതിപത്തിയാണു് തോന്നിയിട്ടുള്ളതു് എന്നു പറയാൻ സാധിക്കും. 'ആരാധകൻ', 'ഹേമന്തചന്ദ്രിക എന്നിങ്ങനെ പല കാവ്യതല്ലജങ്ങൾകൂടി അദ്ദേഹം ചമച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ 'ബാഷ്പാഞ്ജലി' എന്ന പുസ്തകത്തേ സംബന്ധിച്ചാണു് ഞാൻ അധികം കേട്ടിട്ടുള്ളതു്. അദ്ദേഹത്തിൻെറ 51 ലഘുകാവ്യങ്ങൾ അടങ്ങിയിട്ടുള്ള ആ പുസ്തകം കേരളീയസഹൃദയന്മാരിൽ ഒരു നവ്യമായ സാഹിത്യാസ്വാദനാഭിരുചിയെ ജനിപ്പിപ്പിച്ചിട്ടുള്ളതായും അതിന്നു താരതമ്യേന അല്പകാലംകൊണ്ടു വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ളതായും എനിക്കറിയുകയും ചെയ്യാം. ആ വിഷാദാത്മകങ്ങളായ കാവ്യങ്ങൾ ഈ മന്ദസ്മിതസ്മേരമായ മുഖത്തുകൂടിയാണു് നിർമ്മിച്ചതു് എന്നു കണ്ടപ്പോൾ അവയുടെ ആസ്വാദ്യതയുടെ രഹസ്യം എനിക്കു സവിശേഷം ബോധപ്പെട്ടു. ഇത്ര ശിശുത്വം കലൎന്ന ഈ ഹൃദയത്തിൽ നിന്നു് അത്ര മഹത്തരങ്ങളും ഗഹനങ്ങളും ആയ ആശയങ്ങൾ മനോഹരഗാനങ്ങളിലൂടെ പ്രേമസ്നേഹമധുരങ്ങളായി ആവിർഭവിച്ചു എന്നുള്ളതു്, എനിക്കു ഒരു അത്യത്ഭുതമായിട്ടാണു് തോന്നിയതു്. ഈ യുവകവിയുമായി ഇന്നു ലഭിച്ച സമാഗമം എന്നിൽ ശാശ്വതമായ ഒരു സുഖം ഉളവാക്കിയിരിക്കുന്നു. അദ്ദേഹം ഇന്നു എനിക്കു സമ്മാനമായി തന്ന ഈ 'മണിവീണ' എൻെറ വിഷാദാത്മകമായ ഹൃദയത്തിനു് സദാ കുളൎമ്മനൽകുമെന്നു ഞാൻ വിശ്വസിക്കുന്നു.

'കഥാരത്നമാലിക' ശ്രീ: ചങ്ങമ്പുഴകൃഷ്ണപിള്ളയുടെ ആദ്യത്തെ ഗദ്യകൃതിയത്രെ. ഇതിലേ കഥകൾ' ഷേക്സ്പീ

Digitized By Kerala Sahitya Akademi

യർ മഹാകവിയുടെ നാടകങ്ങളെ ചാറത്സ്‌ലാംബ് എന്ന പ്രസിദ്ധ ഗദ്യകാരൻ അതിമധുരങ്ങളായ ഗദ്യങ്ങൾകൊണ്ടു് സംക്ഷേപിച്ചു് വിവൎത്തനംചെയ്തിട്ടുള്ളവയിൽ നാലുകഥകളുടെ സ്വാതന്ത്ര്യതൎജ്ജിമകളാകുന്നു. ഇംഗ്ലീഷിൽ ലാംബിൻെറ എന്നപോലെ മലയാളത്തിൽ ശ്രീമാൻ കൃഷ്ണപിള്ളയുടെ ഗദ്യരീതി അത്യന്തം മനോഹരവും അനുഭവയോഗ്യവും ആയിരിക്കുന്നു എന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്. ഇതിലെ ഓരോ വാക്യവും ഔചിത്യത്തോടുകൂടി തിരഞ്ഞെടുക്കപ്പെട്ട കോമളപദങ്ങൾ കോമളമായി സംഘടിപ്പിച്ചിട്ടുള്ളവയായിരിക്കുന്നു. അവ അതാതു സ്ഥാനങ്ങളിൽ സ്വയം വന്നുനിന്നുകൊണ്ടതായിട്ടാണു് തോന്നുക. കഥകളുടെ ഘടനയിലും പേരുകൾ നിൎമ്മിക്കുന്നതിലും ഗ്രന്ഥകൎത്താവിൻെറ ഔചിത്യം നല്ലവണ്ണം ഫലിച്ചിട്ടുണ്ടു്.

'കഥാരത്നമാലിക' കഥയുടെ രസികത്വംകൊണ്ടു മാത്രമല്ല, അതിലെ പദപ്രയോഗങ്ങളും വാക്യശൈലികളും കൊണ്ടും കൂടി വിദ്യാൎത്ഥികൾക്കു വളരെ ഉപയോഗപ്പെടുന്ന ഒരു പുസ്തകമാണെന്നു് വളരെനാൾ ഒരു അദ്ധ്യാപകനും ഒരു പാഠശാലാപരിശോധകനും ആയിരുന്ന എനിക്കു നിശ്ചയമായി പറയാൻ കഴിയും. നല്ല ഭാഷയിൽ ഗദ്യമെഴുതാൻ ശീലിക്കുക വിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളിൽ ഒന്നാണെങ്കിൽ ഈ മാതിരിയുള്ള പുസ്തകങ്ങൾ അവർ വായിച്ചു പഠിക്കേണ്ടതു് അത്യാവശ്യമാണു്.

ഈ ഗദ്യപുസ്തകം ചമച്ചതു് ഒരു കവിയാണെന്നു് ഇതിലെ ഓരോ ഭാഗവും സഹൃദയന്മാരെ ഓൎമ്മിപ്പിക്കുമെ

Digitized By Kerala Sahitya Akademi

ന്നുള്ളതു് ഇതിന്റെ മറെറാരു വിശേഷമാണു്. ഷേക്സ്പീയർകൃതികൾ തീരെ വിസ്മരിച്ചിരുന്ന എന്നെ ഈ കഥകൾ 'ലാംബ്സ്സ്ടെയിൽസി'ന്റെ വിവൎത്തനമാണെന്നു പറഞ്ഞറിയിച്ചിരുന്നില്ലെങ്കിൽ ഞാൻ ഇവ സ്വതന്ത്രമായാലും വിവൎത്തനങ്ങളാണെന്നു സംശയിക്കപോലും ചെയ്യുയില്ലായിരുന്നു. അത്രയ്ക്കു് ഒരു തന്മയത്വവും ഇതിൽ സൎവ്വത്ര പ്രകാശിക്കുന്നുണ്ടു്.

ശ്രീമാൻ കൃഷ്ണപിള്ളയ്ക്കു സൎവ്വവിധങ്ങളായ സമുല്ലൎഷങ്ങളെയും ആശംസിച്ചുകൊള്ളുന്നു.

സി. എസ്സു്. സുബ്രഹ്മണ്യൻപോററി എം. എ.

കൊല്ലം
14 ചിങ്ങം 111.

# കഥാരത്നമാലിക.

## കലങ്ങിത്തെളിഞ്ഞ രാജയോഗം

പണ്ടു് വിശേഷശരൻ എന്ന ഒരു രാജാവു് 'ജയപുരി'യെ ഭരിച്ചിരുന്നു. അദ്ദേഹത്തിന്റെ പട്ടമഹിഷി മന്ദാകിനി രൂപവതിയും പതിവ്രതയുമായിരുന്നു. ആ രാജദമ്പതികൾ അത്യന്തം മനസ്സമാധാനത്തോടും പരസ്പരം പ്രണയത്തോടുംകൂടി ജീവിച്ചു. രാജാവിന്നു് ഒന്നുകൊണ്ടും ഒരിക്കലും ഹൃദയശല്യം നേരിട്ടിരുന്നില്ല. അദ്ദേഹം തന്റെ സതീർത്ഥ്യനും ആത്മസുഹൃത്തുമായ 'രത്നഗിരി'രാജാവിനെ കാണുന്നതിന്നു പലപ്പോഴും ആകാംക്ഷയോടെ കഴിഞ്ഞിരുന്നു. വിശേഷശരനും, ശാന്തസേനനും—അതായിരുന്നു ആ രാജാവിന്റെ പേരു്—കുട്ടിക്കാലത്തു് ഒരേ കൊട്ടാരത്തിലാണു വളൎന്നതു്. പ്രായമായശേഷം രണ്ടുപേൎക്കും രാജ്യഭരണമെന്ന ഗൗരവാവഹമായ ചുമതല വന്നുചേൎന്നതോടുകൂടി അവർ വേർപെട്ടു. എന്നാൽ അവരുടെ മൈത്രിക്കോ ആത്മാൎത്ഥതയ്ക്കോ ഒരിക്കലും ഉടവു് തട്ടിയില്ല. ഇരുവരും കത്തുകൾമൂലവും ദൂതന്മാർവഴിയായും വിശേഷങ്ങൾ കൈമാറിക്കൊണ്ടിരുന്നുഎങ്കിലും അവൎക്കു തമ്മിൽ കാണുവാൻ ഏറെനാളത്തേയ്ക്കു സാധിച്ചില്ല.

വിശേഷശരന്റെ തുടരെയുള്ള അഭ്യൎത്ഥനനിമിത്തം ശാന്തസേനൻ ജയപുരിയിലേയ്ക്കു തിരിച്ചു. ആഘോഷപൂ

Digitized By Kerala Sahitya Akademi

വ്മായ ആചാരോപചാരങ്ങളോടെ ജയപുരിമഹാരാജാവു്
തന്റെ അതിഥിയെ സ്വീകരിച്ചു. കൊട്ടാരത്തിൽ അവ
ൎക്കുണ്ടായ ആനന്ദാനുഭവങ്ങൾക്കു കയ്യും കണക്കുമില്ല. മന്ദാ
കിനി പ്രിയതമന്റെ ബാല്യസഖാവിനെ ഹൃദയപൂർവ്വം
സല്ക്കരിക്കയും അദ്ദേഹത്തിന്റെ സുഖസൗകൎയ്യാദികളിൽ
സവിശേഷം ശ്രദ്ധപതിപ്പിക്കുകയും ചെയ്തു. രണ്ടുപേരും
തങ്ങളുടെ കുട്ടിക്കാലത്തെ ആനന്ദപൂൎണ്ണങ്ങളായ സംഭവങ്ങ
ളേയും അനുഭവങ്ങളേയും അനുസ്മരിച്ചു് നൎമ്മസംഭാഷണങ്ങ
ളിൽ മുഴുകി സന്തോഷപുരസ്സരം സമയം ചിലവഴിച്ചു. എ
ന്നാൽ ആ നിൎവ്വാണരംഗം ഏറെനാൾ നീട്ടുന്നതിനു നിൎവ്വാ
ഹമില്ലാത്തവിധം ശാന്തസേനൻ മടങ്ങിപ്പോകുവാൻ തിട്ട
ക്കംകൂട്ടി. വിശേഷശരനു് ഇതു് അസഹനീയമായിത്തോന്നി.
തന്റെ ആത്മസുഹൃത്തിനെ ഏതാനുംദിവസംകൂടി കൊട്ടാ
രത്തിൽ താമസിപ്പിക്കുന്നതിനു വിശേഷശരൻ ഒരുപായം
പ്രയോഗിക്കാനൊരുമ്പെട്ടു. അതു്, മന്ദാകിനിമുഖാന്തിരം
തന്റെ ആഗ്രഹത്തെ അറിയിക്കുകയായിരുന്നു. ബഹുമാ
ന്യയായ രാജ്ഞിയുടെ അപേക്ഷയെ നിരസിക്കുവാൻ തക്ക
വണ്ണം ശാന്തസേനൻ അത്ര മനസ്സാന്നിദ്ധ്യമില്ലാത്ത ആളാ
യിരുന്നില്ല. മനസ്സില്ലാമനസ്സോടെ രത്നഗിരിരാജാവു് മന്ദാ
കിനിയുടെ അപേക്ഷയെ കൈക്കൊണ്ടു.

എന്നാൽ ആ രാജഗേഹത്തിലെ പ്രകാശമാനമായ
അന്തരീക്ഷം ഈ സംഭവംമൂലം പെട്ടെന്നിരുളടഞ്ഞുകാണു
കയാണുണ്ടായതു്. അവിചാരിതമായി എങ്ങുനിന്നോ പാ
ഞ്ഞണഞ്ഞ ഒരു കാർമേഘശകലം അതുവരെ ഉണ്ടായി
രുന്ന ആനന്ദചൈതന്യത്തെ ഒന്നോടെ നശിപ്പിച്ചുകള
ഞ്ഞു. താനെത്രതന്നെ നിർബന്ധിച്ചിട്ടും, അനുകൂലഭാവം
പ്രദർശിപ്പിക്കാതിരുന്ന ശാന്തസേനന്റെ യാത്രാനിശ്ചയ
ത്തെ, മന്ദാകിനി അതാ രണ്ടുനാലു വാക്കുകൾകൊണ്ടു തക
ൎത്തിരിക്കുന്നു. അതിൽ വിശേഷശരനു് എന്തെന്നില്ലാത്ത

Digitized By Kerala Sahitya Akademi

ഒരു ദുശ്ശങ്ക—സഹിക്കാൻപാടില്ലാത്ത ഒരീർഷ്യ—മനസ്സിലു ദിച്ചു. ശാന്തസേനന്റെ സ്വഭാവശുദ്ധിയും രാജ്ഞിയുടെ സദാചാരനിഷ്ഠയും അദ്ദേഹത്തിനു നല്ലവണ്ണം അറിയാം. എന്നാലും ആ വികലവികാരം അദ്ദേഹത്തിന്റെ മനസ്സിനെ അസ്വാസ്ഥതയിൽ ക്ഷീണിപ്പിച്ചു. 'തന്റെ സർവ്വസമ്മതവും ശാന്തസേനന്റെ സുഖാന്വേഷണത്തിൽ രാജ്ഞിക്കു നൽകിയിരുന്നെങ്കിലും അദ്ദേഹം ഒന്നുരണ്ടുദിവസങ്ങൾകൊണ്ട് എന്തെന്നില്ലാത്ത ഹൃദയക്ഷോഭത്തിന് അധീനനായി. ജീവനുതുല്യം സ്നേഹിച്ചിരുന്ന ധർമ്മപത്നിയിൽ അനിഷേധ്യമായ ഒരു വെറുപ്പും, ശാന്തസേനനിൽ അടങ്ങാത്ത വൈരവും വിശേശ്വരനു തോന്നി. എന്തിന്, ആ രാജാവു് കേവലം ഒരു പിശാചിന്റെ മട്ടായിത്തീർന്നു. ഒരുദിവസം തന്റെ അനുചരന്മാരിൽ ഏററവും വിശ്വസ്തനായ പ്രമഥനെ വിളിച്ചു ശാന്തസേനനു് അന്നുരാത്രി വിഷംകൊടുക്കുവാൻ രഹസ്യമായി നിയോഗിച്ചു. ഹൃദയമുള്ള ഒരു മനുഷ്യനായിരുന്നു, പ്രമഥൻ. രാജാവിന്റെ ദുശ്ശങ്കയ്ക്കു വലിയ വാസ്തവമൊന്നുമില്ലെന്നറിഞ്ഞ അയാൾ ഈ വിവരം ഗൂഢമായി ശാന്തസേനനെ മനസ്സിലാക്കി. അവർ രണ്ടുംപേരും അന്നു രാത്രിതന്നെ മററാരുമറിയാതെ കൊട്ടാരത്തിൽനിന്നിറങ്ങി കഴിയുന്നത്ര വേഗത്തിൽ ജയപുരിവിട്ടു. പ്രമഥൻ തന്റെ ആയുഷ്കാലം മുഴുവനും ശാന്തസേനന്റെ വിശ്വസ്തമിത്രമായി രത്നഗിരിയിൽ കഴിച്ചുകൂട്ടി.

വിശേശ്വരൻ, തന്റെ ഹിതത്തിനു വിപരീതമായി ശാന്തസേനൻ രക്ഷനേടിയതറിഞ്ഞു് പൂർവ്വാധികം കുപിതനായി. ആ നിഷ്ഠുരൻ ഒരു കൊടുങ്കാററുപോലെ അവരോധത്തിലേയ്ക്കു പാഞ്ഞു. മന്ദാകിനി ഓമനമകനെ അങ്കതലത്തിലണച്ചു മണിമഞ്ചത്തിൽ വിശ്രമിക്കയായിരുന്നു. രാജാവു് ഒരു ഭൂതാവിഷ്ടനെപ്പോലെ പ്രിയതമയോടടുത്തു് കുമാരനെ കയ്യിൽ വാങ്ങി; അടുത്തുനിന്ന കിങ്കരന്മാരോടു്,

Digitized By Kerala Sahitya Akademi

"ഉം! ക്ഷണത്തിൽ ഇവളെ കാരാഗൃഹത്തിൽ!" എന്നു കല്പനയും കൊടുത്തു.

നാലഞ്ചുജന്മനാളിലധികം ഘോഷിക്കുന്നതിനിടയായിട്ടില്ലാത്ത പ്രേമചന്ദ്രൻ അവൻെറ അമ്മയെ അസാധാരണമാംവിധം സ്നേഹിച്ചിരുന്നു. തൻെറ കണ്ണിൽകണ്ട സംഭവം എന്തെന്നു് സൂക്ഷ്മമായി ഗ്രഹിച്ചില്ലെങ്കിലും അമ്മ പിതാവിൻെറ ദണ്ഡനത്തിനു പാത്രമായി ഏതോ ആപത്തിൽ കുടുങ്ങിയെന്നു് ആ പിഞ്ചുപൈതലിൻെറ ബാലിശഹൃദയത്തിൽ ബോധപ്പെട്ടു. അവൻെറ ദേഹം തുളർന്നു, മുഖം വിവർണ്ണമായി; ആഹാരത്തിലും നിദ്രയിലും അഭിരുചി വിട്ടു; ഈ അവസ്ഥ രാജകുമാരൻെറ മരണകാരണമായിത്തീർന്നേക്കുമോ എന്നുക്രടി കൊട്ടാരത്തിലുള്ളവരെല്ലാം അമ്പരന്നു

'ഗിരിജാക്രടം' എന്ന പേരായ പർവ്വതരാജ്യം ജയപുരിയിൽനിന്നും അനേകംനാഴിക ദൂരത്തിലായി സ്ഥിതിചെയ്തിരുന്നു. അക്രമകൃത്യങ്ങളേയും വിശ്വാസവഞ്ചനകളേയുംകുറിച്ചുള്ള ആശങ്കകൾക്കു്, അവയുടെ യാഥാർത്ഥ്യങ്ങൾ ആശ്ചര്യജനകമാംവണ്ണം പ്രത്യക്ഷപ്പെടുത്തി കൃതകൃത്യതയരുളുന്ന ഒരു സുപ്രസിദ്ധമായ കാളിക്ഷേത്രം അനേകായിരം ജനങ്ങളെ ആ രാജ്യത്തേക്കാകർഷിച്ചുകൊണ്ടു് സവിശേഷമാഹാത്മ്യത്തോടുക്രടി സമുല്ലസിച്ചു.

ക്ഷേത്രമാഹാത്മ്യത്തേയും കാളീപ്രഭാവത്തേയുംകുറിച്ചു കേട്ടിരുന്ന വിശ്വേശ്വരൻ, രാജ്ഞിയുടെ അപരാധവാസ്തവം അറിയുവാനായി തൻെറ വിശ്വസ്തസചിവന്മാരിൽ രണ്ടുപേരെ ഗിരിജാക്രടത്തിലേയ്ക്കയയ്ക്കാൻ തീർച്ചപ്പെടുത്തി.

കുറച്ചു നാളുകൾക്കുള്ളിൽ കാരാഗൃഹത്തിൽവെച്ചു് രാജ്ഞി ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. തൻെറ

Digitized By Kerala Sahitya Akademi

ഓമനക്കൈത്തലിൻെറ മനോഹരമായ പിഞ്ചുമുഖം ആ സാധ്വിയുടെ കരയുന്ന ഹൃദയത്തിൽ അമൃതബിന്ദുക്കൾപെയ്തു. രാജ്ഞി സ്വസന്താനത്തെ വാത്സല്യപൂർവ്വം ചുംബിച്ചുകൊണ്ടു് "ഓമനേ, നിനക്കും ഇങ്ങനെ കാരാഗൃഹത്തിൽ കിടക്കാൻ ഇടവന്നല്ലോ. എന്തുചെയ്യാം! നിന്നെപ്പോലെ തന്നെ നിൻെറ അമ്മയും നിരപരാധിയാണു്" എന്നു് കൂടെക്കൂടെപ്പറയും.

മന്ദാകിനിക്കു് 'ചന്ദ്രിക' എന്നൊരു സഖിയുണ്ടായിരുന്നു. അവൾ രാജ്ഞിയെ ഉള്ളഴിഞ്ഞു് സ്നേഹിച്ചിരുന്നതുകൊണ്ടു് കാരാഗൃഹത്തിൽചെന്നു സ്വാമിനിയുടെ കുശലങ്ങൾ അന്വേഷിക്കുക പതിവായിരുന്നു. രാജകുമാരിയുടെ ജനനദിവസം കാരാഗൃഹത്തിൽനിന്നും തിരിച്ചുവരുംവഴി കൊട്ടാരത്തിലെ മറെറാരുപരിചാരികയായ താരയെ അവൾ കണ്ടു്, ഇങ്ങനെ പറഞ്ഞു: "പ്രിയപ്പെട്ട താരേ! തമ്പുരാട്ടി എന്നെ വിശ്വസിച്ചു് കുഞ്ഞിനെ എൻെറ കയ്യിൽ തന്നയയ്ക്കുമെങ്കിൽ ഞാൻ അതിനെ തിരുമുൻപിൽ കൊണ്ടുചെല്ലാം. അതുകൊണ്ടു പ്രയോജനംവല്ലതുമുണ്ടോ എന്തോ! ഒരു പക്ഷേ, ഓമനക്കുഞ്ഞിനെ കാണുമ്പോൾ അദ്ദേഹത്തിൻെറകോപം അല്പം ശമിച്ചുവെന്നുവരരുതോ?" ചന്ദ്രികേ, "താര പറഞ്ഞു: ഞാനിക്കാര്യം രാജ്ഞിയോടുണർത്തിക്കാം. ഇന്നു് തമ്പുരാട്ടി എന്നോടു ചോദിക്കയുണ്ടായി സ്വസന്താനത്തെ മഹാരാജാവു തൃക്കൺപാർക്കത്തക്കവണ്ണം അവിടെക്കൊണ്ടുചെല്ലുന്നതിനു് വിശ്വസ്തരായ് ആരേയെങ്കിലും കിട്ടുമോ, എന്നു്." "ശരി; ഞാനതിനു സന്നദ്ധയാണു്. പോരെങ്കിൽ എൻെറ സ്വാമിനിയുടെ പക്ഷംപിടിച്ചു് ശക്തിയായി ഞാൻ വാദിക്കുകയും ചെയ്യാം. നീ ഈ വിവരംചെന്നു പറയുക." ചന്ദ്രികയുടെ ഈ സന്മനസ്സിനു് കൃതജ്ഞതാമധുരമായ ഒരു പുഞ്ചിരിതൂകിക്കൊണ്ടു്, "അങ്ങനെതന്നെ, ചന്ദ്രികേ, തമ്പുരാട്ടിയോടു നിങ്ങൾക്കു തോ

Digitized By Kerala Sahitya Akademi

ന്നന്ന സഹതാപത്തിന്ന ദൈവം നിങ്ങളെ അനുഗ്രഹിക്കും" എന്ന പറഞ്ഞു്, താര ഉടൻതന്നെ രാജ്ഞിയുടെ സമക്ഷത്തിലെത്തി വിവരം അറിയിച്ചു അതിരററ സന്തോഷത്തോടെ മന്ദാകിനി അന്നുതന്നെ കുഞ്ഞിനെ ചന്ദ്രികയെ ഏല്പിക്കയും ചന്ദ്രിക വസ്തുതയെല്ലാം മഹാരാജാവിന്റെ ഒരു മുഖ്യ ചാരനും സ്വകാന്തനുമായ രുദ്രനെ ധരിപ്പിക്കയും ചെയ്തു. രാജപക്ഷീയനായ ആ മനുഷ്യന്ന് അതു തീരെ സമ്മതമായിരുന്നില്ല. രാജസ്ഥാനത്തുനിന്നും ഉണ്ടാകാൻ ഇടയുള്ള കോപത്തെഭയന്നു് അയാൾ തന്റെ പത്നിയെ ആ ഉദ്യമത്തിൽ നിന്നു് വിരമിപ്പിക്കുവാൻ നോക്കി. എങ്കിലും അതൊന്നും വകവയ്ക്കാതെ ചന്ദ്രിക രാജന്യസന്തതിയെ തിരുമുമ്പിൽ സമർപ്പിച്ചു. വിശേഷശരന്റെ ഹൃദയം അലിഞ്ഞുപോകത്തക്കവണ്ണമുള്ള ആകർഷകത്വം ശിശുമുഖത്തിൽ കളിയാടിയിരുന്നു കോപകഷായിതമായ ഉഗ്രനയനങ്ങളിൽ തീപ്പൊരിചിന്നുംവിധം രാജ്ഞിയുടെ ഉപഹാരത്തിൽ ആ നിർദ്ദയൻ കണ്ണോടിച്ചു. രാജാവിന്റെ നിർദ്ദയമായ പെരുമാററത്തിൽ ഈശ്വരനെ പഴിച്ചും മഹാരാജ്ഞിയുടെ പരിശുദ്ധിയിൽ സാക്ഷ്യംവഹിച്ചും ചന്ദ്രിക ദയനീയമാംവിധം ഒരു പ്രസംഗം ചെയ്തു പക്ഷേ, അതുകൊണ്ടൊന്നും ആ ശിലാഹൃദയത്തിന്ന യാതൊരു ചാലനവും സംഭവിച്ചില്ല. നേരേ മറിച്ചു് രാജാവിനെ അതു കൂടുതൽ നീരസപ്പെടുത്തുവാൻ മാത്രമേ പര്യാപ്തമായുള്ളൂ. തൽക്ഷണം അവളെ തന്റെ മുൻപിൽനിന്നും പിടിച്ചു പുറത്തയപ്പാൻ വിശേഷശരൻ രുദ്രന്നു കല്പനകൊടുത്തു.

ചന്ദ്രിക കുഞ്ഞിനെ അവിടെ കിടത്തിയുംവച്ചു് സ്വഗൃഹത്തിലേയ്ക്കു പിൻവാങ്ങി. രാജാവിന്റെ കോപം അല്പം ശമിച്ചു ഏകാന്തതയിൽ ശാന്തമായിരുന്നാലോചിക്കുമ്പോൾ അദ്ദേഹത്തിന്റെ അന്തഃകരണം ഈ സംഗതി

Digitized By Kerala Sahitya Akademi

യിൽ പ്രചോദനംചെയ്യുമെന്നായിരുന്നു ആ ദയാവതിയുടെ വിശ്വാസം.

എന്നാൽ അവൾക്കു തെററിപ്പോയി. ചന്ദ്രിക പോയ ഉടൻതന്നെ കുഞ്ഞിനെ എടുത്തു ഒരു കപ്പലിൽ കയററി വല്ല വിജനദ്വീപിലും വിട്ടിട്ടുപോരുവാൻ രാജാവു രുദ്രനെ നിയോഗിച്ചു.

പ്രമഥനെപ്പോലെയായിരുന്നില്ല, രുദ്രൻ. അയാൾ രാജശാസനയെ യഥാവിധി ശിരസാവഹിക്കതന്നെ ചെയ്തു. അയാൾ അന്നുതന്നെ കുഞ്ഞിനേയുംകൊണ്ടു് ഒരു കപ്പലിൽ യാത്രപുറപ്പെട്ടു. ആദ്യം ദൃഷ്ടിപഥത്തിൽ എത്തുന്ന ഏതെങ്കിലും ഒരു ദ്വീപിൽ അതിനെ വിട്ടിട്ടുപോരണമെന്നായിരുന്നു ആ വജ്രഹൃദയൻെറ നിശ്ചയം.

ഗിരിജാകൂടത്തിനു പോയിട്ടുള്ള സചിവന്മാർ മടങ്ങിയെത്തുന്നതുവരെ അടങ്ങിയിരിക്കുവാനുള്ള ക്ഷമയെ അദ്ദേഹത്തിൻെറ സാഹസബുദ്ധി കരണ്ടെടുത്തു. പ്രസവസാദം നിശ്ശേഷം വിട്ടുമാറുന്നതിനു മുൻപുതന്നെ പുത്രീവിയോഗത്താൽ ദഗ്ദ്ധചേതനയായിത്തീർന്ന ആ സാധ്വീലലാമത്തെ തൻെറ സചിവമണ്ഡലത്തിൻെറ സാന്നിദ്ധ്യത്തിൽ വിസ്തരിക്കുവാനാണു് വിശേഷജ്ഞരൻ പിന്നീടു മുതിർന്നതു്. രാജകീയവിജ്ഞാപനാനുസാരം മന്ത്രിപുംഗവന്മാർ, ഭരണാധികാരികൾ, പൗരപ്രമാണികൾ തുടങ്ങി ഒരു വമ്പിച്ച ജനസമൂഹം ഒരുദിവസം രാജധാനിയിലെ വിസ്താരശാലയിൽ ആഗതരായി. ശാലയുടെ ഒരുവശത്തൊരുക്കിയിരുന്ന മണിമണ്ഡപത്തിൽ രാജാവു പ്രവേശിച്ചു്, മന്ദാകിനിയെ കൊണ്ടുവരുവാൻ കിങ്കരന്മാരോടു ആജ്ഞാപിച്ചു. കരഞ്ഞു കരഞ്ഞു വീർത്തുന്തിയ കൺപോളകളോടും വിളറിയ കപോലങ്ങളോടുംകൂടി കേവലം അസ്ഥിമാത്രയായിത്തീർന്നിരുന്ന രാജ്ഞിയെ കിങ്കരന്മാർ വിലങ്ങുവച്ചു രാജസന്നി

Digitized By Kerala Sahitya Akademi

ധിയിൽ കൊണ്ടുവന്നു. എന്നാൽ പെട്ടെന്നു ഗിരിജാക്ഷ്ക്രൂട ത്തിലേയ്ക്കയച്ചിരുന്ന രണ്ടു സചിവന്മാരും അവിടെ പ്ര ത്യക്ഷപ്പെട്ടു. രാജാവിൻെറ മുൻപിൽ താണു കമ്പിട്ടശേ ഷം ഒഴെഴുത്ത് അവർ തിരുമുൽക്കാഴ്ച്ചവച്ചു. അതെടുത്തു തുറന്നു സദസ്സിനെ വായിച്ചുകേൾപ്പിക്കുവാനായി ഉൽക്ക ണ്ഠാപാരവശ്യത്തോടെ അദ്ദേഹം നമ്മസചിവനോടരുളി ച്ചെയ്തു. അദ്ദേഹം പത്രമെടുത്തു നിവത്തി ഇപ്രകാരം വാ യിച്ചു:—

"മന്ദാകിനി നിരപരാധി—ശാന്തസേനൻ നിഷ്ക ളങ്കൻ—പ്രമഥൻ വിശ്വസ്തസേവകൻ—വിശേഷശരൻ അസൂയാലു, സ്വേച്ഛാധികാരപ്രമത്തൻ, ക്രൂരൻ!—പോയ തിനെ വീണ്ടെടുക്കണം...അല്ലെങ്കിൽ സന്തതിയററു വംശം നശിക്കും...ഇതു് സത്യം...സത്യം!"

എന്നാൽ രാജാവിനിതിലൊന്നിലും തെല്ലും വിശ്വാ സം തോന്നിയില്ല. ആ നിരത്ഥപദങ്ങൾക്കൊന്നും അദ്ദേ ഹം യാതൊരു വിലയും കൽപിച്ചില്ല. രാജ്ഞിയുടെ വല്ല സ്നേഹിതന്മാരുടേയും ഒരു ഗൂഢോപായമായിരിക്കണമതെ ന്നു പറഞ്ഞിട്ടു് വിസ്താരം തുടരുവാൻ അദ്ദേഹം ന്യായാധി പനോടാജ്ഞാപിച്ചു. എന്നാൽ വീണ്ടും അതാ അവിടെ സസംഭ്രമം പാഞ്ഞെത്തുന്നു മറെറാരു കിങ്കരൻ. വിലങ്ങു വച്ചു്, മാതാവിനെ പൊതുജനസമക്ഷത്തിൽ വിസ്തരിക്കു വാൻ കൊണ്ടുപോയി എന്നുകേട്ടു്, ലജ്ജയാലും സങ്കടാതി രേകത്താലും പെട്ടെന്നുണ്ടായ ഹൃദയക്ഷോഭംനിമിത്തം പ്രേ മചന്ദ്രകുമാരൻ മരിയടഞ്ഞുപോയ വൃത്താന്തം, അവൻ തി രുമനസ്സറിയിച്ചു. ഇതുകേട്ടു് ഇടിവെട്ടേററപോലെ രാജ്ഞി തൽക്ഷണം മോഹിച്ചു നിലത്തുവിണു.

അവിചാരിതമായ ഈ ആപൽസംഭവം രാജാവി നെ വല്ലാതമ്പരപ്പിച്ചു. എന്തായാലും രാജ്ഞിയെ ഉടൻ

Digitized By Kerala Sahitya Akademi

തന്നെ അകത്തുകൊണ്ടുപോയി ശുശ്രൂഷിക്കുവാൻ അദ്ദേഹം പരിചാരികമാരെ ഏർപ്പെടുത്തി. എന്നാൽ അല്പനേരത്തിനുള്ളിൽ ചന്ദ്രിക രാജസദസ്സിൽവന്നു് മന്ദാകിനി മരിച്ചുപോയെന്നു പൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞു.

വിശ്വേശ്വരൻ ഒന്നു നടുങ്ങി. അടക്കാനാകാത്ത പരമസങ്കടത്താലും, താൻചെയ്ത ക്രൂരപ്രവൃത്തിയെ ഓർത്തുള്ള പശ്ചാത്താപത്താലും, അദ്ദേഹത്തിൻെറ ഹൃദയം മഞ്ഞുകട്ടപോലെ തണുത്തുപോയി. അവളുടെ ഘാതകൻ താനാണെന്നുള്ള ചിന്ത അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഒരഗ്നിപർവ്വതം പൊട്ടിത്തെറിപ്പിച്ചു. ഗിരിജാകൂടത്തിലെ കാളിക്ഷേത്രത്തിൽനിന്നു കൊണ്ടുവന്ന ആ "ദിവ്യപ്രസ്താവന" അക്ഷരംപ്രതി പരമാർത്ഥമാണെന്നു വിശ്വേശ്വരനു ബോധപ്പെട്ടു. അദ്ദേഹത്തിൻെറ സകല ആശകളും ആഹ്ലാദങ്ങളും അസ്തമിച്ചു. ആ രാജസൗധം മൗനത്തിൻേറയും ആത്മക്ഷതങ്ങളുടേയും വിഹാരരംഗമായി മാറി. അനുശയത്തിൻെറ നനഞ്ഞ യവനികയാൽ ആ രാജകീയാന്തരീക്ഷം ആച്ഛാദിതമായി. ജീവിതത്തോടുതന്നെ വിശ്വേശ്വരനു് അസഹനീയമായ ഒരു വെറുപ്പുതോന്നി.

രുദ്രൻ കുഞ്ഞിനേയുംകൊണ്ടു് യാത്രതിരിച്ച കപ്പൽ ഒരു ഭയങ്കരമായ കൊടുങ്കാററിലകപ്പെട്ടു്, പല ദിക്കുകളിലും ചുററിത്തിരിഞ്ഞു്, ഒടുവിൽ ശാന്തസേനമഹാരാജാവിൻെറ രാജ്യമായ രത്നഗിരിയിലെ സമുദ്രതീരത്തു വന്നടുത്തു. അയാൾ അവിടെയിറങ്ങി കുഞ്ഞിനെ ഒരു പാറപ്പുറത്തു കിടത്തിയുംവച്ചു് തൽക്ഷണംതന്നെ കപ്പലിലേയ്ക്കു മടങ്ങി. എന്നാൽ താൻചെയ്ത ക്രൂരപ്രവൃത്തിയെക്കുറിച്ചു വിശ്വേശ്വരനെ പറഞ്ഞുകേൾപ്പിക്കുവാനോ, സ്വദേശത്തെ പിന്നൊരുനോക്കു കാണുവാനോ, ആ മഹാപാപിക്കു സംഗതിയായില്ല. മടങ്ങിപ്പോരുന്നവഴി, കാട്ടിൽനിന്നും എതിരെ പാഞ്ഞെത്തിയ ഒരു മുതുക്കൻകരടി



Digitized By Kerala Sahitya Akademi

അയാളെ കടിച്ചുകീറിക്കൊന്നുകളഞ്ഞു. അങ്ങിനെ തന്റെ ദുഷ്ടകർമ്മത്തിന്റെ ഫലം ഉടനടിതന്നെ അവനു ലഭിച്ചു. ഈ സംഭവമെല്ലാം കണ്ടുകൊണ്ടു് ഒരാട്ടിടയൻ കുറച്ചുക ലെയുള്ള ഒരു മരക്കൊമ്പിലിരിക്കുന്നുണ്ടായിരുന്നു.

മന്ദാകിനി കുഞ്ഞിനെ അനേകം രത്നാഭരണങ്ങൾ അണിയിച്ചാണു് രാജസന്നിധിയിലേയ്ക്കു കൊടുത്തയച്ചതു്. രുദ്രൻ അതൊന്നും അഴിച്ചെടുക്കുകയുണ്ടായില്ല. "ഇന്ദിര—ജയപുരിരാജാവായ വിശേഷന്റെ പുത്രി" എന്നിങ്ങനെ പട്ടുനൂൽകൊണ്ടു തുന്നിപ്പിടിപ്പിച്ചിരുന്ന അഴകേറിയ ഒരു കുപ്പായം ആ കുഞ്ഞിന്റെ ശരീരത്തിലു ണ്ടായിരുന്നു.

വൃക്ഷശാഖയിലിരുന്ന ആട്ടിടയൻ ഉടൻതന്നെ താഴെ യിറങ്ങി കുഞ്ഞിന്റെ സമീപത്തേയ്ക്കു ചെന്നു. ദയാലു വായ ആ മനുഷ്യൻ നിസ്സഹായയായ ആ ശിശുവിനെ സ്വഗൃഹത്തിൽ കൊണ്ടുപോയി തന്റെ പ്രിയതമയ്ക്കു സമ്മാനിച്ചു. അവർ അവളെ സ്വന്തംപുത്രിയെപ്പോലെ ഓമനിച്ചു വളർത്തി. അവളുടെ മെയ്യിലുണ്ടായിരുന്ന രത്നാ ഭരണങ്ങളൊന്നുംതന്നെ അവർ വെളിയിൽ കാണിച്ചില്ല. വല്ലവരും അതെങ്ങാനും കേട്ടറിഞ്ഞു തങ്ങളെ ഉപദ്രവി ച്ചേക്കുമോ എന്ന ഭയത്താൽ ആ ആട്ടിടയൻ പ്രിയപത്നി യേയും ഇന്ദിരയേയുംകൊണ്ടു് അവിടെനിന്നും ഏറ്റനാഴി കയകലെ കിടക്കുന്ന ഒരു വനപ്രദേശത്തേയ്ക്കു പോയി. കൈവശമുള്ള ആഭരണങ്ങളിൽ ഒരുഭാഗം വിററു് ഏതാ നും കന്നുകാലികളേയും ആട്ടിൻപറ്റങ്ങളേയും വാങ്ങി സാ മാന്യം ധനികനായ ഒരു കൃഷീവലൻ എന്ന നിലയിൽ അയാൾ ജീവിച്ചു. പ്രാണാധികസ്നേഹത്തോടെയാണു് അയാൾ ഇന്ദിരയെ വളർത്തിക്കൊണ്ടുപോന്നതു്. ഒരു കൃഷീ വലകന്യകയെന്നുള്ളതിൽ കൂടുതലായി തന്നെക്കുറിച്ചു യാ തൊരറിവും ഇന്ദിരയ്ക്കില്ലായിരുന്നു.

Digitized By Kerala Sahitya Akademi

വർഷങ്ങൾ ചിറകടിച്ചു പറന്നുപോയി. ഇന്ദിര നവയൌവ്വനത്താൽ, മൊട്ടിട്ടുനിൽക്കുന്നമാലതീലതപോലെ മോഹനാകാരയായി സമുല്ലസിച്ചു. പറയത്തക്ക വിദ്യാഭ്യാസമൊന്നും ലഭിക്കാനിടയായില്ലെങ്കിലും അവളുടെ സ്വഭാവം ശിശിരകാലത്തെ പ്രഭാതംപോലെ വിശുദ്ധവും ശാന്തസുന്ദരവുമായിരുന്നു. മാതാവിൻെറ ആ ദുർല്ലഭമനോനൈർമ്മല്യം അവളിലും സംക്രമിച്ചു. രൂപംകൊണ്ടും ശീലംകൊണ്ടും ഒരുപോലെ അനുഗൃഹീതയായ അവളെക്കണ്ടാൽ ഒരു രാജകുമാരിയല്ല അവളെന്നു് ആരും പറയുകയില്ല.

o

ശാന്തസേനനു് മദനൻ എന്ന ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രാജകുമാരൻ ഒരു ദിവസം നായാട്ടുകഴിഞ്ഞു മടങ്ങുമ്പോൾ, ആ കുന്നിൻചരിവുകളിലൂടെ പതറിപ്പായുന്ന അരുവിയുടെ തീരത്തു്. ഒരു മൺകുടത്തിൽ വെള്ളവും മുക്കിയെടുത്തുകൊണ്ടു വിലോലാലസയായി നടന്നുവരുന്ന ഇന്ദിരയെ കണ്ടുമുട്ടി. അവളുടെ അത്ഭുതസൌന്ദര്യം കുമാരൻെറ ഹൃദയാന്തരാളത്തിൽ ചില വിദ്യുല്ലാഞ്ഛനങ്ങൾ വീശി. അവൾ ആരെന്നും എവിടെ വസിക്കുന്നുവെന്നും മററും ആരാഞ്ഞറിഞ്ഞതിൻെറശേഷം അവളുടെ ഗൃഹത്തിനുസമീപം ഒരിടത്തു് അദ്ദേഹവും താമസമാക്കി. ആരോഗ്യരക്ഷാർത്ഥം കുറച്ചുനാൾ ഒരു മലനാട്ടിൽ സ്വസ്ഥമായിത്താമസിക്കണമെന്നു കരുതിയെത്തിയിട്ടുള്ള ഒരു ധനവാനായ യുവാവാണെന്നല്ലാതെ മദനകുമാരനെക്കുറിച്ചു യാതൊന്നും ആരും അറിഞ്ഞിരുന്നില്ല. വിപിനൻ എന്ന പേരിലാണു് അദ്ദേഹത്തെ അവിടെയുള്ളവർ അറിഞ്ഞിരുന്നതു്. മദനൻ കൂടക്കൂടെ ഇന്ദിരയുടെ ഗൃഹത്തിൽ പോവുക സാധാരണമായി. അധികനാൾ കഴിയുന്നതിനു മുൻപു് അവരിരുവരും അന്യോന്യാനുരാഗത്താൽ ബന്ധിതരായിത്തീർന്നു.

Digitized By Kerala Sahitya Akademi

മദനൻ വിനോദസഞ്ചാരത്തിനായി തിരിച്ചിട്ട് ഏറെ നാളായി. ഇനിയും വരുന്നമട്ട കാണുന്നില്ല; പോരെങ്കിൽ കൊട്ടാരത്തിൽ കുമാരനെക്കുറിച്ച് ഒരുമാതിരി സംസാരങ്ങളും ഉത്ഭവിച്ചുതുടങ്ങിയിരിക്കുന്നു. ഏതായാലും ഒന്നന്വേഷിച്ചിട്ടുവരികതന്നെ എന്നു നിശ്ചയിച്ച് ശാന്തസേനൻ തൻെറ വിശ്വസ്തസേവകനും ആത്മരക്ഷകനുമായ പ്രമഥനേയും കൂട്ടിക്കൊണ്ട് മദനൻ ആവസിക്കുന്ന മലനാട്ടിലേയ്ക്കു തിരിച്ചു.

കൊയ്ത്തുകാലംകഴിഞ്ഞുള്ള 'വിളവെട്ടപ്പുത്സവം' കൊണ്ടാടുന്ന ഒരു ഘട്ടമായിരുന്നു, അത്. വേഷപ്രച്ഛന്നരായി ശാന്തസേനനും പ്രമഥനും ഒരുദിവസം ഉച്ചതിരിഞ്ഞു ഇന്ദിരയുടെ മന്ദിരത്തിൽ വന്നുകയറി. അവർ കേവലം അപരിചിതന്മാരായിരുന്നുവെങ്കിലും ഉത്സവകാലത്തവിടെ വന്നെത്തുന്ന എല്ലാവരെയും സൽക്കരിക്കുന്നതവരുടെയിടയിലുള്ള ഒരാചാരമായിരുന്നതിനാൽ ഗൃഹാധിപൻ ആ അതിഥികളെ സാദരം സ്വാഗതംചെയ്തു.

ഉത്സവം നടന്നിരുന്നത് ആ ഗൃഹത്തിൻെറ പുറകുവശത്ത്, അല്പം അകലെ നാലുവശവും ചെറുകുന്നുകളാൽ ചൂഴപ്പെട്ട, ഒരു മൈതാനത്തിലായിരുന്നു. യഥോചിതം സല്ക്കരിച്ചശേഷം ഗൃഹനായകൻ അതിഥികളെ ഉത്സവസ്ഥലത്തേക്കു കൊണ്ടുപോയി. വൃക്ഷച്ഛായകളാൽ നിതാന്തശീതളമായുല്ലസിക്കുന്ന ആ പുല്ലണിമൈതാനം ആനന്ദത്തിൻെറ ഓളംതല്ലലാൽ മുഖരിതസുന്ദരമായിരുന്നു. ഒരു പച്ചപ്പുൽത്തടത്തിൽ സുകുമാരികളായ ഒരുസംഘം ഗ്രാമീണബാലികമാർ വട്ടമിട്ടുനിന്നു ചുവടുവച്ചു പാടിക്കളിക്കുന്നു. രസികശിരോമണികളായ കൃഷകയുവാക്കന്മാർ ആ സംഗീതസാമ്രാജ്യത്തിൽ മതിമറന്ന്, തലകുലുക്കിത്താളംപിടിക്കുന്നു. അവിടവിടെയായി ചില കച്ചവടങ്ങളും നടക്കുന്നു

Digitized By Kerala Sahitya Akademi

ണ്ടു്. തിരുവാതിരകളിയിൽനിന്നും വിരമിച്ച് വിശ്രമം കൊള്ളുന്ന ചില ബാലികമാൎക്കു് അവരുടെ കാമുകന്മാർ പലതരത്തിലുള്ള ഓരോ പദാൎത്ഥങ്ങൾ സമീപത്തുള്ള കടകളിൽനിന്നും വാങ്ങിക്കൊണ്ടുവന്നു സമ്മാനിക്കുന്നു.

പുതുതായി വന്ന രണ്ടതിഥികൾക്കും അവർ ഓരോ ആസനം നൽകി. അവർ അതിന്മേൽ ഉപവിഷ്ടരായശേഷം സോൽക്കണ്ഠം നാലുപാട്ടും ഒന്നു കണ്ണോടിച്ചു.

എന്നാൽ അവിടെയിങ്ങനെ പാട്ടും കളിയും, കൗതുകവില്പനകളും, സമ്മാനദാനങ്ങളും മററും ഉല്ലാസപൂൎവ്വം നടന്നുകൊണ്ടിരിക്കുമ്പോൾ മദനനും ഇന്ദിരയും മാത്രം അതിലൊന്നിലും പങ്കുകൊള്ളാതെ, അല്പമകലെ അടിമുടി പൂത്തുനിന്നിരുന്ന ഒരശോകത്തിന്റെ ചുവട്ടിലായി, മൃദുലമനോഹരമായ പച്ചപ്പുൽവിരിപ്പിൽ, ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രണയസുരഭിലമായ ഒരു നൎമ്മസംഭാഷണത്തിന്റെ നിർവാരണതരംഗങ്ങളിൽ അലസമായി മയങ്ങിക്കിടന്നു സ്വപ്നംകാണുന്നതായിരുന്നു, അവരിരുവൎക്കും മററേതു മഹോത്സവത്തെക്കാളും മാനസോല്ലാസദമായിത്തോന്നിയതു്.

രാജകുമാരനു തന്റെ പിതാവിനേയോ പ്രമഥനേയോ തിരിച്ചറിയുവാൻ കഴിഞ്ഞില്ല. അവർ അത്ര സൂക്ഷ്മമായി വേഷം മാറിയിരുന്നു. രാജാവു് അവരുടെ സ്വകാൎയ്യങ്ങൾ, നല്ലതുപോലെ കേൾക്കുന്നതിലേക്കായി കുറച്ചുകൂടി അവരോടു സമീപിച്ചു. ലജ്ജാസമന്വിതവും വിനീതമധുരവുമായ ഒരു താഴ്ന്നസ്വരത്തിലാണു ഇന്ദിര ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നതു്. രാജാവു് ഇതുകണ്ടു പ്രമഥന്റെ ചെവിയിൽ മന്ത്രിച്ചു:—

Digitized By Kerala Sahitya Akademi

"സാധാരണക്കാരിൽ ഞാൻ കണ്ടിട്ടുള്ളതിലേയ്ക്കു ഏററവും സൗന്ദൎയ്യമുള്ള ഒരു പെൺകിടാവാണവൾ. ഇക്കാണുന്നതിനേക്കാൾ ഉയൎന്നനിലയിലുള്ള ഒരു കുലീനതയുടെ കലൎപ്പ് ഇവളുടെ ഓരോ ചലനത്തിലും ഉണ്ടു്."

പ്രമഥൻ പറഞ്ഞു:—"കൃഷിക്കാരുടെ മക്കളിൽ മഹാറാണിയും മഹാലക്ഷ്മിയുമാണിവളെന്നുള്ളതിനു സംശയമില്ല.

"ആ സ്നേഹിത", രാജാവു് ഇന്ദിരയുടെ വളൎത്തച്ഛനായ കർഷകനോടു ചോദ്യരൂപത്തിൽ പറഞ്ഞു: "നിങ്ങളുടെ മകളോടു സംസാരിച്ചുകൊണ്ടിരിക്കുന്ന ആ സുഭഗനായ ചെറുപ്പക്കാരൻ ആരാണു്?"

"അയാളുടെ പേർ വിപിനൻ എന്നാണെന്നെല്ലാവരും പറയുന്നു," അയാൾ മറുപടി പറഞ്ഞു: "നാടു കുറച്ചുകലെയാണു്. കുറച്ചുനാൾ ഒരു മലനാട്ടിൽ താമസിക്കണമെന്നുകരുതി ഇവിടെ വന്നിട്ടുള്ളതാണെന്നു തോന്നുന്നു. കുറച്ചുകാലമായി, അയാളീപ്രദേശത്തുവന്നിട്ടു്. എന്റെ വീട്ടിൽ കൂടക്കൂടെ വരാറുണ്ടു്. വാസ്തവംപറയുകയാണെങ്കിൽ എന്റെ മകളും അയാളും തമ്മിൽ വലിയ സ്നേഹമാണു്. ഏതായാലും അയാളവളെ വിവാഹംചെയ്യുന്നപക്ഷം കുറെയേറെ സ്വത്തു് അയാൾക്കു് കിട്ടും." താൻ സൂക്ഷിച്ചുവച്ചിട്ടുള്ള രത്നാഭരണങ്ങളെ ഉദ്ദേശിച്ചാണു് അയാൾ ഇങ്ങനെ പറഞ്ഞതു്.

ശാന്തസേനൻ പതുക്കെ തന്റെ പുത്രനോടടുത്തു. "ഒരു ചെറുപ്പക്കാരനായിരുന്നിട്ടും ഈ ഉത്സവങ്ങളിലൊന്നും പങ്കുകൊള്ളാതെ നിങ്ങൾമാത്രം എന്താണിങ്ങനെ ഒഴിഞ്ഞുമാറിയിരിക്കുന്നതു്. നിങ്ങൾ മററെന്തൊക്കെയോ ചിന്തിച്ചുകൊണ്ടിരിക്കുന്നപോലെ തോന്നുന്നുവല്ലോ. എന്റെ

Digitized By Kerala Sahitya Akademi

ചെറുപ്പകാലത്തു് ഞാൻ ഇങ്ങിനെയൊന്നുമായിരുന്നില്ല. ഇങ്ങിനെയുള്ള ഉത്സവകാലത്തു് എന്തെല്ലാം സമ്മാനങ്ങളാണു് ഞാനെൻെറ പ്രേമഭാജനത്തിനു വാങ്ങിക്കൊടുക്കാറുള്ളതെന്നോ! നിങ്ങളുടെ ആ സുന്ദരിയായ കാമുകിക്കു് കുറച്ചു നല്ല പൂക്കളെങ്കിലും വാങ്ങിക്കൊടുക്കരുതോ?"

സ്വന്തപിതാവാണിങ്ങനെ ചോദിക്കുന്നതു് എന്നുള്ള സംശയമേശ്ശുടാതെ മദനകുമാരൻ മറുപടിപറഞ്ഞു:—"അമ്മാവാ! അത്തരംനിസ്സാരവസ്തുക്കളൊന്നും അവരം വലിയ കാര്യമായിക്കരുതിയിട്ടില്ല. ഇന്ദിര എന്നിൽനിന്നും പ്രതീക്ഷിക്കുന്ന സമ്മാനങ്ങളെല്ലാംതന്നെ ഞാനെൻെറ ഹൃദയത്തിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടു്." അനന്തരം ഇന്ദിരയുടെ നേരേതിരിഞ്ഞു് ഒരു മധുരസ്വരത്തിൽ, "ഇതാ കേരംക്കൂ ഇന്ദിരേ! ഈ പ്രായംചെന്ന അമ്മാവൻ ഒരിക്കൽ ഒരു കാമുകനായിരുന്നു. എൻെറ വാഗ്ദാനം അദ്ദേഹവുംകൂടി കേരംക്കട്ടെ" എന്നുപറഞ്ഞിട്ടു്, ആ അപരിചിതനായ വൃദ്ധനെ സാക്ഷിനിൎത്തി താൻ അവളെ വിവാഹം ചെയ്യിരിക്കുന്നതായി മദനൻ വാഗ്ദാനംചെയ്തു.

"അമ്മാവാ, ദയവുചെയ്തു ഈ വാഗ്ദാനത്തിനമ്മാവൻ സാക്ഷിനിൽക്കണം" മദനൻ അപേക്ഷിച്ചു.

"വിവാഹമോചനത്തിനു സാക്ഷിനിൽക്കാം, ഞാൻ!—ആട്ടെ, സാറെ, എന്നാൽ ഉടൻ അതിനൊരുമ്പെട്ടുകൊള്ളണം!" എന്നുപറഞ്ഞുകൊണ്ടു് ശാന്തസേനൻ അദ്ദേഹത്തിൻെറ പ്രച്ഛന്നവേഷം പരിത്യജിച്ചു. അനന്തരം അത്രമാത്രം താഴ്ന്നനിലയിൽപെട്ട വെറുമൊരു കാലിമേയ്ക്കുന്ന കൃഷിക്കാരിപ്പെണ്ണുമായി വിവാഹം ഉടമ്പടിചെയ്യുവാനൊരുങ്ങിയ തൻെറ മകനെ ശാന്തസേനൻ കഠിനമായി ശാസിക്കുകയും, രാജോചിതമല്ലാത്തവിധം ഇന്ദിരയെ സ

Digitized By Kerala Sahitya Akademi

രോഷം അധിക്ഷേപിക്കുകയുംചെയ്തു. പോരെങ്കിൽ, തന്റെ മകൻ ഇനി എപ്പോഴെങ്കിലും അവിടെ വരുവാൻ അവൾ കാരണക്കാരിയായാൽ അവളേയും അവളുടെ പിതാവിനേയും നിർദ്ദയം നിഗ്രഹിക്കുന്നതാണെന്നദ്ദേഹം ഭീഷണിപ്പെടുത്തുകകൂടി ഉണ്ടായി.

രാജകുമാരനെ കൂട്ടിക്കൊണ്ടുപോരുവാൻ പ്രമഥനെ നിയോഗിച്ചശേഷം കോപാക്രാന്തനായ രാജാവു് തൽക്ഷണം അവിടെനിന്നു പിൻവാങ്ങി.

രാജത്വത്തിന്റെ ചില ചെറുകന്ദളങ്ങൾ അങ്കുരിച്ചുതുടങ്ങിയിരുന്ന ഇന്ദിരയുടെ ഹൃദയം രാജാവിന്റെ കോപകലുഷിതങ്ങളായ ഭർത്സനങ്ങളെ ഓർത്തു് ക്ഷോഭപ്രകമ്പിതമായി.

"അദ്ദേഹം നമ്മെ എല്ലാവരേയും കൊല്ലാനൊരുമ്പെട്ടുവെന്നു വിചാരിക്കുക. എന്നാൽത്തന്നെ എനിക്കശ്ശേഷം ഭയം തോന്നുമായിരുന്നില്ല. ഒന്നോ രണ്ടോ പ്രാവശ്യം ഞാൻ നാവെടുത്തതാണു്, ആകാശത്തു സ്വയം പ്രോജ്വലിച്ചുകൊണ്ടിരിക്കുന്ന ആ തേജോമണ്ഡലം അദ്ദേഹത്തിന്റെ മണിമേടയിലും നമ്മുടെ പൊട്ടക്കുടിലിലും ഒരുപോലെയാണു വെളിച്ചം വീശുന്നതെന്നു പറയുവാൻ. ...പിന്നെ ഞാൻതന്നെ അങ്ങു് അടങ്ങിയെന്നേയുള്ളു" പിന്നീടു മദനന്റെ നേരേതിരിഞ്ഞു് ശോകാകലിതമായ ഒരു താഴ്ന്നസ്വരത്തിൽ അവൾ അറിയിച്ചു. "എന്നാലിതാ, ആ മധുരസ്വപ്നത്തിൽനിന്നും ഞാനുണർന്നിരിക്കുന്നു. അതെന്നിൽനിന്നു മറഞ്ഞുപോയി. ആ ദുർല്ലഭസ്വർഗ്ഗത്തിനായി ഞാൻ ഇനി ഒരിക്കലും ആശിക്കയില്ല. അല്ലയോ മഹാത്മനായ യുവാവേ! ദയവുചെയ്തു് എന്നെ ഇവിടെ വിട്ടിട്ടുപോകണം ഞാൻ വല്ല പശുവിനേയോ ആടിനേയോ കറന്നു് എങ്ങിനെയെങ്കിലും ഇവിടെ കഴിച്ചുകൂട്ടിക്കൊ

Digitized By Kerala Sahitya Akademi

ളളാം. എനിക്കനുമതി! ദയവുചെയ്ത് അവിടന്ന എന്നെ മറക്കണം—കൂടുതൽ എൻെറ ഹൃദയം ദ്രവിപ്പിക്കാതെ അങ്ങ് ഇവിടെനിന്നും പോകണം!"

ഇന്ദിരയുടെ വിനീതമായ അനുവർത്തനത്താലും വ്യസനമയമായ ഗൽഗദോക്തികളാലും മനസ്സലിഞ്ഞ പ്രമഥന് ആ നിഷ്കളങ്കബാലികയുടെ പേരിൽ വലിയ സഹതാപം തോന്നി. രാജകുമാരന് അവളോട് അതിർകവിഞ്ഞസ്നേഹമുണ്ടെന്ന് അയാൾക്ക ബോധപ്പെട്ടു. കുമാരനെ തല്ക്കാലം അവിടെനിന്ന കൊണ്ടുപോകാതിരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ, ആ അന്യോന്യപ്രേമികളെ കണ്ടിതപ്പെടുത്താതെ അക്കാര്യം സാധിക്കാനും, അവരുടെ കാമിതം സഫലമാക്കിത്തീക്കുന്നതിനും എന്താണ വേണ്ടതെന്നാലോചിച്ചു പ്രമഥൻ കുഴങ്ങി. ഒടുവിൽ അയാൾ ഒരു കൗശലമെടുത്തു.

ജയപുരിയിലെ രാജാവായ വിശേശ്വരൻ ചിരകാലമായി തൻെറ അപരാധബോധത്താൽ ശിഥിലിതഹൃദയനായി ജീവിക്കുകയാണെന്നയാൾക്ക നിശ്ചയമുണ്ട്. താൻ ഇപ്പോൾ രത്നഗിരിയിൽ സസുഖം താമസിക്കുകയാണെങ്കിലും, പ്രഥമസ്വാമിയേയും പ്രിയപ്പെട്ട സ്വദേശത്തേയും ഒന്ന ചെന്നുകാണുവാൻ അയാൾക്കുള്ളമോഹം കുറച്ചൊന്നുമായിരുന്നില്ല. ഇതെല്ലാം ഒരേ സമയത്തു സാധിക്കണമെന്ന പ്രമഥൻ തീച്ചപ്പെടുത്തി. ഇന്ദിരയും മദനനും തന്നോടൊരുമിച്ചു ജയപുരിയിലേക്ക വരണമെന്നും വിശേശ്വരനെക്കണ്ടു താൻ അവരെ കൊട്ടാരത്തിൽ താമസിപ്പിക്കാമെന്നും, അയാൾ ആ കമനികമിതാക്കളെ ധരിപ്പിച്ചു.

ഈ തിരുമാനത്തിനവരിലാരുംതന്നെ പ്രതികൂലഭാവം പ്രദശിപ്പിച്ചില്ല. തങ്ങളോടൊരുമിച്ച് ആ വൃദ്ധാകഷ

Digitized By Kerala Sahitya Akademi

കനും പോന്നുകൊള്ളുന്നതിനു പ്രമഥൻ സമ്മതം നൽകി. അയാറം ഇന്ദിരയുടെ ശേഷിച്ച ആഭരണങ്ങറം ആ കുട്ടിക്കു പ്പായത്തിനുള്ളിൽ പൊതിഞ്ഞെടുത്തുകൊണ്ടു യാത്രയായി. മദനൻ അവളെ വിവാഹംചെയ്തു അവിടെത്താമസിക്കുവാനാണു ഭാവമെങ്കിൽ ആ സമ്പത്തഖിലവും അവക്കു കൊടുക്കണമെന്നു കരുതിയായിരുന്നു അയാറം യാത്ര പുറപ്പെട്ടപ്പോറം അതും കൈയിലെടുത്തതു്

യഥാകാലം അവർ ജയപുരിയിലെ കൊട്ടാരത്തിൽ എത്തിച്ചേൎന്നു. പശ്ചാത്താപപരിപൂരിതമായ വിശേശ്വരഹൃദയം പ്രമഥദൎശനത്താൽ പൂൎവ്വസ്മരണകളുടെ ഓരോ മടക്കുകളെ ആത്മദൃഷ്ടിയുടെ മുന്നിൽ വിടൎത്തി വിരിക്കുവാൻ തുടങ്ങി. ശോകാത്മകങ്ങളായ അവയുടെ സമ്പൎക്കത്താൽ മൂൎഛിച്ചുവീണ ചേതനയ്ക്കു മൃതസഞ്ജീവിനിയെന്നോണം അത്ഭുതോത്ഥാനനിദാനമായി പരിലസിച്ച പ്രമഥന്റെ ആ ചെറുപുഞ്ചിരി അദ്ദേഹത്തെ ആത്മവിസ്മൃതിയിൽ മയക്കിയുറക്കി. വിശേശ്വരൻ പ്രമഥനേയും മദനകുമാരനേയും സസന്തോഷം സ്വാഗതംചെയ്തു. എന്നാൽ ഇന്ദിരയുടെ മുഖം കണ്ടഉടൻ അദ്ദേഹം അറിയാതൊന്നു ഞെട്ടിപ്പോയി. തന്റെ ദിവംഗതയായ സഹധൎമ്മിണിയുടേയും ആ യുവതിയുടേയും മുഖങ്ങറംക്കു തമ്മിലുള്ള അഭേദ്യവും അത്ഭുതാവഹവുമായ ഐകരൂപ്യം അദ്ദേഹത്തെ വീണ്ടും വ്യാകുലനാക്കി. ഹൃദയത്തിൽ കുറച്ചുനാളായി ഒരുവിധമെരിഞ്ഞൊതുങ്ങിയ ആ പ്രാണസങ്കടം ഞൊടിക്കുള്ളിൽ അപ്രതിരോധ്യമായ ആവേഗത്തോടെ ഒന്നാളിക്കത്തി. മരിച്ചുഭൂതത്തിന്റെ വികൃതപ്രേതം വീണ്ടുംമുന്നിൽ തലയുയൎത്തുന്നതുകണ്ടു അമ്പരപ്പോടെ അദ്ദേഹം ചുററുമൊന്നു പകച്ചുനോക്കി. വിശേശ്വരന്റെ വിവശവിലോചനങ്ങറം ബാഷ്പസിക്തങ്ങളായി. "ദൈവമേ! മഹാപാപിയായ ഞാനല്ലോ എന്റെ മകളെ നിൎദ്ദയം നിഹ

നിച്ചില്ലായിരുന്നെങ്കിൽ അവളും ഇന്നു് ഈ ബാലികയെപ്പോലെ ഒരു സ്വപ്നസ്വരൂപിണിയായിത്തീരുമായിരുന്നല്ലോ! ഞാനെന്തുചെയ്യട്ടെ!" എന്നു പറഞ്ഞു് ഒരു കൊച്ചുകുട്ടിയെപ്പോലെ അദ്ദേഹം എങ്ങലടിച്ചുകരഞ്ഞു. അനന്തരം മദനന്റെ നേരെ തിരിഞ്ഞു് അതിരററവാത്സല്യത്തോടെ അദ്ദേഹം ഇപ്രകാരം അരുളിച്ചെയ്തു:—"പ്രിയകുമാരാ! ഹതവിധിമൂലം ഞാനും അങ്ങയുടെ പിതാവും തമ്മിലുള്ള സൗഹൃദം ശിഥിലമായിപ്പോയി. അതിന്റെ വേദന ഇന്നു തികച്ചും ഞാൻ അനുഭവിക്കുന്നുണ്ടു്. എന്റെ ജീവനേക്കാൾ എനിക്കു വിലപ്പെട്ട ഒരുത്തമസുഹൃത്താണദ്ദേഹം. ഒന്നുകൂടി അദ്ദേഹത്തെ കാണുവാനുള്ള മോഹത്താൽ ഇതാ ഇപ്പോഴും എന്റെ ഹൃദയം കുതിച്ചു ചാടുന്നു."

തന്റെ മരിച്ചുപോയ മകളെക്കുറിച്ചു രാജാവു പറഞ്ഞതുകേട്ടു് ആ വൃദ്ധകർഷകൻ ഇന്ദിരയെക്കണ്ടെത്തിയ കാലവും രാജനന്ദിനി മരിച്ചുപോയതായിപ്പറയപ്പെടുന്ന കാലവും തമ്മിൽ, മനസ്സുകൊണ്ടൊന്നു താരതമ്യപ്പെടുത്തിനോക്കി. എല്ലാംകൊണ്ടും ആ രാജനന്ദിനി ഇന്ദിരതന്നെയായിരിക്കണമെന്നയാൾ അവസാനം അനുമാനിച്ചു.

അവരെക്കൂടാതെ ചന്ദ്രികയും അവിടെ നിൽക്കുന്നുണ്ടായിരുന്നു. തനിക്കു പാറപ്പുറത്തുനിന്നൊരു പെൺകുഞ്ഞിനെ കിട്ടിയതും അതിനെ അവിടിട്ടുംവെച്ചു പോയമനുഷ്യനെ ഒരു കരടി കടിച്ചുകീറുന്ന കാഴ്ച താൻ മരക്കൊമ്പിലിരുന്നു കണ്ടതുമെല്ലാം, ആ വൃദ്ധൻ [illegible] വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. അന[illegible]യവും അതിനകത്തിൽ പൊതിഞ്ഞുവച്ചിരുന്ന [illegible]ളും അയാൾ വിശേഷശരന്ന കാണിച്ചുകൊടുത്തു. മന്ദാകിനി തന്റെകൈവശം അന്നു് കുഞ്ഞിനെ തന്നപ്പോൾ അ

Digitized By Kerala Sahitya Akademi

തിനെ ധരിപ്പിച്ചിരുന്ന കുപ്പായമാണതെന്നു ചന്ദ്രികയ്ക്കോ ൎമ്മവന്നു അവൾ അതു വാങ്ങിനോക്കി അതെ; അതുത ന്നെ. പോരെങ്കിൽ അതാ പട്ടനൂൽകൊണ്ടു തുന്നിപ്പിടി പ്പിച്ചിട്ടുള്ള പേരും! ഇന്ദിര വിശേഷരൻെറ പുത്രിതന്നെ. യാതൊരു സംശയവുമില്ല ചന്ദ്രികയുടെ ഹൃദയം, ഭർത്തൃ വിയോഗവൃത്താന്തശ്രവണത്താൽ പതിന്മടങ്ങു വൎദ്ധിച്ചക ഠിനവ്യഥയാലും, പുത്രശോകാൎത്തനായിരിക്കുന്ന രാജാവി ൻെറ ഏകസന്താനം ചിരകാലത്തെ അജ്ഞാതവാ സാനന്തരം യാദൃശ്ചികമായാവിർഭവിച്ചതിലുള്ള ആന ന്ദാധിക്യത്താലും, വിഭിന്നങ്ങളും സംഘടിതങ്ങളുമായ പരശതം അവ്യക്തവികാരങ്ങളുടെ ക്രൂരമറിച്ചിലിലക പ്പെട്ടു് ക്ഷണനേരംകൊണ്ടു തളൎന്നുപോയി. പുഞ്ചിരി യുടേയും കണ്ണുനീരിൻേറയും, ആനന്ദത്തിൻേറയും, ആധിയു ടേയും ഒരുവക കലൎപ്പുള്ള അസ്വസ്ഥമനോഭാവം ആകസ്മി കമായി അവളിൽ അങ്കുരിച്ചു്, അതിൻെറ അനസ്യൂതപ്ര തിഫലനങ്ങൾ അവളുടെ കപോലനേത്രങ്ങളിൽ ഏതോ ചില നിഴൽപ്പാടുകൾ വീശിക്കൊണ്ടു ചലനചിത്രങ്ങളെ ന്നോണം കടന്നുമറഞ്ഞു.

ഇന്ദിര തൻെറ മകളാണെന്നു വെളിവായപ്പോൾ, അവളെക്കാണുവാൻ മന്ദാകിനി ജീവിച്ചിരിപ്പില്ലല്ലൊ എന്നുള്ള ചിന്ത, ഒരു നൂതനവേദനയ്ക്കു് അദ്ദേഹത്തിൻെറ ഹൃദയത്തെ അധീനമാക്കി; ഏറെനേരത്തേയ്ക്കു് ഒരക്ഷരമെ ങ്കിലും ഉച്ചരിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല.

ഒടുവിൽ ദുസ്സഹമായ ഹൃദയവേദനയുടെ പ്രത്യക്ഷല ക്ഷ്യമെന്നോണം, ഈ വാക്കുകൾ മാത്രം, ഒരു പതറിയസ്വ രത്തിൽ അദ്ദേഹത്തിൻെറ കണ്ഠനാളത്തിൽനിന്നും ബഹി ൎഗ്ഗമിച്ചു: "ഹാ! മകളേ, നിൻെറ അമ്മ! നിൻെറ അമ്മ!!......"

Digitized By Kerala Sahitya Akademi

എന്നാൽ, ആനന്ദമയമായ—അഥവാ, ആതങ്കമയമായ—ആ രംഗത്തിനു് ഒരംകുശമിട്ടുകൊണ്ടു്, തന്റെ ഗൃഹത്തിൽ, വിശ്രുതശില്പിയായ വിലോലഹാസനാൽ നിർമ്മിക്കപ്പെട്ട മന്ദാകിനിയുടെ ഒരു വെണ്ണക്കൽപ്രതിമയുണ്ടെന്നും, അതു കാണുന്നപക്ഷം മന്ദാകിനിതന്നെയാണെന്നു തോന്നിപ്പോകുമെന്നും, ഇഷ്ടമുണ്ടെങ്കിൽ അദ്ദേഹത്തിനതു പോയിക്കാണാവുന്നതാണെന്നും, ചന്ദ്രിക ഇടയ്ക്കു കയറിത്തടഞ്ഞു് രാജാവിനെ അറിയിച്ചു. ഉടൻതന്നെ എല്ലാപേരും അങ്ങോട്ടു പുറപ്പെട്ടു. തന്റെ പ്രാണേശ്വരിയോടു സാമ്യം വഹിക്കുന്ന ആ കലാസൃഷ്ടിയൊന്നു കാണുവാനുള്ള ഉൽക്കണ്ഠയാൽ വിശേശ്വരന്റെ ഹൃദയം തീവ്രമായിത്തുടിച്ചു. അതുപോലെ തന്നെ, ജീവനോടെ കാണുവാൻ തനിക്കു ഭാഗ്യമുണ്ടായിട്ടില്ലെങ്കിലും ആ രൂപത്തിന്റെ ഒരു തത്ഭാവമെങ്കിലും നേരിട്ടുകാണാമല്ലോ, എന്നോർത്തു് ഇന്ദിരയുടെ മൃദുലഹൃദയം ആനന്ദത്തിന്റെ ചപലതരംഗങ്ങളിൽ മുങ്ങിമറിഞ്ഞു.

ചന്ദ്രിക അവരെ വിശാലമായ ഒരു മുറിയിലേക്കു വിളിച്ചുകൊണ്ടുപോയി. അതിന്റെ ഒററത്തായി ഒരു തിരസ്കരണി കാണപ്പെട്ടു. അവൾ ഒരു വിരൽകൊണ്ടു മെല്ലെ അതു തട്ടിനീക്കി. ഹാ! അതാ! അതാ ഒരു മോഹനാകാരം! വിശേശ്വരന്റെ സങ്കൽപസ്വർഗ്ഗം!—അദ്ദേഹം അൽപനേരം അങ്ങു് നിന്നിമേഷാക്ഷനായി നോക്കിക്കൊണ്ടുനിന്നു. തന്റെ പ്രിയതമയുടെ—മന്ദാകിനിയുടെ—തൽസ്വരൂപം! ഹൃദയത്തുടിപ്പടക്കുവാനദ്ദേഹം വളരെ കുഴങ്ങി. ഏറെനേരത്തേയ്ക്കൊരക്ഷരംപോലും അദ്ദേഹത്തിന്റെ നാവിൽനിന്നും പുറപ്പെട്ടില്ല.

“രാജാവേ! അങ്ങയുടെ ഈ മൗനം ഞാൻ ഇഷ്ടപ്പെടുന്നു” ചന്ദ്രിക പറഞ്ഞു: “അതു് അങ്ങയുടെ അദ്ഭുത

Digitized By Kerala Sahitya Akademi

ത്തിൻെറ പാരമ്യം കാണിക്കുന്നു. അങ്ങയുടെ പട്ടമഹിഷിയുടെ തൽസ്വരൂപംതന്നെയല്ലേ, ഈ പ്രതിമ?"

ഒരുന്മാദിയെപ്പോലെ രാജാവുൽഘോഷിച്ചു. "ഞാൻ ആദ്യമായി അവളുടെ കരം ഗ്രഹിച്ച ആ മംഗളമുഹൂർത്തം! – അതെ; ആ അവസരത്തിൽ അവൾ ഇങ്ങിനെതന്നെ നിന്നിരുന്നതു്! അന്തസ്സോടുകൂടിയ ഒരാകർഷണീയതയിൽ അവൾ നിന്ന ആ നിൽപ്! — അതിതാ ഞാൻ വീണ്ടും കാണുന്നു...എന്നാലും, കേട്ടോ ചന്ദ്രികെ, ഇന്നിപ്പോളീ പ്രതിമ കാണുമ്പോലെയുള്ള ഒരു പ്രായാധിക്യം മാത്രം അന്നവൾക്കുണ്ടായിരുന്നില്ല "

ചന്ദ്രിക മറുപടിപറഞ്ഞു: "അവിടെയാണു ശിൽപിയുടെ സാമർത്ഥ്യം. ഇന്നിപ്പോൾ മന്ദാകിനി എങ്ങിനെയിരിക്കുമോ, ആ രൂപത്തിലാണു് അയാൾ അതു കൊത്തിയിട്ടുള്ളതു്. എന്നാലിനി ഞാൻ പഴയപോലെ ഈ തിരസ്കരണി നീക്കിയിട്ടുകൊള്ളട്ടെ! അല്ലെങ്കിൽ ഒരുപക്ഷേ, അതനങ്ങുന്നുണ്ടെന്നുപോലും അങ്ങേയ്ക്കു തോന്നിപ്പോകും!

രാജാവു പറഞ്ഞു: "അയ്യോ! ചന്ദ്രികേ, ധൃതികൂട്ടല്ലേ! ഞാനതാവോളം നോക്കി തൃപ്തിയടഞ്ഞുകൊള്ളട്ടെ! ഹാ! എനിക്കിനി മരിക്കാൻ കഴിഞ്ഞെങ്കിൽ! ഇതാ, നോക്കൂ പ്രമദേ! — അതു് ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടെന്നുതന്നെ തോന്നിപ്പോകുന്നു; ഇല്ലേ? അവളുടെ കണ്ണുകൾ ചലിക്കുന്നുണ്ടെന്നും തോന്നുന്നു; എന്താ?"

"രാജാവേ, മതി! ഞാനിനി തിരസ്കരണിയിടട്ടെ!" ചന്ദ്രിക പറഞ്ഞു: "അങ്ങേയ്ക്കു ആകപ്പാടെ ഒരു ബുദ്ധിഭ്രമം നേരിട്ടിട്ടുണ്ടു് കുറച്ചുകൂടികഴിഞ്ഞാൽ, ഒരുപക്ഷെ, അങ്ങേയ്ക്കു തോന്നിയേക്കാൻമതി, ഈ പ്രതിമയ്ക്കു ജീവൻ തന്നെയുണ്ടെന്നു്."

Digitized By Kerala Sahitya Akademi

"എന്റെ പ്രിയപ്പെട്ട ചന്ദ്രികേ!" വിശ്വേശ്വരൻ പറഞ്ഞു: "വാസ്തവമാണു്, നീ പറഞ്ഞതു്. ശരിതന്നെ, സമ്മതിക്കാം. ഒരുവക ബുദ്ധിഭ്രമം എന്നെ ബാധിച്ചിട്ടുണ്ടു്" ഒരു നെടുവീർപ്പോടുകൂടി അദ്ദേഹം തുടർന്നു: "അതാ അതു ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടെന്നു തോന്നുന്നു. ഹാ! ഈ പ്രതിമനിർമ്മിച്ചതേതൊരു ശില്പി! ശ്വാസഗതിപോലും സുസൂക്ഷ്മം സംഭവിക്കുമാറത്രപരിപൂർണ്ണമായ അംഗഘടനകൾ! ഹാ! ഹാ! ഹാ! — ആരും എന്നെ പരിഹസിക്കല്ലേ! — എന്തായാലും, ഞാൻ അവൾക്കൊരു ചുംബനം കൊടുക്കും"

"അയ്യോ! ദയവുചെയ്തു് എന്റെ പൊന്നുതമ്പുരാനേ, അതു ചെയ്യരുതേ!" ചന്ദ്രിക അപേക്ഷിച്ചു "ആ അധരങ്ങളിൽ കാണുന്ന ശോണിമ നനവുള്ളതാണു്. അങ്ങയുടെ ചുണ്ടിൽ ആ എണ്ണച്ചായമെന്തിനു പുരട്ടുന്നു? — രാജാവേ, ഞാൻ യവനികയിട്ടുകളയട്ടോ?"

"വേണ്ട — ഒരിക്കലും പാടില്ല!"

ഇത്രയുംനേരം ഇന്ദിര ആ പ്രതിമയുടെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു കിടക്കുകയായിരുന്നു. നിസ്തുലശ്രീനികേതമായ ആ നിരവദ്യശില്പത്തെ നോക്കി അത്ഭുതാവേശഭക്തിപ്രകർഷങ്ങളോടെ അവൾ ഇങ്ങിനെ പറഞ്ഞു. "എന്റെ പ്രിയപ്പെട്ട അമ്മയെ ഇങ്ങിനെ നോക്കിക്കൊണ്ടു്, എന്നെന്നും എനിക്കിവിടെ നില്ക്കാൻ കഴിഞ്ഞെങ്കിൽ!."

"രണ്ടുപേരും അല്പകാലം പിൻവാങ്ങാതെ നിവൃത്തിയില്ല" ചന്ദ്രിക വിശ്വേശ്വരനോടായി പറഞ്ഞു — "ഞാൻ യവനികയിടുവാൻ പോകുന്നു. അല്ലെങ്കിൽ അങ്ങു് ഇതിൽ കൂടുതൽ അത്ഭുതത്തിനധീനനാകേണ്ടതായി വന്നേക്കും. അതു് ഇപ്പോൾ നില്ക്കുന്ന ആ തട്ടിന്മേൽനിന്നു താഴെയിറങ്ങി നടന്നുവന്നു നിങ്ങളുടെ കൈകടന്നുപിടിച്ചെന്നുവരാം.

Digitized By Kerala Sahitya Akademi

അപ്പോഴേക്കും വിട്ടുന്ന വിചാരിക്കും ഏതോ ചില മന്ത്രശക്തികളാലാണ് ഞാനതു സാധിക്കുന്നതെന്ന്. പക്ഷേ അങ്ങനെയൊന്നുമല്ലെന്നു ഞാൻ ആദ്യമേ തീർത്തു പറഞ്ഞേക്കാം."

"നിന്നെക്കൊണ്ടെന്തെല്ലാം സാധിക്കുമോ അതെല്ലാം ചെയ്തുകൊള്ളുക. അതെല്ലാം എനിക്കത്യന്തം സന്തോഷപ്രദങ്ങളാണ്. അവളെക്കൊണ്ടു നിനക്കെന്തെല്ലാം സംസാരിപ്പിക്കാൻ സാധിക്കുമോ അതെല്ലാം കേൾക്കാൻ എന്റെ ആത്മാവ് അത്യൽക്കണ്ഠയോടെ കാത്തിരിക്കുന്നു. നിനക്കവളെ നടത്താൻ സാധിക്കുമെങ്കിൽ പിന്നെ സംസാരിപ്പിക്കുവാനും കഴിയുമായിരിക്കുമല്ലോ!"

ഇതുകേട്ടു ചന്ദ്രിക അവിടെയിരുന്ന 'ഹാർമ്മോണിയം' എടുത്തു ശ്രുതിയിട്ടു മധുരസ്വരത്തിൽ ഒരു മംഗളഗാനം പാടുവാൻ ആരംഭിച്ചു. അല്പനിമിഷങ്ങൾക്കുള്ളിൽ ആ പ്രതിമ അവിടെനിന്നും താഴെയിറങ്ങി നേരേ മുന്നോട്ടു നടന്നുചെന്നു കൈ ഉയർത്തി വിശേശ്വരന്റെ ഗളത്തെ വലയംചെയ്തു. അനന്തരം അനുഗ്രഹങ്ങൾക്കായി തന്റെ പ്രിയതമനോടും പുത്രിയോടും ആ പ്രതിമ അഭ്യർത്ഥിച്ചു.

അത്ഭുതമല്ല, വിശേശ്വരന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച്, അദ്ദേഹത്തേയും ആ ഓമനമകളേയും പ്രതിമ അനുഗ്രഹിച്ചതു്; അതെ; അതിൽ അശേഷം അത്ഭുതപ്പെടേണ്ടില്ല. എന്തെന്നല്ലേ? പറയാം. വിശേശ്വരന്റെ ധർമ്മപത്നി, രത്നപുരിയിലെ രാജ്ഞി, ഇന്ദിരയുടെ പ്രിയജനനി, മന്ദാകിനി—തന്നെയായിരുന്നു അവൾ.

രാജ്ഞിയുടെ ജീവനെ രക്ഷിക്കുവാൻ ഒരൊററ ഉപായംമാത്രമേയുള്ളുവെന്നു കരുതി, ചന്ദ്രികയാണ്, "രാജ്ഞി മരിച്ചുപോയി" എന്ന വ്യാജപ്രസ്താവം വിസ്താരശാലയിൽ

Digitized By Kerala Sahitya Akademi

വന്ന വിളംബരംചെയ്തത്. അന്നുമുതൽ ഇന്നേവരെ ചന്ദ്രികയോടൊരുമിച്ചുതന്നെയാണവൾ താമസിച്ചിരുന്നതും. ഇന്ദിര ജീവിച്ചിരിപ്പുണ്ടെന്നും, അവൾ കൊട്ടാരത്തിൽവന്നിട്ടുണ്ടെന്നും, അറിഞ്ഞതിനുശേഷമേ തന്നെ വിശേശ്വരനു കാണിച്ചുകൊടുക്കുവാൻ മന്ദാകിനി അനുമതിനൽകിയുള്ളൂ. എന്തുകൊണ്ടെന്നാൽ, രാജാവു തന്നോടുചെയ്ത സർവ്വാപരാധങ്ങളും ക്ഷമിച്ചുവെങ്കിലും, അദ്ദേഹം ആ ഓമനപ്പുത്രിയെ നിഹനിച്ചുവെങ്കിൽ ആ അപരാധം ഒരിക്കലും ക്ഷന്തവ്യമാണെന്നവൾക്കു തോന്നിയില്ല.

അങ്ങനെ മരിച്ചുപോയ രാജ്ഞി പുനർജീവിച്ചു; നഷ്ടപ്പെട്ട പുത്രിയെ വീണ്ടുകിട്ടി!—ഹാ! ഇതിന്മീതെ വിശേശ്വരനിനിയെന്തുവേണം? അദ്ദേഹത്തിൻെറ ആനന്ദത്തിനു അതിരില്ലാതായി.

എല്ലായിടത്തും അനുമോദനാഘോഷങ്ങളും ആനന്ദാരവങ്ങളും മാത്രമേ കേൾക്കാനുള്ളൂ. ആഹ്ളാദവിസ്മയങ്ങളാൽ സ്തബ്ധഹൃദയരായിത്തീർന്ന ആ രാജദമ്പതിമാർ തങ്ങളുടെ ഏകസന്താനത്തിൽ അനുരക്തനായിത്തീർന്ന മദനകുമാരനെ വാത്സല്യപൂർവ്വം ആലിംഗനംചെയ്തു. അവളെ സ്വന്തംപുത്രിയെപ്പോലെ ഓമനിച്ചുവളർത്തിയ വൃദ്ധകർഷകനു് അവർ അനേകം സമ്മാനങ്ങൾ കൊടുത്തു സന്തോഷിപ്പിച്ചു. തങ്ങളുടെ വിശ്വസ്തസേവനം വിജയചുംബിയായിത്തീർന്നതിൽ ചന്ദ്രികയും പ്രമഥനും ചാരിതാർത്ഥ്യാഹ്ളാദങ്ങളാൽ മതിമറന്നു.

ഈ മഹോത്സവങ്ങൾക്കെല്ലാം പുറമെ, പെട്ടെന്നു ശാന്തസേനമഹാരാജാവും അവിടെ പ്രവേശിച്ചു. വിശേശ്വരൻെറ ഹൃദയം പരിപൂർണ്ണനിർവൃതിയിൽ നിർല്ലീനമായി.

അവരുടെ ആത്മഹർഷോത്സവത്തിൽ ശാന്തസേനനും ഹൃദയപൂർവ്വം പങ്കുകൊണ്ടു. വിശേശ്വരൻെറ സകല



Digitized By Kerala Sahitya Akademi

അപരാധങ്ങളും അദ്ദേഹം ക്ഷമിച്ചു. അവരിരുവരും കുട്ടിക്കാലത്തിലെപ്പോലെ അന്യോന്യം ഹൃദയം കൈമാറിക്കൊണ്ടു സന്തോഷസമാധാനങ്ങളോടെ സമുല്ലസിച്ചു. ഇപ്പോൾ തന്റെ പുത്രൻ ഇന്ദിരയെ വിവാഹം ചെയ്യുന്നതിൽ ശാന്തസേനന്ന് യാതൊരപ്രീതിയും തോന്നിയില്ല. അവൾ കാലിമേച്ചു കഴിയുന്ന ഒരു കൃഷിക്കാരിപ്പെണ്ണായിട്ടല്ല, ജയപുരിയുടെ ഏകാവകാശിനിയായ രാജകുമാരിയായിട്ടാണ്, അദ്ദേഹത്തിന്റെ മുൻപിൽ നില്ക്കുന്നത്.

ഏറെനാളായി മന്ദാകിനിയനുഭവിച്ച നിസ്സബ്ദസങ്കടത്തിന്റെ ഫലം നാം കണ്ടുകഴിഞ്ഞു. തന്റെ പ്രിയതമനോടും, പുത്രിയോടും, ജാമാതാവിനോടുമൊന്നിച്ചു ആ ഭാഗ്യവതി ചിരകാലം മനസ്സമാധാനത്തോടെ ജീവിച്ചു.

Digitized By Kerala Sahitya Akademi

# ൨. അജിതപ്രതീകാരം

പുഷ്പപുരത്തിലെ രാജാവായിരുന്നു, ചിത്രരഥൻ; അദ്ദേഹത്തിന്റെ അകാലവിയോഗത്താൽ വിധവയായിത്തീൎന്ന ഉമാദേവി, അധികനാറം കഴിയുന്നതിനുമുൻപുതന്നെ തന്റെ ഭൎത്തൃസഹോദരനായ കുടിലേശനെ വരണമാല ചാൎത്തി. ഈ കൃത്യം ന്യായീകരിക്കാവുന്ന ഒന്നായി മററാൎക്കും തോന്നിയില്ല. ചിലരതിൽ ഒരുവക ഹൃദയശൂന്യത,—ഒന്നുകൂടിവ്യക്തമാക്കുന്നപക്ഷം, മൃഗീയത—ദൎശിച്ചു. മററു ചിലർ അതു കേവലം ലജ്ജാവഹമെന്നു വ്യാഖ്യാനിച്ചു. പോരാത്തതിനു കുടിലേശൻ സഹോദരനുമായി ആകൃതിയിലോ പ്രകൃതിയിലോ യാതൊരു സാദൃശ്യവും ഉള്ള ആളായിരുന്നില്ല. അയാളുടെ ബാഹ്യരൂപം നീരസദ്യോതകവും ഹൃദയം നീചതപത്തിന്റേയും അധൎമ്മപ്രവൃത്തികളുടേയും വിളനിലവും ആയിരുന്നു. ചിത്രരഥന്റെ മരണത്തെക്കുറിച്ചു് ചിലരുടെയിടയിൽ പല ആക്ഷേപങ്ങളും അഭിപ്രായങ്ങളും പുറപ്പെട്ടുകയുണ്ടായി. രാജ്യാവകാശിയായി അജിതൻ എന്ന കുമാരൻ ഉണ്ടായിരുന്നുവെങ്കിലും അതത്ര കാൎയ്യമാക്കാതെ തന്റെ സഹോദരനെ വധിച്ചു്, വിധവയായ ഉമാദേവിയെ പരിഗ്രഹിച്ചു്, പുഷ്പപുരസിംഹാസനം സ്വാധീനമാക്കാമെന്നുള്ള ദുരാമോഹത്താൽ കുടിലേശൻതന്നെയാണു് ആ കടുംകൈ പ്രവൎത്തിച്ചതെന്നായിരുന്നു നാട്ടുകാരുടെയിടയിലുള്ള സംസാരം.

ഈ ഘാതകകൎമ്മത്തെക്കുറിച്ചുള്ള ബോധം മററാരേയുംകാൾ അധികമായി പീഡിപ്പിച്ചിരുന്നതു് അജിതകുമാരനെയാണു്. ദാരുണമായ പ്രസ്തുത സംഭവം ആ യുവഹൃദയത്തിൽ അങ്ങനെ ഒരു മായാമുദ്രയായി പതിഞ്ഞു.

Digitized By Kerala Sahitya Akademi

വന്ദ്യനും മഹാരഥനുമായിരുന്ന പിതാവിനെ അജിതൻ ഈശ്വരനെപ്പോലെയാണു് കരുതിയിരുന്നതു്. അദ്ദേഹത്തെ പരിശുദ്ധസ്മരണകളാൽ കുമാരൻ എപ്പോഴും ആരാധിച്ചു പോന്നു. മാതാവിൻെറ ഈ നിന്ദ്യമായ ചാപല്യം അയാൾക്കു് അവളുടെപേരിൽ കഠിനമായ വെറുപ്പിനും വിദ്വേഷത്തിനും കാരണമായി. അച്ഛൻെറ വിയോഗംമൂലമുള്ള തീവ്രദുഃഖം ഒരുവശത്തു്; അമ്മയുടെ ജുഗുപ്സാവഹമായ അനന്തരകൃത്യം വേറൊരുവശത്തു്—എന്തിനു്, ഈ തീരാത്ത വ്യാകുലത എല്ലായ്പോഴും കുമാരഹൃദയത്തെ പീഡിപ്പിക്കുവാൻ തുടങ്ങി. പ്രകൃത്യാ സുമുഖനും ഉത്സാഹശീലനുമായിരുന്ന അജിതൻ പെട്ടെന്നു് ക്ഷീണനും ചിന്താപരവശനുമായി രൂപാന്തരപ്പെട്ടു. പുസ്തകപാരായണത്തിലുള്ള ഔൽസുക്യംപോലും അവനിൽനിന്നും വിട്ടുമാറി; നായാട്ടു്, കുതിരസ്സവാരി തുടങ്ങിയ യാതൊരു വിനോദങ്ങളിലും അവനിഷ്ടമില്ലാതായി. എന്തിനധികം! ലോകത്തിനോടുതന്നെ അവനു് എന്തെന്നില്ലാത്ത ഒരു വിരക്തിതോന്നി. ധീരവും കർമ്മകുശലവുമായിരുന്ന ആ യുവഹൃദയം, വസന്തവിയോഗത്താൽ പുഷ്പസമൃദ്ധി പൊയ്പോയി ഉണക്കിലകളും മുരടൻചില്ലകളും അവശേഷിച്ച ഒരുദ്യാനംപോലെ, ലോകത്തെ ദർശിച്ചു. പിതാവിൻെറ കാലശേഷം കിട്ടേണ്ട ഭരണാധികാരം നഷ്ടപ്പെട്ടുകയെന്നുള്ളതിൽ കവിഞ്ഞു് ഒരു തീക്ഷ്ണവ്രണം രാജ്യാവകാശികൾക്കു് മറെറാന്നുംതന്നെയില്ല. എന്നാൽ സ്ഥാനഭ്രഷ്ടനായതോ, സിംഹാസനം നഷ്ടപ്പെട്ടതോ അല്ല അജിതകുമാരനെ പീഡിപ്പിച്ചുകൊണ്ടിരുന്നതു്. അവൻെറ ചിന്താപരവശമായ മനസ്സിൽ ഒരു തരത്തിലും അടക്കിവയ്ക്കുവാൻ കഴിയാതെപോയ ദുസ്സഹചിന്ത. തൻെറ മാതാവു് പിതാവിനോടുകാണിച്ച കൃതഘ്നതയെക്കുറിച്ചു മാത്രമായിരുന്നു. അദ്ദേഹത്തിൻെറ പാവനസ്മരണയിൽ കളങ്കാലേപനം ചെയ്യുന്ന അവളുടെ ആ ദൂഷിച്ച അനുവർത്തനം ഹൃദയാലുവായ രാജകുമാരനിൽ അസഹ

Digitized By Kerala Sahitya Akademi

നിയമമായ വേദനയുളവാക്കി. അവളുടെ ഒരു വിശ്വസ്ത ഭൎത്താവായിരുന്ന അദ്ദേഹം. രാജാവു് തന്റെ ആത്മാവിനേക്കാൾ കൂടുതലായി ആ ധൂൎത്തയെ സ്നേഹിച്ചിരുന്നു. അക്കാലത്തെല്ലാം അളവററ പ്രേമം അഭിനയിച്ചുപോന്ന റാണി അദ്ദേഹം മരിച്ചു രണ്ടുമാസം കഴിയുന്നതിനുമുൻപു് അതാവീണ്ടും വിവാഹം കഴിച്ചു് ഹൃദയശൂന്യതയെ പ്രത്യക്ഷമാക്കിക്കഴിഞ്ഞിരിക്കുന്നു. അതും ആരെ? തന്റെ ഭൎത്താവിന്റെ അനുജനെ—ഘാതകന്മാരിൽ ഘാതകനും, ദുർവൃത്തനും, നീചനുംആയ ഒരു മനുഷ്യാധമനെ!—ക്ഷത്രതേജസ്വിയും ധൎമ്മവ്രതനുമായിരുന്ന ആ യുവവീരൻ, അജിതൻ!—അതെങ്ങിനെ സഹിക്കും? അവന്റെ മനസ്സു് എങ്ങിനെ എരിഞ്ഞുനീറാതിരിക്കും? പത്തുസാമ്രാജ്യങ്ങൾ ഒരുമിച്ചുനഷ്ടപ്പെട്ടാൽ അവനു് ഇതിന്റെ ഒരംശമെങ്കിലും മനോവ്യഥയുണ്ടാകുന്നതല്ല. ഹാ! ജീവിതപരാജയം!! കൎമ്മനൈരാശ്യം!!!

കുടിലേശന്റെ കുതന്ത്രങ്ങളാകട്ടെ, അതിനു മാതാവിൽനിന്നുമുണ്ടായ ആനുകൂല്യങ്ങളാകട്ടെ കുമാരനെ കൊട്ടാരത്തിൽ നിന്നകററിനിൎത്താൻ പൎയ്യാപ്തമായില്ല. അജിതൻ എന്നും അവിടെ വന്നുകൊണ്ടിരുന്നു. പിതാവിന്റെ മരണശേഷം സങ്കടസൂചകമായ ഒരു കറുത്തകുപ്പായംമാത്രമേ അവൻ ധരിക്കാറുള്ളു. മാതാവിന്റെ രണ്ടാം കല്യാണമുഹൂൎത്തത്തിൽപ്പോലും അവൻ ആ വസ്ത്രം മാററുകയോ അതിൽ പങ്കുകൊള്ളുകയോ ചെയ്തില്ല. അന്നത്തെ ആഘോഷങ്ങൾ സ്വജീവിതസൌഭാഗ്യത്തെ ആവരണം ചെയ്ത മരണയവനികയായി ആ നീതിമാൻ വ്യാഖ്യാനിച്ചു് അപമാനകരമായ ഒരു ദുൎദ്ദിനമായി ആ വിവാഹദിവസത്തെ അവൻ നിമിഷംപ്രതി സ്മരിച്ചു.

അജിതന്റെ ഹൃദയം ഏററവും അസ്വസ്ഥമാക്കിയിരുന്നതു്, എങ്ങിനെയാണു് തന്റെ അച്ഛൻ മരിക്കാനിട

Digitized By Kerala Sahitya Akademi

യായതെന്നുള്ള ചിന്തയായിരുന്നു. മൂർഖൻ കടിച്ചു മരിച്ചു വെന്നാണ് കുടിലേശൻ പ്രസ്താവിച്ചിരുന്നതു്. ഇളയച്ഛനെ അറിയാൻ കഴിഞ്ഞിടത്തോളം ഈ മൂർഖൻ മറ്റൊരു ജന്തുവാണെന്നു് അജിതനു തോന്നിയില്ല. തുറന്നുപറയുകയാണെങ്കിൽ, സിംഹാസനപ്രാപ്തിക്കു് വളർന്നിരുന്ന ദുരാശാകാകോളം തന്റെ പിതാവിന്റെ അമോഘമായ ജീവനെ ഗ്രസിച്ചതായി കുമാരൻ ഇതിനകം തീർച്ചപ്പെടുത്തിയിരുന്നു. അങ്ങിനെനേടിയ സിംഹാസനത്തിൽ ഇന്നു് അധിരോഹണംചെയ്തിരിക്കുന്ന ഇളയച്ഛൻ കാളസർപ്പത്തേക്കാൾ ഭയങ്കരനാണെന്നു അജിതൻ തീർച്ചയാക്കിയതിൽ ആശ്ചര്യപ്പെടുവാൻ എന്താണുള്ളതു്?

ആ ബോധം പരമാർത്ഥമാണെങ്കിൽ മാതാവിനോടു താൻ എങ്ങിനെ പെരുമാറണം? ഈ കൊലപാതകത്തിൽ അവർക്കു് എത്രത്തോളം പങ്കുണ്ടു്? ചപലയായ ആ അബലയുടെ സമ്മതമോ അറിവോ ആ കൃത്യത്തിനു് പ്രേരകങ്ങളായിരുന്നോ? ഈവക ചിന്തകളുടെ തിരാപ്രക്ഷോഭണം ഇടവിടാതെ അവന്റെ ഹൃദയത്തെ അലട്ടിക്കൊണ്ടിരുന്നു.

ഇക്കാലത്തു് രാജസൗധത്തിലെ ദ്വാരപാലകന്മാരുടെയിടയിൽ ശക്തിയായ ഒരു സംസാരമുണ്ടായി. രണ്ടുമൂന്നു നിശാവേളകളിൽ പാതിരാസമയത്തു്, മരിച്ചുപോയ രാജാവിന്റെ തൽസ്വരൂപത്തിലുള്ള ഒരു മായാരൂപം—പ്രേതവിഗ്രഹം—രാജമണ്ഡപത്തിന്മേൽ കാവൽനില്ക്കുന്ന പാറാവുകാർ കാണുകയുണ്ടായത്രേ!

അതു് അടിമുടി പടച്ചട്ടയിട്ടുമൂടിയ ഒരു ആകാരമായിരുന്നുപോലും! അതു കണ്ടവർ സൂക്ഷ്മമായി അതിനേക്കുറിച്ചു് പലവുരു വിവരിച്ചു. അവരുടെ കൂട്ടത്തിൽ അജിതന്റെ വയസ്യനും കളിത്തോഴനുമായ സോമനും ഉണ്ടായി

Digitized By Kerala Sahitya Akademi

രുന്നു. കൃത്യം മണി പന്ത്രണ്ടടിച്ചാൽ ആ രൂപം വരുമത്രേ. കോപത്തേക്കാൾ സങ്കടം നിഴലിച്ചിരുന്നമുഖം, ക്ഷത്രചൈതന്യം നിറഞ്ഞതും ഭയചകിതവുമായിരുന്നുപോൽ. വെള്ളിപോലെ നരച്ച താടി, വികസിച്ച നേത്രങ്ങൾ, വിസ്മൃതിക്കിടവരുത്താത്ത ദയനീയവീക്ഷണം—എന്തിന്, ജീവനോടുകൂടി അദ്ദേഹത്തെ കണ്ടിരുന്നപ്പോൾ എങ്ങിനെയിരുന്നുവോ, ആ രൂപംതന്നെ ആ കൂരിരുട്ടിലും കണ്ടവരുടെയെല്ലാം ദൃഷ്ടിക്കു വിഷയീഭവിച്ചിരുന്നു അവർ ഭയപ്പെട്ടിട്ടെങ്കിലും എന്തൊക്കെയോ വിളിച്ചുചോദിച്ചു. ഒരക്ഷരംപോലും ഉത്തരമുണ്ടായില്ല. പക്ഷേ ഒരവസരത്തിൽ, എന്തോ സംസാരിക്കാൻ ഉദ്ദേശിക്കുന്നതുപോലെ മുഖം ഉയർത്തി എന്നും, എന്നാൽ അപ്പോഴേക്കും കോഴികൂവുന്ന ശബ്ദംകേട്ട് ദ്രുതഗതിയിൽ പാഞ്ഞു നിമിഷത്തിനുള്ളിൽ ദൃഷ്ടിപഥത്തിൽനിന്നും അപ്രത്യക്ഷമായി എന്നും മററും, ഈ കഥ സംഭ്രമജനകമാംവിധം വിവരിച്ച് അവർ കുമാരനെ കേൾപ്പിച്ചു.

അജിതകുമാരൻ ഇതുകേട്ട് ഉൽക്കണ്ഠാകുലനായി. അങ്ങിനെയൊരു രൂപം അവിടെ ആവിർഭവിക്കുന്നുണ്ടെങ്കിൽ അതു തീർച്ചയായും മരിച്ചുപോയ വന്ദ്യപിതാവിൻെറ പ്രേതംതന്നെയായിരിക്കണമെന്ന് അവൻ ഊഹിച്ച്, കഴിയുമെങ്കിൽ ആ രൂപം ഒരുനോക്കു കാണണമെന്നു കരുതി ഏതാനും ഭടന്മാരോടുകൂടി അന്നുരാത്രി കാത്തിരിക്കണമെന്ന് ഉടനെ തീർച്ചപ്പെടുത്തി. വർണ്ണനാവിഷയമായ ആ രൂപം അവിടെ വരുന്നുണ്ടെങ്കിൽ അതു കേവലം ഉദ്ദേശരഹിതമാവാൻ തരമില്ല. ആരോടോ എന്തോ രഹസ്യം ധരിപ്പിക്കുവാൻ ഉണ്ടായിരിക്കും. ഏതായാലും ഇതുവരെ മൗനം ആചരിച്ചതു് തന്നോടു സംസാരിക്കുവാൻ തരമാവാഞ്ഞതുകൊണ്ടായിരിക്കണം—എന്നിങ്ങനെ അജിതകുമാരൻ അനുമാനിച്ചു, ജിജ്ഞാസയേറിയ ആ യുവരാജാവു് നിശീഥാഗമത്തിന് അക്ഷമനായി കാത്തുനില്പായി.

Digitized By Kerala Sahitya Akademi

രാത്രി പകുതിയോടടുത്തു. സോമനും പാററുകാരൻ സഞ്ജയൻ എന്ന ഭൃത്യനും ഒരുമിച്ചു അജിതകുമാരൻ ഉദ്ദിഷ്ടസ്ഥാനത്തെത്തി കാത്തുനിന്നു. അന്നു പതിവിലേറെ തണുപ്പും കാററും ഉള്ള ഒരു സുഖമില്ലാത്ത രാത്രിയായിരുന്നു. അവർ ശബ്ദമുയരാത്തവണ്ണം പല സംഗതികളും അന്യോന്യം സംസാരിക്കുമ്പോൾ പെട്ടെന്നു ഒരു നിശ്ശബ്ദത വ്യാപിച്ചതുപോലെ മൂന്നുപേൎക്കും തോന്നി. സംഭാഷണം നിൎത്തി. വീൎപ്പടക്കി ഇരുളിന്റെ പരപ്പിലേക്കു അമ്പരന്നു കണ്ണോടിച്ചു. പ്രേതമടുക്കുന്നതായി സോമൻ കൈവിരൽ തൊട്ടു് രണ്ടുപേരേയും അറിയിച്ചു.

തന്റെ പിതാവിന്റെ സ്മരണ; പ്രേതലോകചിന്ത;- രണ്ടുവിധത്തിലും അജിതന്റെ അന്തരംഗം തുടിച്ചു. ധീരനെങ്കിലും, ഏതാനും നിമിഷങ്ങൾ അജിതന്റെ ശരീരം ചലനംകൂടാതെ നിന്നു. ആ പിശാചു് നല്ലതോ ചീത്തയോ എന്നു ആൎക്കറിയാം? അച്ഛന്റെ പ്രേതവിഗ്രഹമാണെങ്കിൽ നിഗ്രഹിപ്പാനോ അനുഗ്രഹിപ്പാനോ വരുന്നതെന്നു നിശ്ചയമില്ലാത്തതിനാൽ ആപൽസഹജമായ ഈശ്വരാരാധനയിൽ അജിതൻ ലയിച്ചു. അവൻ എല്ലാ ഭാഗ്ദേവതമാരോടും ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചു നാലഞ്ചുനിമിഷംകൊണ്ടു് ഒന്നിനൊന്നു ധൈൎയ്യം വൎദ്ധിച്ചുവന്നു. ആരാധ്യപുരുഷനായ അഭിവന്ദ്യതാതൻ ഹാ! മഹാരാജാവു് ചിത്രരഥൻ—ആ രൂപം അങ്ങിനെയാണു് അവനു് തോന്നിയതു്—തന്നെ അനുകമ്പയോടെ നോക്കുന്നതു കാണുവാൻ കുമാരനു കഴിഞ്ഞു. ജീവിച്ചിരുന്ന ഭാഗ്യകാലത്തെ സുവൎണ്ണാനുഭവങ്ങൾ ആ പിതൃഭക്തന്റെ മനസ്സിൽ വീണ്ടും നിഴൽ വീശി! അച്ഛൻ എന്തോ തന്നോടു സംസാരിക്കാനുദ്ദേശിക്കുന്നതായി അവനു തോന്നി. ആ കാംക്ഷയുടെ അതിൎത്തിയിൽ അവൻ പലതും അനുഭവിച്ചു. സംസാരിക്കാതെ കണ്ടുകൊണ്ടിരിക്കുവാൻ എത്രതന്നെ

Digitized By Kerala Sahitya Akademi

ശ്രമിച്ചിട്ടും സാധിച്ചില്ല. കുമാരൻ ഉറക്കെ വിളിച്ചു ചോദിച്ചു. "എന്റെ പ്രിയപ്പെട്ട അച്ഛാ! എന്റെ അച്ഛാ! അങ്ങെന്താണു് ശവകുടീരത്തിൽനിന്നും ഇങ്ങനെ ഇറങ്ങി സഞ്ചരിക്കുന്നതു്. അങ്ങു് നിർബാധം പാരത്രിക നിർവാണം അനുഭവിക്കത്തക്കവണ്ണമല്ലേ അവിടുത്തെ ഐഹികം അവസാനിച്ചതു്? അവിടുത്തേക്കു് ആത്മശാന്തി ഇതുവരെയും സിദ്ധിച്ചിട്ടില്ലെന്നു കാണുന്നതു് എന്തുകൊണ്ടാണു്? വിഷവായുനിറഞ്ഞ ഈ ലോകവും വികലമായ പ്രകൃതിയും വികൃതാനുഭവങ്ങളും അസ്ഥിര പ്രപഞ്ചവും വീണ്ടും കാണുവാൻ അവിടെനിന്നും എഴുന്നേററുപോന്നതു് എന്തുകൊണ്ടാണു്? അവിടുത്തേക്കു നിർവൃതിയടയുവാൻ പ്രിയപുത്രൻ ഇനി എന്തുചെയ്യണം? അയ്യോ അച്ഛാ! വാത്സല്യമേറിയ വന്ദ്യപിതാവേ, എന്താണവിടുന്നു് ഒന്നും മിണ്ടാത്തതു്? ഏതെങ്കിലും കാരണത്താൽ കല്ലറയ്ക്കുള്ളിലെ ആത്മാരാധനവും അങ്ങയ്ക്കു് ഉപദ്രവമായിത്തോന്നുന്നുണ്ടോ? ഈ ഓമനമകനോടു പരമാർത്ഥം കല്പിക്കണേ!

ആ രൂപം ഒന്നും മിണ്ടിയില്ല. 'പിന്നാലെവരിക' എന്നു കൈകൊണ്ടാംഗ്യംകാണിച്ചിട്ടു് അതു പതുക്കെ മുമ്പോട്ടു നീങ്ങിത്തുടങ്ങി. പക്ഷേ മനുഷ്യദ്രോഹം ചെയ്തു പോരുന്നതായി പറയപ്പെടുന്ന ദുഷ്ടഭൂതമോ ദുർമൃതിപ്രേതമോ മറേറാ ആയിരിക്കാമെന്നും അതിനാൽ അതിനെ പിൻതുടരുന്നതു് നന്നല്ലെന്നും സോമനും സഞ്ജയനും അഭിപ്രായം അറിയിച്ചു. വല്ല കയത്തിലും കൊണ്ടുചെന്നു മുക്കിത്താഴ്ത്തുകയോ ദുർഗ്ഗമങ്ങളായ വനഗഹ്വരങ്ങളിൽ നയിച്ചു അവന്റെ രക്തം ഊററിക്കുടിക്കുകയോ ചെയ്തേക്കുമെന്നവർ അവനെ ഭയപ്പെടുത്തി. പേടികൊണ്ടു കിടുകിടുക്കുന്ന അവർ തന്റെ സഖാവിനെ സാഹസത്തിൽനിന്നും വിരമിപ്പിക്കുവാൻ ആവുംവിധം ശ്രമിച്ചു; എന്നാൽ അതെല്ലാം വിഫലമായതേയുള്ളു. അജിതൻ അവന്റെ ജീവനെ

Digitized By Kerala Sahitya Akademi

ഒരിക്കലും വലിയകാൎയ്യമായി കരുതിയിരുന്നില്ല. ധനം ന ഷ്ടപ്പെടുന്നതിൽ അവന്നു യാതൊരു സങ്കടവും തോന്നിയില്ല. തന്റെ മാംസശരീരം തണുത്തു മൃതിയടഞ്ഞേക്കാം. എന്നാൽ അനശ്വരമായ ആത്മചൈതന്യത്തെ അതു് എന്തുചെയ്യുവാനാണു്? ഈ യുക്തിവാദത്തിൽ ധൈൎയ്യമവലംബിച്ചു കൂട്ടുകാരെ അവിടെനിറുത്തി അവൻ ആ അജ്ഞാതസ്വരൂപത്തെ നിൎഭയം അനുഗമിച്ചു. ഒട്ടുദൂരെ ആയപ്പോൾ അവൻ മൗനംഭഞ്ജിച്ചു മരിച്ചുപോയ ചിത്രരഥമഹാരാജാവിന്റെ ദുൎമ്മരണലക്ഷ്യമായ പ്രേതമാണു താനെന്നും, ലോകത്തിൽനിന്നും തന്നെ കൊലപാതകംകൊണ്ടു നിവൎത്തിപ്പിക്കയാണുചെയ്തതെന്നും, ഘാതകൻ അജിതൻസംശയിച്ചിരുന്നതുപോലെ തന്റെ സഹോദരനായ കുടിലശൻ തന്നെയാണെന്നും, പരുഷസ്വരത്തിലെങ്കിലും വേദനയോടെ ആ രൂപം പ്രതിവചിച്ചു. തുടരെ താഴ്ന്നസ്വരത്തിൽ, കൊലപാതകം നടത്തിയതെങ്ങനെയെന്നും, കൊട്ടാരത്തിൽ അതിനു സഹായിച്ചവരാരൊക്കെയെന്നു അവനെ വിസ്തരിച്ചുപറഞ്ഞു മനസ്സിലാക്കി. താൻ പതിവുപോലെ ഉച്ചയ്ക്കു് ഉറങ്ങിക്കിടക്കുമ്പോൾ, ശക്തികൂടിയ ഒരു വിഷദ്രാവകം കുടിലൻ തന്റെ ചെവിയിൽ കോരിയൊഴിക്കുകയും, അല്പനേരത്തിനുള്ളിൽ ദേഹംമുഴുവൻ ഇരുണ്ടുതടിച്ചു പുള്ളിപ്പുലിയുടെ പുറംചട്ടപോലെ വട്ടത്തിലോരോപാടുകൾ കരുത്തു് ശ്വാസരോധം സംഭവിക്കയും, അങ്ങനെ കൎണ്ണംപൊട്ടി രോമകൂപങ്ങളിൽകൂടി രക്തംവമിച്ചു ജീവശ്വാസം അവസാനിപ്പിക്കയുമാണു താൻ ചെയ്തതെന്നും മററും സവിസ്തരം പ്രേതം അവനെ ധരിപ്പിച്ചു അജിതകുമാരന്റെകണ്ണിൽനിന്നും ധാരയായി കണ്ണുനീരൊഴുകി; സംസാരശക്തി നശിച്ചു, ചൈതന്യംവിട്ടു. ഒടുവിൽ അവസാനമായി തന്റെ പിതൃപ്രേതം ഇങ്ങിനെ പറഞ്ഞു:

"അജിതാ എന്റെ പൊന്നുമകനേ! നിനക്കുച്ഛന്റെ സ്മരണയുണ്ടെങ്കിൽ നിന്റെ പിതൃഘാതകനോടു്—അധ

Digitized By Kerala Sahitya Akademi

ൻ്മിയായ ആ ദുഷ്ടനോട് നീയതിനു പ്രതീകാരം ചെയ്യണം. നിൻെറ ഇനിയത്തെ ലക്ഷ്യം അതുമാത്രമായിരിക്കണം. കുഞ്ഞേ, നീ അതുചെയ്യും. നീ എൻെറ പുത്രനാണ്. നിനക്കതുസാധിക്കും." ഇതിനെത്തുടന്ന് ഉമാദേവിയുടെ ലജ്ജാകരമായ വൃതിയാനത്തെക്കുറിച്ച് അസഹനീയവേദനയോടെ പലതും പരാതിപ്പെട്ടു. അവസാനമായി കുമാരനോട്ട് ഇങ്ങിനെ പറഞ്ഞു: "ഒരു കാര്യംമാത്രം! അതു നീ അക്ഷരംപ്രതി അനുസരിക്കണം! മകനെ, എന്തൊക്കെയായാലും, നിൻെറ അച്ഛനെ കൊന്ന ആ ഘോരഘാതകനെ നീ എത്ര നിഷ്ഠുരമാംവിധം വധിച്ചാലും, അവളെ, നിൻെറ അമ്മയെ, എൻെറ ഉമയെ, നീ ദ്രോഹിക്കരുത് ഒരുപ്രകാരത്തിലും അവളെ നീ ലേശമെങ്കിലും ഉപദ്രവിച്ചുകൂടാ. അവാം ജീവിക്കട്ടെ. മരണംമാത്രമേ അവളെ മര്‌പ്പിക്കാവൂ. മനഃസാക്ഷിയുടെ മുള്ളുകൊണ്ടു ഹൃദയം രക്തമൊലിപ്പിച്ച്, താനെ, അവാം ചെയ്ത ഓരോന്നിൻേറയും ഫലം അനുഭവിച്ചനുഭവിച്ചുമരിക്കട്ടെ!"

"അച്ഛാ എൻെറ അച്ഛാ! അജിതൻ ഈ കല്പന അക്ഷരംപ്രതി അനുഷ്ഠിക്കും"

പെട്ടെന്ന പ്രേതസ്വരൂപം അപ്രത്യക്ഷമായി. ഏകാന്തത! ചുററും നിശ്ശബ്ദം 'പട്ടാപ്പാതിര' ഒരൊററമനുഷ്യജീവി അട്ടത്തെങ്ങും ഇല്ല. അജിതൻെറ ഹൃദയം ശക്തിയായി തുടിച്ചു. അതിൻെറ ശ്രവണത്തിൽ അവൻെറ ശരീരം കിലുകിലാവിറച്ചു. ഏറെനേരത്തെ ഗാഢാലോചനയ്ക്കുശേഷം അവൻ തന്നത്താൻ ഇങ്ങനെ പറഞ്ഞു:

"അതെ! അതെ! അതുതന്നെയാണു വേണ്ടതു്! എൻെറ സ്മരണയിലുള്ളതു സകലതും, പുസ്തകങ്ങളിൽനിന്നും

Digitized By Kerala Sahitya Akademi

ഞാൻ പഠിച്ചിട്ടുള്ളതു മുഴുവനും മറക്കണം...ഈ നിമിഷം! അതേ ഇപ്പോൾതന്നെ! എല്ലാം മറക്കണം! ഒന്നുമാത്രം—ഒരൊററ ഓർമ്മമാത്രം—എൻെറ ഹൃദയത്തിൽ അവശേഷിച്ചാൽമതി...അതെ, പ്രതീകാരം...മധുരമായ പ്രതീകാരം... എൻെറ അച്ഛൻ എന്നെ ഭരമേല്പിച്ച ആ രക്തംപുരണ്ട പ്രതീകാരം!!—അതിനെക്കുറിച്ചുള്ള ഓർമ്മമാത്രമേ എൻെറ ഹൃദയത്തിൽ അവശേഷിക്കാവൂ. ഞാനിതാ ഒരുങ്ങിക്കഴിഞ്ഞു. എൻെറ കൎത്തവ്യത്തിനു ഞാൻ ഈ മുഹൂൎത്തംമുതൽ ബദ്ധകങ്കണനായിരിക്കുന്നു! കുടിലബുദ്ധിയായ കുടിലേശാ! കരുതിയിരിക്കുക! പിശാചിൻെറ സാത്മ്യം വഹിക്കുന്ന ആ ഭയങ്കരപ്രതീകാരത്തിനു ഞാനിതാ വന്നുകഴിഞ്ഞു. അച്ഛാ! എൻെറ അച്ഛാ! അവിടുത്തേക്കു നമസ്കാരം!"

അജിതൻ തൻെറ സഹകാരികളുടെ സമീപത്തേക്കു തിരിച്ചുചെന്നു. നടന്ന കഥയെല്ലാം അവൻ തൻെറ ആത്മമിത്രമായ സോമനെമാത്രമേ ധരിപ്പിച്ചുള്ളു. അന്നു രാവിൽ ഉണ്ടായ സ്ഥിതിഗതികൾ ഒന്നുംതന്നെ പുറത്തു മിണ്ടിപ്പോകരുതെന്നു് അവൻ സോമനേയും സഞ്ജയനേയും പ്രത്യേകം ശട്ടംകെട്ടി.

"പക്ഷേ ഈ പ്രതീകാരബുദ്ധി ഒരിക്കലും പുറത്തു കാട്ടിക്കൂടാ" അജിതൻ സ്വയം ചിന്തിക്കാൻതുടങ്ങി. "ഞാനൊരിക്കലും ഒന്നിനെപ്പററിയും ഇനി ചിന്തിക്കുന്നതായി തോന്നരുതു്: കുടിലേശൻ വല്ലതും സംശയിച്ചേക്കും! സ്വയംരക്ഷയ്ക്കായി അവൻ പല മുൻകരുതലുകളും ചെയ്യും—പാടില്ല, അതിനു് ഇടകൊടുത്തുകൂടാ. ഉദ്ദേശ്യനിൎവഹണമുഹൂൎത്തംവരെ, ഞാൻ ഒരു ചിത്തഭ്രമക്കാരനായിത്തീരുന്നതാണു് നന്നു്. എന്നാൽ അവൻ ഒരിക്കലും എന്നെ സംശയിക്കയില്ല. അതെ. അതുതന്നെ നല്ലതു്."

Digitized By Kerala Sahitya Akademi

അന്നുമുതൽ അജിതൻെറ ആകൃതിക്കും, പ്രകൃതിക്കും, സംസാരത്തിനും, പെരുമാററത്തിനും, എല്ലാംതന്നെ പൊതുവേ ഒരു മാററം വന്നുകൂടി. ഒരുതരംമൗഢ്യം അതിൽ കലൎന്നു. അവൻ ഒന്നിലും സ്ഥിരതയില്ലാത്തവനെപ്പോലെ—വെറും ഒരു ഭ്രാന്തൻെറമട്ട്—നല്ലവണ്ണം അഭിനയിച്ചു. കാണികളെല്ലാം വാസ്തവത്തിൽ അജിതൻ ഒരു ഭ്രാന്തനായിത്തീൎന്നുവെന്നു വിശ്വസിച്ചു. രാജാവും രാജ്ഞിയും അതിൽ ഒന്നുപോലെ വഞ്ചിക്കപ്പെട്ടു. പ്രേതാഗമനവൃത്താന്തം അവർ അറിഞ്ഞിരുന്നില്ല. അതിനാൽ ആ ഭ്രാന്തസ്വഭാവത്തിൻെറ അടിയിൽ കിടക്കുന്നതു ദിവംഗതനായ പിതാവിനെക്കുറിച്ചുള്ള ദുസ്സഹദുഃഖമാണെന്നു ശങ്കിക്കാൻ രാജ്ഞിക്കു കഴിഞ്ഞില്ല. അതിൻെറ കാരണം മററെന്തോ ആയിരിക്കാമെന്നു അവർ വ്യാഖ്യാനിച്ചു പരമാൎത്ഥം കണ്ടുപിടിച്ചപോലെ അവർ ഭാവിക്കയുംചെയ്തു.

പ്രസ്തുത സംഭവകാലങ്ങൾക്കു മുൻപ്, അഗാധമായ ആപൽഗൎത്തത്തിൽ ആപതിക്കുന്നതിനു മുൻപ്, അജിതൻ അച്ഛൻെറ ആത്മസചിവനായിരുന്ന ശിവപ്രസാദൻെറ പുത്രി രഞ്ജനയെ ആത്മാൎത്ഥമായി സ്നേഹിച്ചിരുന്നു. അവർ പരസ്പരം കത്തുകൾ എഴുതുകയും പ്രേമചിഹ്നമായി അംഗുലീയം കൈമാറുകയും ചെയ്തിരുന്നു. അവൻെറ പ്രണയാൎത്ഥനകളിൽ രഞ്ജന അനുകൂലയും, ഉൽസുകയും ആയിട്ടാണിരുന്നതു്. പിതാവിൻെറ ചരമം തുടങ്ങിയ ദാരുണസംഭവത്തിനുശേഷം അവൻ അവളെ [illegible] അനുകമ്പകൂടാതെ, അഥവാ മൃഗീയമാംവണ്ണം, പെരുമാറുവാനും തുടങ്ങി. എന്നാൽ സൽഗുണസമ്പൂൎണ്ണയായ അവൾ അവനെ അശേഷം വെറുത്തില്ല. അവൻെറ ഹൃദയത്തിലുള്ള ഏതോ വിരുദ്ധശക്തികളുടെ തിരത്തല്ലലിൽനിന്നും സഞ്ജാതമായ ഒരസ്വാസ്ഥ്യത്താൽ മാത്രമാണങ്ങനെ പെരുമാറുന്നതെന്നും, അതൊന്നും പ്രേമവൈരള്യംകൊണ്ടല്ലെന്നും

Digitized By Kerala Sahitya Akademi

അകാരണമായ വെറുപ്പ് തൻെറ പേരിലുണ്ടായിട്ടില്ലെന്നും, അവൾ അനുമാനിച്ചുറച്ചു ഒരു ക്രമമായ ആന്ദോളനത്താൽ മനോജ്ഞസംഗീതം പൊഴിക്കുന്ന മണികൾ, അവ്യവസ്ഥിതമായ ചലനംകൊണ്ടു് എങ്ങനെ അപസ്വരം പൊഴിക്കുന്നുവോ, അതുപോലെ, കുലീനതയ്ക്കും ധമ്മബോധത്തിനും വിളനിലമായിരുന്ന പ്രേയാൻെറ നിമ്മലഹൃദയത്തിന്, ഘോരദുഃഖത്താൽ അഗാധമായ ഒരു ദുരന്തക്ഷതമേററതാണു് അങ്ങിനെയൊരു വ്യതിയാനത്തിൻെറ കാരണമെന്നവൾ തീച്ചയാക്കി

തൻെറ പ്രിയപിതാവിനെ നിഷ്ഠുരമാംവിധം നിഗ്രഹിച്ച പ്രതിയോഗിയോടു് ഉചിതപ്രതികാരം ചെയ്യേണ്ട ഗൗരവാവഹമായ ജീവിതപരിപാടിയിൽ പ്രേമത്തിനു നമ്മസല്ലാപത്തിനും സ്ഥാനമില്ലെന്നുതന്നെ അജിതനു തോന്നി. പക്ഷേ ആ മൃദുലവികാരത്തിൻെറ സുരഭിലചോദനങ്ങളെ ആവിയാക്കിപ്പായിക്കാൻ എരിഞ്ഞാളുന്ന ആ തീക്ഷ്ണവ്രതത്തിനു സാധിച്ചില്ല. ഏകാന്തതയിൽ ആ തീക്ഷ്ണചിന്ത അതിൻെറ സകല രൂക്ഷഫണങ്ങളും നിവത്തിപ്പിടിച്ചു് പുളഞ്ഞെഴുന്നേൽക്കുന്നതിനിടയിൽ രഞ്ജയുടെ മഞ്ജുളവിഗ്രഹം അവൻെറ മനോദൃഷ്ടികൾക്കു മുൻപിൽ അമൃതശീതളമായ മന്ദഹാസംവഷിച്ചുകൊണ്ടുദിച്ചുയരും. അതിലെ ചില സ്പന്ദനങ്ങൾ അതിൻെറ സമ്പക്കത്താൽ മധുരമായ ഒരു മുരളീഗാനത്തിൽ അലിഞ്ഞുചേരുംപോലെ അവനുതോന്നും. പ്രേമകോമളമായ അങ്ങിനെയുള്ള ഒരവസരത്തിൽ അജിതൻ അവൻെറ മനോനായികയ്ക്കു് ഒരു കത്തെഴുതി അയച്ചു. അവളോടു തനിക്കുള്ള അഗാധവും നിഷ്കളങ്കവുമായ പ്രണയം, അതിലെ ഓരോ അക്ഷരബിന്ദുക്കളിലും അലിഞ്ഞുചേന്നിട്ടുണ്ടായിരുന്നു. തനിക്കെന്തെല്ലാം രൂപാന്തരങ്ങൾ സംഭവിച്ചാലും, അതിനെല്ലാമടിയിൽ, ഹൃദയത്തിൻെറ അത്യന്തനിഗൂഢമായ ചില അഗാധതകളിൽ

Digitized By Kerala Sahitya Akademi

അവളെക്കുറിച്ചുള്ള ചിന്ത സദാ നരിയിട്ടുണ്ടായിരിക്കു മെന്നും, തന്നെ അവൾ ഒരിക്കലും തെററിദ്ധരിക്കരുതെ ന്നും, അവൻ ആ കത്തിൽ പ്രത്യേകം സൂചിപ്പിച്ചിരുന്നു. "നക്ഷത്രങ്ങൾ അഗ്നിസ്ഫുലിംഗങ്ങളായോ, ആദിത്യനെ ചലനശൂന്യനായോ, സത്യത്തെ ദോഷമായോ വേണമെങ്കിൽ സംശയിച്ചുകൊള്ളുക. എന്നാലും എൻെറ പ്രേമത്തെക്കു റിച്ചു ഒട്ടുംതന്നെ ശങ്കിക്കേണ്ട"! എന്നിങ്ങനെ പല അല ങ്കാരങ്ങളും കവിതാശകലങ്ങളും ചേർത്തിണക്കിയ ഒരു പ്രേ മലേഖനമായിരുന്നു, അവൻ രഞ്ജനയ്ക്കയച്ചതു്. രഞ്ജന ആ കത്തു തൻെറ വൃദ്ധനായ പിതാവിനെ കാണിച്ചു. അ യാൾ ഉടൻതന്നെ ആ വിവരം രാജാവിനേയും രാജ്ഞിയേ യും അറിയിച്ചു. അവർ അങ്ങിനെ തീരുമാനിക്കയും ചെ യ്തു. അജിതകുമാരൻെറ ഉന്മാദത്തിനു് അടിസ്ഥാനം കേ വലം പ്രണയം മാത്രമാണെന്നു്. സൽഗുണസമ്പൂർണ്ണയായ അവളുടെ സുസ്ഥിരമനോഭാവം, പക്ഷേ, അജിതൻെറഹൃദ യത്തെ അതിൻെറ ലക്ഷ്യകേന്ദ്രത്തിലേയ്ക്കാനയിക്കാതിരി ക്കയില്ലെന്നു് ഉമാദേവി ദൃഢമായി വിശ്വസിച്ചു.

പക്ഷേ അവർ വിശ്വസിച്ചപോലെ അത്ര പെട്ടെ ന്നു ശമിപ്പിക്കാവുന്നതായിരുന്നില്ല, അജിതൻെറ ബുദ്ധിയെ പിടികൂടിയിരുന്ന സാംക്രമികരോഗം. പിതാവിൻെറ പ്രേ തം സദാ അവൻെറ ഭാവനയെ ഉണർത്തിക്കൊണ്ടിരുന്നു. ആ പ്രചണ്ഡപ്രതീകാരം സാധിതപ്രായമാകുന്നതുവരെ ത ൻെറ മനസ്സിനു യാതൊരു സമാധാനവുമുണ്ടാകുന്നതല്ലെ ന്നു് അജിതനു പൂർണ്ണബോധം വന്നു. അതിൻെറ നിർവ്വഹ ണത്തിനു് അമാന്തം വരുത്തുന്ന ഓരോ നിമിഷവും, തൻെറ പേരിൽ ഓരോ പാതകത്തിൻെറ പാദമുദ്ര പതിച്ചിട്ടാണു മറയുന്നതെന്നും, അദ്ദേഹത്തിൻെറ ആത്മനിയോഗത്തെലം ഘിക്കയാണു് ഈ ആലസ്യംകൊണ്ടു താൻ ആചരിക്കുന്ന തെന്നുമുള്ള ഒരു തോന്നൽ, അവനെ എന്തെന്നില്ലാതെ അ

Digitized By Kerala Sahitya Akademi

ലട്ടുവാൻ തുടങ്ങി. എന്നാൽ സർവ്വദാ അംഗരക്ഷകന്മാരാൽ പരീതനായി വർത്തിക്കുന്ന കുടിലേശനെ നിഗ്രഹിക്കുകയെന്നുള്ളതു്, അത്ര ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യ്യവുമല്ല. അഥവാ അംഗരക്ഷകന്മാരില്ലാത്ത അവസരം ഉണ്ടായാൽ അപ്പോഴെല്ലാം, ആ ധൂർത്തനോടൊരുമിച്ചു അമ്മയുമുണ്ടായിരിക്കും. അതു് ഉദ്ദിഷ്ടകാര്യ്യത്തിനു ശക്തിമത്തായ മറെറാരു പ്രതിബന്ധമായി അവൻ കരുതി. എന്തിനു്! അജിതന്റെ മാർഗ്ഗം എല്ലായ്പോഴും നിരാശയുടെ നിഴലിൽതന്നെ കണ്ടുതുടങ്ങി. ഇതൊന്നുമല്ലെങ്കിൽതന്നെ, തന്റെ കഠാരം ആരുടെ ഹൃദയത്തിലാണു് താഴ്ത്തേണ്ടതു്? തന്റെ മാതാവു പ്രത്യക്ഷത്തിൽ പ്രാണനാഥനെന്നു കരുതി ആരാധിക്കുന്ന ഇളയച്ഛന്റെ മാർത്തടത്തിൽ! ക്രൂരമൂർച്ചയേറിയ ഈ ആയുധത്തിന്റെ അഗ്രം,—നിർദ്ദയമായ പ്രതീകാരബുദ്ധിയുടെ മുന—ഇടയ്ക്കിടെ ഈവക ധർമ്മചിന്തകളാൽ ചതഞ്ഞു് മടങ്ങി കണ്ടുതുടങ്ങി. എന്നാലും വീണ്ടുംഅയാൾ അതു് തീവ്രശപഥത്തിന്റെ ചാണക്കല്ലിലുരച്ചുഒന്നിനൊന്നു മൂർച്ചപ്പെടുത്തിക്കൊണ്ടിരുന്നു. തന്നെപ്പോലെ ശിരസ്സും, ഹൃദയവും പ്രാണനുമുള്ള ഒരു സഹജീവിയുടെ ജീവൻ വേരോടെ പിഴുതെടുക്കുക എന്നോർക്കുമ്പോൾതന്നെ, പ്രകൃത്യാ മൃദുലഹൃദയനായ അജിതൻ വിറച്ചുപോകും. ഇങ്ങിനെയുള്ള ആശങ്കകളും ആലോചനകളും, അവനറിയാതെ ഈ ഉദ്യമത്തിൽനിന്നവനെ അല്പാല്പം അകററിനിർത്തി. അതിനിടയിൽ മറെറാരുസംശയം. പ്രതീകാരബുദ്ധി വളർത്തിയ ആ അസാധാരണരൂപം അച്ഛന്റെ പ്രേതംതന്നെയായിരുന്നോ? അതോ തന്റെ ശോകാത്മകമനോഭാവവും ദുർബലതയുംകണ്ടു് തന്നെ ഇപ്രകാരമൊരു ബുദ്ധിശൂന്യതയിൽ കൈകൊടുക്കുവാൻ പ്രേരിപ്പിച്ചു വല്ല ദുഷ്ടന്മാരും തന്റെ പിതാവിന്റെ വേഷത്തിൽ വന്നു കാട്ടിക്കൂട്ടിയ ഒരു ഉപായമാണോ? ആവോ! പരമാർത്ഥം എങ്ങിനെ ആർക്കു് അറിയാം? കേവലം സ്വപ്നമാത്രമായ ഒരു സംഭവത്തെ

Digitized By Kerala Sahitya Akademi

ബലമായി ആശ്രയിച്ചു താൻ ഇങ്ങിനെ ഭയങ്കരസാഹസത്തിനൊന്നും ഒരുമ്പെട്ടുകൂടാ. ഒരുപക്ഷേ ചിന്താതപ്തതമൂലം ചുട്ടുപിടിച്ചുകൊണ്ടിരിക്കുന്ന തലച്ചോറിന്റെ കൃത്രിമവൈകല്യംകൊണ്ടായിരിക്കാം ആ പ്രേതദശ്നം. അതുകൊണ്ടു് കൂടുതൽ വിശ്വാസയോഗ്യമായ വല്ല സംഭവവും ഉണ്ടായാൽമാത്രം ഇനി അതിനദ്ധ്യമിച്ചാൽമതി എല്ലാംകൊണ്ടും അതാണു് നന്നു്—അയാൾ ഇങ്ങിനെ യാതൊരു സ്ഥിരതയുമില്ലാതെ കണക്കററ കാൎയ്യങ്ങൾ ചിന്തിക്കുവാനും ഒടുവിലരെ ആശങ്കകളുടെ ചുഴിയിൽപെട്ടു കറങ്ങിത്തിരിയുവാനും തുടങ്ങി. ഇതിനിടയിൽ ഒരുദിവസം കൊട്ടാരത്തിൽ ഏതാനും നാടകക്കാര വന്നുചേൻ. മുൻപു അജിതനു പാട്ടിലും കളിയിലുമെല്ലാം വലിയ ഔൽസുക്യമുണ്ടായിരുന്നു! വിശേഷിച്ചും അതിൽ ഒരുവൻ, വല്ലഭരാജ്യത്തെ രാജാവായിരുന്ന മായാമയന്റെ മാണത്തേയും രാജ്ഞി പത്മാവതിയുടെ കഠിനദുഃഖത്തേയും സൂചിപ്പിക്കുന്ന കഥ പറഞ്ഞതു് അജിതനു് ഓമ്മവന്നു. ആ പരാധീനചിത്തൻ നാടകപ്രമാണിയെ വിളിച്ചു്, പണ്ടു് തനിക്കത്യന്തം ആത്മനിർവൃതിയരുളിയിരുന്നനാടകത്തിന്റെഇതിവൃത്തംഒന്നുകൂടി ആവത്തിക്കുവാൻ പറഞ്ഞു. അയാൾ അതു ഭംഗിയായി നിവ്വഹിച്ചു. വല്ലഭേശനെ വഞ്ചിച്ചു കൊലപ്പെടുത്തിയതും, പട്ടണംതീവച്ചെരിച്ചു ജനങ്ങളെ ഭയങ്കരമാംവിധം ക്ലേശിപ്പിച്ചതും, ഭത്താവു പിരിഞ്ഞ രാജ്ഞിയുടെ ദയനീയവിലാപവും, എല്ലാം അയാൾ വികാരജനകമാംവണ്ണം വണ്ണിച്ചു. കേട്ടിരുന്നവൎക്ക ആ സംഭവങ്ങൾ കൺമുൻപിൽ നടക്കുന്നതുപോലെ തോന്നി. ആ ദുഃഖസംഭവബാഹുലമായ കഥ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അയാളുടെ തൊണ്ടയിടറുകയും കണ്ണിൽ ജലം നിറയുകയും ചെയ്തു ശ്രോതാക്കളിൽ ഒരാൾപോലും ഈ കഥകേട്ടു കരയാത്തവരായി അവിടെയുണ്ടായിരുന്നില്ല, ഇതു് അജിതനെ ചിന്താവികലനാക്കിത്തീത്തു. ആ രാജാവിനേയോ രാജ്ഞിയേയോ ഒരി



Digitized By Kerala Sahitya Akademi

ക്കൽ കാണുകപോലും ചെയ്യിട്ടില്ലാത്ത ആ കള്ളിക്കാരൻ വർണ്ണ്യദയനീയസംഭവത്തിൽ അത്രമാത്രം ഹൃദയവേദനയും വികാരാവേശവും ഉണ്ടാകുമ്പോൾ, സ്വന്തം പിതാവിൻെറ കാര്യത്തിൽ താൻ ഇത്ര വികാരശൂന്യനായി അലസനായി നിലകൊള്ളുന്നതു് എത്രയും ലജ്ജാവഹമായ ഒരു ഭീരുത്വമാണെന്നും, തൻെറ പ്രതികാരത്തിനു ഇങ്ങനെ വിളംബം നേരിടുവിക്കുന്നതു് ക്ഷന്തവ്യമല്ലാത്ത ഒരു പൌരുഷമില്ലായ്മയാണെന്നും, അവൻെറ ഹൃദയം അവനോടു ഉറപ്പായിപ്പറഞ്ഞു. കേവലം വാങ്മാത്രമായ ആ കഥാപ്രസംഗത്തിൽ ഇത്രമാത്രം വികാരംതോന്നുന്ന സ്ഥിതിക്കു്, സമർത്ഥന്മാരായ നടന്മാർ അതെല്ലാം അത്യന്തവൈദഗ്ദ്ധ്യത്തോടെ ഒന്നഭിനയിക്കുകയാണെങ്കിൽ, എന്തായിരിക്കും സ്ഥിതിയെന്നവൻ ആലോചിച്ചു. കുടിലേശൻെറ സന്നിധിയിൽവച്ചു തൻെറ പിതാവിനെ കൊലപ്പെടുത്തിയതിനോടു സാദൃശ്യമുള്ള വല്ലതുമൊന്നങ്ങിനെ അഭിനയിക്കുന്നപക്ഷം, അതിൻെറ ദർശനത്താൽ അയാളുടെ മുഖത്തുണ്ടാവുന്ന ഭാവഭേദങ്ങൾ സൂക്ഷിച്ചു് സംഗതികളുടെ പരമാർത്ഥം മനസ്സിലാക്കാൻ കഴിയുമെന്ന ഒരു ബോധം പെട്ടെന്നവൻെറ ഹൃദയത്തിലുണ്ടായി. ഏതായാലും ഉടൻതന്നെ അവൻ ആവിധം ഒരു കളി നടത്തുവാൻതന്നെ തീർച്ചയാക്കി അതു കാണുവാൻ രാജാവിനേയും രാജ്ഞിയേയും ക്ഷണിക്കുകയും ചെയ്തു.

നാഗപുരി എന്ന രാജ്യത്തിലെ ഒരു പ്രഭുവിനെ ഒളിവിൽ കൊലപ്പെടുത്തുന്നതായിരുന്നു, അഭിനയിക്കപ്പെട്ടകഥ. രാജാവിൻെറപേർ ധർമ്മപാലൻ എന്നായിരുന്നു; രാജ്ഞിയുടേതു്. 'സാന്ധില്യ' എന്നും ധർമ്മപാലൻെറ കനിഷ്ഠസഹോദരനായ വിചിത്രൻ, അദ്ദേഹത്തെ, മണിയറയിൽ ഉറങ്ങിക്കിടക്കുന്ന സമയത്തു ചെവിയിൽ വിഷം പകന്നു കൊല്ലുന്നതും, ദാമസിയാതെ സാന്ധില്യയെ വിവാ

Digitized By Kerala Sahitya Akademi

ഹം ചെയ്യുന്നതും, വളരെ തന്മയത്വത്തോടെ നടന്മാർ അഭിനയിച്ചു.

ഇതു തന്നെ വലയിൽ ചാടിക്കുവാനാണെന്നുള്ള ശങ്ക പോലുമില്ലാതെ, കുടിലേശൻ തന്റെ പാപകർമ്മങ്ങൾക്കു ഭാഗഭാഗിനിയായ ഭാര്യയും ഒരുമിച്ചു് ആ നാടകം കാണുന്നതിനു സന്നിഹിതനായിരുന്നു. അദ്ദേഹത്തിന്റെ മുഖഭാവം സൂക്ഷ്മമായി പരിശോധിക്കണമെന്നു കരുതി അജിതനും ആ നാടകവേദിയുടെ മുന്നരങ്ങിൽ സ്ഥലം പിടിച്ചു. നിശ്ചിതസമയത്തു നടനം ആരംഭിച്ചു. അതു ധർമ്മപാലനും സാന്ധ്വിക്യയും തമ്മിലുള്ള ഒരു സംഭാഷണമായിരുന്നു. ധർമ്മപാലൻ തനിക്കു പ്രിയതമയോടുള്ള പ്രണയദാർഢ്യം തന്മയത്വത്തോടെ അഭിനയിച്ചു പ്രത്യക്ഷപ്പെടുത്തി. അതിനനുയോജ്യമാംവിധം രാജ്ഞി സ്വന്തംപ്രിയനെ ജീവനിലധികം സ്നേഹിക്കുന്നുവെന്നും, ഭർത്താവിനെ വേർപെടുന്ന നിമിഷംമുതൽ താൻ സർവ്വസംഗപരിത്യാഗിനിയാണെന്നും നടിച്ചു്, സ്നേഹമസൃണമായ മന്ദാക്ഷംകൊണ്ടു് ധർമ്മപാലനെ ആനന്ദതുന്ദിലനാക്കി. വൈധവ്യദുഃഖം നേരിടുന്ന ഒരു സ്ത്രീ, ധർമ്മചാരിണിയാണെങ്കിൽ പുനർവിവാഹത്തിനൊരുങ്ങുകയില്ലെന്നും. അങ്ങനെ ചെയ്യുന്നവൾ തന്റെ ജീവിതേശനെ നിഗ്രഹിക്കുന്നതിനും മടിയില്ലാത്ത ഒരു കുലടയായിരിക്കണമെന്നും, വീണ്ടും വീണ്ടും പറകയുണ്ടായി. പെട്ടെന്നു ഒരു ഭാവഭേദം കുടിലേശന്റെ മുഖത്തിൽ ഉദിച്ചുയരുന്നതും, രാജ്ഞി ഹൃദയം കൈവിട്ടുപോയതുപോലെ അസ്വാസ്ഥ്യം പ്രദർശിപ്പിക്കുന്നതും, അവർ രണ്ടുപേരും താന്താങ്ങളുടെ വികാരവൈകല്യം മററുള്ളവരെ മനസ്സിലാക്കാതിരിക്കാൻ ശ്രമിക്കുന്നതും, അജിതൻ അനുക്രമം വീക്ഷിച്ചു. ഒടുവിൽ വിചിത്രൻ ഒരു വിഷപാത്രവും വഹിച്ചു് ധർമ്മപാലന്റെ ശയനാഗാരത്തിൽ കടന്നപ്പോഴേക്കും കുടിലേശനു് അവിടെ ഇരിക്കുവാൻ സാധിക്കാതായി. അയാളുടെ മനസ്സാക്ഷി അയാളെ തിക്ഷ്ണമായി മർദ്ദിക്കുവാൻ

Digitized By Kerala Sahitya Akademi

തുടങ്ങി. വിചത്രൻെറ വേഷം കെട്ടിയിരുന്ന നടൻ അത്യു ഭയപ്രദമാംവിധം അഭിനയിച്ചു. അവൻ രാജാവിൻെറ ചെവികളുള്ളിൽ വിഷം പകൎന്നു ശ്വാസംമുട്ടിച്ചു കൊല്ലുന്ന തയാൾകണ്ടു. ആ ഘാതകനായ രാജ്യചോരൻെറ—കുടിലേശനായ കുടിലേശൻെറ—ശരീരം ആലിലപോലെ വിറച്ചുതുടങ്ങി. അടുത്തനിമിഷം തനിക്കു മോഹാലസ്യത്തെ വരുത്താൻ ഇടയുണ്ടെന്നു ദീൎഘദൎശനംചെയ്തു ആ പാപമൂൎത്തി, ഉടനെ ആസനത്തിൽനിന്നും എഴുന്നേററു് പരിചാരകന്മാരെ അംഗുലീനിൎദ്ദേശംമൂലം അനുഗമിക്കാൻ കല്പനകൊടുത്തു, മണിയറയിലേക്കു മടങ്ങി. രാജാവുപോയതു വലിയൊരാശ്വാസമെന്നുകരുതി രാജ്ഞിയും പിൻവാങ്ങി ഇത്രയും ആയപ്പോൾ അന്നത്തെ നടനം അവസാനിപ്പിക്കാൻ നാടകക്കാരോടു അജിതകുമാരൻ കല്പിച്ചു. കാണേണ്ടഭാഗം അവർ രണ്ടുപേരും കണ്ണുനിറയെക്കണ്ടു. അതിൽനിന്നും അജിതൻ ആഗ്രഹിച്ചതെല്ലാം ഗ്രഹിച്ചു. ആ ക്ഷത്രിയയുവാവു് കൃതാൎത്ഥതയോടെ ദീൎഘമായി ഒന്നു നിശ്വസിച്ചു. തനിക്കു സിദ്ധിച്ച പ്രേതദൎശനം അൎത്ഥമില്ലാത്തതല്ലെന്നു തീൎച്ചയാക്കി. രാജ്യശ്രീയെ കവൎന്നവൻതന്നെയാണു രാജശ്രീയേയും നിഹനിച്ചതെന്നു സഗൗരവം ഓൎമ്മിച്ചു. തൻെറ വാത്സല്യമേറിയ പിതാവുതന്നെയാണു പാതിരാവേളയിൽ പ്രതികാരത്തെ യാചിച്ചതെന്നും, വീരോചിതമായ വ്രതം ഫലപ്രാപ്തികണ്ടെത്താതെ മുട്ടിച്ചുകൂടെന്നും, അവനു ബോധപ്പെട്ടു. താൻ ആ പ്രേതത്തിൻെറ വാക്കുകൾ ദൃഢമായി വിശ്വസിക്കുന്നുവെന്നു അവൻ സോമനോടു ഒന്നിലധികംപ്രാവശ്യം പറഞ്ഞു. അതിൽപിന്നെ തൻെറ ഉദ്ദേശസാദ്ധ്യത്തിനുള്ള മാൎഗ്ഗങ്ങൾ ആരാഞ്ഞു എത്താനും ഉദയാസ്തമയങ്ങൾ കഴിഞ്ഞു. അടുത്തൊരവസരത്തിൽ, രാജ്ഞി തന്നെ ഒരു രഹസ്യസന്ദൎശനത്തിനാവശ്യപ്പെടുന്നു എന്നു, ഒരു ഭൃത്യൻവന്നു കുമാരനെ അറിയിച്ചു

Digitized By Kerala Sahitya Akademi

കുടിലേശൻെറ ആഗ്രഹമനുസരിച്ചാണു രാജ്ഞി തൻെറ പുത്രനാളയച്ചതു്. അന്നത്തെ നാടകത്തിൻെറ ആവശ്യവും അർത്ഥവും എന്തുതന്നെയായിരുന്നുവെന്നും, ആ പ്രദർശനംകൊണ്ടുസാധിച്ചതെന്തെന്നും, അജിതനോടു സൂത്രത്തിൽ ചോദിച്ചറിയണമെന്നുകൂടി, അവളെ രാജാവു ശട്ടംകെട്ടിയിരുന്നു. എന്നാൽ എത്രയൊക്കെയായാലും ഒരു മാതാവിൻെറ നിലയ്ക്കു്, അജിതൻ പറയുന്നതുമുഴുവൻ അതേപടി രാജ്ഞി പ്രത്യക്ഷപ്പെടുത്തുകയില്ലെന്നു വിശ്വാസശൂന്യനായ കുടിലേശൻ ഊഹിച്ചു. മുൻപൊരിക്കൽ പ്രധാനസചിവനായിരുന്ന ശിവപ്രസാദനെ, അമ്മയുടേയും മകൻെറയും കൂടിക്കാഴ്ചയിൽ നടക്കുന്ന രഹസ്യങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കണമെന്നും അതേപടി അതിനെ അറിയിക്കണമെന്നും, പ്രത്യേകം നിയോഗിച്ചിരുന്നു. നയകോവിദനായ വൃദ്ധസചിവൻ സംഗതികളുടെ സൂക്ഷ്മസ്വഭാവം അറിയുവാനുള്ള ഉൽക്കണ്ഠയോടെ രാജ്ഞിയുടെ അന്തഃപുരത്തിൽ ഒരിടത്തു് ഒരു യവനികയ്ക്കു പിമ്പിലായി ഒളിഞ്ഞുനിന്നു. കൃത്രിമസ്വഭാവത്തിൽ വാസനയേറിയ മന്ത്രിക്കു്, ഈ കാര്യത്തിൽ പ്രത്യേകം ഔൽസുക്യം ഉണ്ടായതിൽ എന്താണു വിസ്മയിക്കാനുള്ളതു്?

സാന്ധില്യ കുമാരനോടു് അവൻെറ അനുവർത്തനത്തെക്കുറിച്ചു വാത്സല്യപൂർവ്വം പലതും സംസാരിച്ചു. ഇതൊന്നും ഇളയച്ഛനു്—കുടിലേശനു്—തീരെ രസിക്കുന്നില്ലെന്നും, രാജാവെന്നനിലയിൽ ശിക്ഷാർഹമായ പല തെററുകളും അജിതൻ ആചരിക്കുന്നതായി പുറത്തുവന്നിട്ടുണ്ടെന്നും, ഭർത്താവിൻെറ കോപംവളർത്താതെ താൻ കഴിയുന്നത്ര സാന്ത്വനപ്പെടുത്തിവരികയാണെന്നും, ശാസനാരൂപത്തിൽ രാജ്ഞി സംസാരിക്കയുണ്ടായി. അജിതൻ, ധീരനായ യുവരാജാവിൻെറ ധാർഷ്ട്യത്തോടെ, ഇതിനെല്ലാം ഉചിതമായ മറുപടികൊടുക്കാതിരുന്നില്ല. പരാക്രമിയും പരമാർത്ഥിയു

Digitized By Kerala Sahitya Akademi

മായിരുന്ന അച്ഛനെ, നിഷ്ഠുരമാംവിധം നിഹനിച്ച ഘാതകനായ ആ മനുഷ്യാധമൻ, തന്റെ പിതൃസ്ഥാനം അപ്പിക്കത്തക്കവണ്ണം അമ്മയാചരിച്ച അപരാധത്തെ, അജിതൻ പലതവണയും ആവൎത്തിച്ചു. അവളുടെ പുത്രവാത്സല്യം എത്രകണ്ടു് അതിൎക്കവിഞ്ഞിരുന്നാലും, തനിക്കു അമ്മയോടുള്ള പകയും ഈൎഷ്യയും ആയുരന്തം നിലനിൽക്കാതെ നിവാഹമില്ലെന്നു്, അവജ്ഞാപൂൎവം ഗ്രഹിപ്പിച്ചു. അവസാനമായി ഉണൎന്നസ്വരത്തിൽ അജിതൻ ഇത്രമാത്രം പറകയുണ്ടായി: "അമ്മേ, സാഹസികന്റെ സഹധൎമ്മിണിസ്ഥാനം സ്വയം കൈവരിച്ചു, അമ്മ, എന്റെ അച്ഛനു് എത്രമാത്രം വെറുപ്പുതോന്നിച്ചിട്ടുണ്ടു്?" അതു വെറും അൎത്ഥമില്ലാത്ത ദോഷാരോപണമാണെന്നു സൈ്വരിണിയെപ്പോലെ രാജ്ഞി പ്രസ്താവിച്ചു. തന്റെ മാതാവിന്റെ ഹൃദയവേദി അത്തരത്തിലുള്ള ഒരു സമാധാനം പറയുന്നതിനു മാത്രമേ പൎയ്യാപ്തമാകയുള്ളു എന്നു കുമാരൻ കാലേക്കൂട്ടി നിശ്ചയിച്ചിരുന്നു.

"അമ്മേ, അമ്മയിൽ ഈ വാക്കുകൾ അസംഗതമല്ല." രാജ്ഞിക്കിതുകേട്ടു സഹിക്കവയ്യാത്ത കോപമുണ്ടായി. അവൾ രൂക്ഷമായിങ്ങനെ ചോദിച്ചു:

"ആരോടാണു നീയിങ്ങനെപറയുന്നതെന്നു നിനക്കറിയാമോ?"

കഷ്ടം! അതെനിക്കറിയാം അമ്മേ അതു" എനിക്കു മറക്കാൻ കഴികയില്ല. ദൈവമേ, എനിക്കതു മറക്കാൻ കഴിയുമായിരുന്നെങ്കിൽ!!"—കുമാരന്റെ രണ്ടു കണ്ണുകളും നിറഞ്ഞു. അജിതൻ തുടൎന്നുപറഞ്ഞു: "അവിടുന്നു രാജ്ഞിയാണു്. ഇന്നു് അവിടുത്തെ ഭൎത്താവു് മഹാരാജാവാണു്; ഞാൻ ഒരു പ്രജമാത്രം! മഹാരാജ്ഞി, അവിടുന്നു് എന്റെ അമ്മയും സ്വസഹോദരന്റെ കൈകൊണ്ടു ജീവ

Digitized By Kerala Sahitya Akademi

പാശമററുപോകാൻ ഇടയായ ചിത്രരഥൻെറ പട്ടമഹിഷി യുമായിരുന്നില്ലെങ്കിൽ, ഹാ, എത്ര നന്നാ-യി-രു-ന്നു!!..."

"എന്നാൽ വേണ്ട" രാജ്ഞി പറഞ്ഞു. രാജാവിനേയോ ശിവപ്രസാദനേയോ അവൻെറ അടുക്കലേക്കയയ്ക്കാം എന്നു കരുതി അജിതനുമായുള്ള സംഭാഷണത്തിൽനിന്നും വിരമിച്ചു. എന്നാൽ അജിതൻ അവളെ വിട്ടില്ല. ഹൃദയംതുറന്നു നിഗ്രഢമായി സംസാരിക്കാനുള്ള സന്ദർഭം ലഭിച്ചതു നിഷ്ഫലമാക്കരുതെന്നു കരുതി അവൻ തൻെറ മാതാവിൻെറ കൈക്കു കടന്നു മുറുകെപ്പിടിച്ചു അവളെ ഒരുകസേരയിൽ ഇരുത്തി മകൻെറ ഈ പെരുമാററം അവളെ ഭയംകൊണ്ടു അമ്പരപ്പിച്ചു. അസ്ഥിരബുദ്ധിയായ അവനിൽനിന്നെന്തെങ്കിലും ഉപദ്രവം നേരിട്ടേക്കുമെന്നുള്ള ഭയത്താൽ അവ്ൾ ഉടൻതന്നെ ഉറക്കെ നിലവിളിച്ചു. ആ മുറിയിലുണ്ടായിരുന്ന ഒരു യവനികയുടെ പുറകിൽനിന്നു പെട്ടെന്നു ഇങ്ങനെ ഒരു ശബ്ദംകേട്ടു. "രക്ഷിക്കണേ, രാജ്ഞിയേ രക്ഷിക്കണേ!" രാജാവായിരിക്കും അവിടെ ഒളിഞ്ഞിരിക്കുന്നതെന്നു കരുതി അജിതൻ അരയിൽനിന്നും ഞൊടിയിടകൊണ്ടു തൻെറ വാൾ വലിച്ചൂരി, സസംഭ്രമം ശബ്ദമുണ്ടായ സ്ഥാനത്തെ ലക്ഷ്യമാക്കി ആഞ്ഞൊരു വെട്ടു കൊടുത്തു. ക്രമേണ കേട്ടിരുന്ന ആ ശബ്ദം നിലച്ചു. രാജാവു മരിച്ചുപോയി എന്നു അയാൾക്കു തോന്നി. അയാൾ ഉടനെ യവനികയുടെ പിന്നിൽനിന്നു തപ്പിത്തടഞ്ഞു് ആ ശരീരം വലിച്ചിഴച്ചു വെളിച്ചത്തേക്കു കൊണ്ടുവന്നു രാജാവായിരുന്നില്ല, അതു്. അവരുടെ സംഭാഷണം ഒളിച്ചു നിന്നു കേൾക്കുവാൻ കാലേക്കൂട്ടിവന്നു സ്ഥാനംപിടിച്ചിരുന്ന ആ വൃദ്ധസചിവൻ ശിവപ്രസാദൻ!

"അയ്യോ!" രാജ്ഞി വീണ്ടും ഉറക്കെക്കരഞ്ഞു. "അജിതാ, എന്തുസാഹസമാണു നീയിക്കാണിച്ചതു്?" "അമ്മേ

Digitized By Kerala Sahitya Akademi

ഇതൊരു ഭയങ്കരസാഹസംതന്നെ." അജിതൻ മറുപടി പറഞ്ഞു. "പക്ഷേ ജ്യേഷ്ഠസഹോദരനെ ഹിംസിച്ച മഹാപാപിയെ വരണമാല ചാൎത്തിയ കൃതഘ്നയായ ഒരു സ്ത്രീയുടെ സാഹസത്തോളം ഭയങ്കരമല്ല ഇതു്!" ആ അനിഷ്ടസംഭവത്തെക്കുറിച്ചു തന്റെ മാതാവിനോടു തുറന്നുപറയുവാനുള്ള ഒരുക്കമായി. അജിതൻ:—"മാതാപിതാക്കന്മാർ ചെയ്യുന്ന തെറവുകൾ അവരുടെ കുട്ടികൾ അത്ര കാൎയ്യമാക്കേണ്ടതില്ല; പക്ഷേ അവരുടെ ചില ഭയങ്കരകൃത്യങ്ങളുടെ കൗടില്യത്തെക്കുറിച്ചു ചിലപ്പോൾ കഠിനമായി അധിക്ഷേപിക്കേണ്ടതായും വരും; അപ്പോൾ അമ്മയാണെന്നുള്ള ഭക്തിയോ ബഹുമാനമോ മറന്നു് പലതും സംസാരിക്കേണ്ടതായും, ഒന്നമ്മേ, ഒരുവേള പ്രവൎത്തിക്കേണ്ടതായിത്തന്നേയും, വന്നുകൂടും' അതു നിയമദൃഷ്ട്യാ സാധുവല്ലെങ്കിലും ഇങ്ങിനെയുള്ള സംഭവങ്ങൾ പ്രപഞ്ചോപരിക്ക അത്യാവശ്യങ്ങളാണു്." അജിതൻ വിരമിച്ചില്ല! അവൻ തുടരെ പലതും പറഞ്ഞു. വാസ്തവത്തിൽ കുമാരനെ ഇതിൽ കുററപ്പെടുത്തുവാൻ അവകാശമില്ല അവൻ തന്റെ മാതാവിന്റെ സ്നേഹശൂന്യതയേയും, തന്റെ പിതാവിനെക്കൊന്ന ഇളയച്ഛന്റെ മൃഗസ്വഭാവത്തെയും, ഭൎത്താവായ ഘാതകനെ അമ്മ കൈക്കൊണ്ടതിൽ കാണിച്ച നീചമനഃസ്ഥിതിയേയും പററി ഒട്ടധികം അധിക്ഷേപിച്ചു. സമുദായം, നീതി, മാനം,വിവാഹബന്ധത്തിന്റെ അൎത്ഥശൂന്യത, സൎവ്വോപരി സ്ത്രീകളുടെ കപടത ഇവയെപ്പററി അവൻ കൎക്കശമായി വിമൎശിക്കാൻ തുടങ്ങി. അവസാനമായി കപടപടുവായ മനുഷ്യജീവിതം കേവലം നിരൎത്ഥങ്ങളായ മായാമൗഢ്യത്തിനു മകുടോദാഹരണമെന്നു നിശ്ചയം വിധിച്ചു. അവൻ രണ്ടു പടങ്ങൾ എടുത്തു തന്റെ മാതാവിനെ കാണിക്കയുണ്ടായി അവയിൽ ഒന്നു തന്റെ വന്ദ്യപിതാവും മറേറതു ഇപ്പോഴത്തേ രാജാവും ആയിരുന്നു. ചിത്രങ്ങളെത്തമ്മിൽ താരതമ്യവിവേചനംചെയ്യാൻ തുടങ്ങി. അവതമ്മിലുള്ള വ്യത്യാസം സ്പ

Digitized By Kerala Sahitya Akademi

ക്ഷിച്ചുനോക്കുവാൻ അജിതൻ തൻെറ മാതാവിനോടു ഗൽഗദസ്വരത്തിൽ പറഞ്ഞു. തേജസ്സും പൌരുഷവും കാരുണ്യവുമാണു് അച്ഛൻെറ വദനത്തിൽ സ്ഫുരിച്ചിരുന്നതു്. പ്രഥമദശനത്തിൽ അദ്ദേഹം ഒരു അലോകസാധാരണനാണെന്നു് കാണുന്നവക്കു് തോന്നിപ്പോകത്തക്കവിധത്തിലുള്ളൊരു ദിവ്യകാന്തി ആ രൂപത്തെ വലയം ചെയ്തിരുന്നു. അദ്ദേഹത്തിൻെറ പ്രശാന്തകോമളമായ വദനമണ്ഡലം, കരുണാപൂർണ്ണനയനങ്ങൾ, മന്ദസ്മിതം തൂകിക്കൊണ്ടിരിക്കുന്ന ഔത്തമാർത്ഥത— ഹാ! അജിതൻ നിന്നനിൽപിൽ ഒന്നുപുളഞ്ഞു അച്ഛനോടുള്ള ആദരം അത്രമാത്രം വിപുലമായിരുന്നു മറേറചിത്രം! അവൻ അമ്മയെനോക്കി ഗജ്ജിച്ചു:— "നോക്കണം! ഈ ഖലകേസരിയാരാണു്...ഇവൻ ഒരു പിശാചല്ലേ? സൂക്ഷിക്കുക!"

രാജ്ഞിയെ ഈ സംഭവം ഒന്നെന്ധാളിപ്പിച്ചു. അവൾ അവളുടെ ആത്മാവിൻെറ അന്ധതയിലേക്കൊന്നുളിഞ്ഞു നോക്കി. വ്യക്തമായി ഒന്നും കണ്ടില്ലെങ്കിലും ആ വീക്ഷണം ഇരുൾനിറഞ്ഞും അത്യന്തം വികൃതവുമായി ആ രാജ്ഞിക്കു തോന്നി. തൻെറ പ്രത്യക്ഷദൈവത്തെ നിഷ്ഠുരണം ഹിംസിച്ച നീചനോടൊന്നിച്ചെങ്ങിനെ ജീവിക്കാൻതോന്നിയെന്നു് അവൾ അറിയാതെ അവളോടുതന്നെ ഒന്നു ചോദിച്ചു. ഇത്രയുമായപ്പോഴേക്കും അജിതൻ അദ്ധരാത്രിക്കു ദശിച്ച പ്രേതം ആ മുറിയിലേക്കു കടന്നുവരുന്നതവൻെറ ദൃഷ്ടിയിൽപെട്ടു. എന്തിനാണപ്പോൾ അവിടെ കടന്നുവന്നതെന്നുള്ള അവൻെറ ചോദ്യത്തിനു് ആ പ്രതികാരത്തെക്കുറിച്ചൊന്നോമ്മപ്പെടുത്തുവാനാണെന്നു് ആഗതനായ പ്രേതം പറഞ്ഞു. ആ ചിന്ത അവൻ അപ്പോൾ അല്പാല്പം വിസ്മരിച്ചുതുടങ്ങിയിരുന്നതായി അവനുതന്നെ തോന്നി. ആ രൂപം അജിതനു മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. തൻെറ പുത്രൻ ആരോടേ

Digitized By Kerala Sahitya Akademi

സംസാരിക്കുന്നതും അതിനുത്തരമായി ഗംഭീരസ്വരത്തിൽ മറെറാരു ശബ്ദം മുഖരിതമാക്കുന്നതും അവൾക്കും അനുഭവപ്പെട്ടു. അവൾ ഒന്നു നടുങ്ങി! പകച്ചുനോക്കി. എന്നാൽ ആരെയും അവൾ കണ്ടില്ല. ഇതു കൂടുതൽ ഭയത്തിനു കാരണമായി; രാജ്ഞിയുടെദേഹംകിടുകിടാവിറച്ചു. എന്നാൽ അവൻ ഭ്രാന്തുപിടിച്ച് എന്തോ പ്രലപിക്കയാണെന്നവൾ സമാധാനപ്പെട്ടു. ഉത്തരം ഉണ്ടായതോ?—അതിനു മാത്രം സമാധാനം അവൾക്കു കിട്ടിയില്ല. അജിതൻ തനിക്കു യാതൊരു ഭ്രാന്തുമില്ലെന്നും അവളുടെ ക്ഷന്തവ്യമല്ലാത്തഅപരാധം ഒന്നുമാത്രമാണു തൻെറ അച്ഛനു ശവക്കല്ലറയിൽ പോലും സമാധാനമുണ്ടാക്കാത്തതെന്നും അത്യന്തവേദനയോടും വെറുപ്പോടും പ്രത്യക്ഷപ്പെടുത്തി അനന്തരം സ്വയംകൃതങ്ങളായ മഹാപരാധങ്ങൾ എല്ലാം ഏററുപറഞ്ഞു അവൾ പശ്ചാത്തപിക്കണമെന്നും ആത്മശാന്തിയടയാതെ അലഞ്ഞുതിരിയുന്ന ഭർത്തൃദേവതയോടു മാപ്പിരക്കേണമെന്നും അദ്ദേഹത്തിൻെറ അകാലചരമത്തിനു കാരണഭൂതനായ ആ ഘോരഘാതകനുമായുള്ള വേഴ്ച—ലജ്ജാകരമായ ബന്ധം—നിയതിയനുവദിക്കാത്ത അസംബന്ധം—ഉപേക്ഷിച്ചാൽ കൊള്ളാമെന്നും അവളോട് അജിതൻ കേണപേക്ഷിച്ചു. അങ്ങിനെ ചെയ്തു തൻെറ ഭർത്താവിൻെറ സ്മരണയെ ഭക്തിപൂർവം ആരാധിക്കുന്നപക്ഷം ഒരു പുത്രൻ എന്നനിലയിൽ താൻ അവളോട് അനുഗ്രഹം അഭ്യർത്ഥിക്കുന്നതാണെന്ന് അജിതൻ അവൻെറ മാതാവിനെ അറിയിച്ചു. അവൻെറ അഭിപ്രായങ്ങളെക്കുറിച്ച് താൻ ആലോചിക്കുന്നതാണെന്ന് അവൾ താൽക്കാലികമായിട്ടെങ്കിലും സമ്മതിച്ചു. അനന്തരം ആ രഹസ്യസന്ദർശനം അവസാനിച്ചു.

ശിവപ്രസാദൻെറ ദാരുണമായ ചരമം അജിതനെ താൽക്കാലികമായിട്ടെങ്കിലും രാജ്യത്തിൽനിന്നും നിഷ്കാസ

Digitized By Kerala Sahitya Akademi

നംചെയ്യുവാൻ കുടിലേശനു ഒരു കാരണമായിത്തീൎന്നു. അയാൾ മനഃപൂൎവ്വം അവനെ കൊന്നുകളയുമായിരുന്നു. എന്നാൽ അയാൾ ജനങ്ങളെ അത്യധികം ഭയപ്പെട്ടു. എന്തൊക്കെയായാലും സ്വപുത്രനെ ഹൃദയപൂൎവ്വം സ്നേഹിക്കുന്ന രാജ്ഞിയോടും അജിതനോടും അതിർകടന്ന ഭക്തിയുള്ളവരായിരുന്നു, പ്രജകൾ. നാട്ടുകാർ ഒന്നായിളകി തൻെറ നേൎക്കു തിരിഞ്ഞേക്കുമെന്നുള്ള ഭയം കുടിലേശനെ ആ ഉദ്ദേശത്തിൽനിന്നും പിൻമാററി. ഏതായാലും അയാൾ മറെറാരുപായമെടുത്തു. ശിവപ്രസാദൻെറ മരണം ഗൗരവമുള്ളതായി തീരാതിരിക്കത്തക്കവിധം അജിതനെ കപ്പൽ കയററി സരമ എന്ന ദ്വീപിൽ കൊണ്ടുപോയി അവിടത്തെ കൊട്ടാരത്തിൽ താമസിപ്പിക്കുവാൻ കല്പനകൊടുത്തു. ഇതവൻെറ രക്ഷയെമാത്രം ഉദ്ദേശിച്ചാണെന്നു കുടിലേശൻ പുറമേ ഭാവിച്ചു. എന്നാൽ ആ ദ്വീപിൽ ഇറങ്ങുന്ന തോടുകൂടി അവൻെറ കഥകഴിക്കണമെന്നുകൂടി കാണിച്ചു ഒരു കത്തു് അവിടെ ചില സ്നേഹിതന്മാൎക്കു കൊടുക്കുവാൻ രണ്ടു കിങ്കരന്മാരെ ഏല്പിച്ചിട്ടു് അവരോടുകൂടി അജിതനെ യാത്രയയയ്ക്കാനൊരുമ്പെടുകയാണു് ആ ദുഷ്ടൻ ചെയ്തതു്.

അന്നു രാത്രി അവൻ രാജാവിൻെറ അനുചരന്മാർ ഉറങ്ങിക്കിടക്കുമ്പോൾ ആ എഴുത്തുകൾ കൈക്കലാക്കി തൻെറ പേരിനു പകരം ആ കിങ്കരന്മാരുടെ പേർ തിരുത്തി എഴുതി അതിരുന്നിടത്തുതന്നെ വച്ചു. രാത്രി കുറേ കടൽക്കള്ളന്മാർ അവരെ ആക്രമിച്ചു. അതിനിടയിൽ സൂത്രത്തിൽ രാജകുമാരൻ കള്ളന്മാരുടെ കപ്പലിൽ കയറി കൂടെയുണ്ടായിരുന്നവർ സധീരം ആ കള്ളന്മാരുമായി പടവെട്ടി ജയിച്ചു നിർബാധം സരമയിൽ എത്തി, കത്തുകൾ കൊടുത്തു സ്വയം മരണം കൈവരിച്ചു. തങ്ങളുടെ കപ്പലിൽ അകപ്പെട്ടയാൾ ആരാണെന്നറിഞ്ഞു് ആ കള്ളന്മാർ വിസ്മയിക്കയും അനുകൂലഭാവം പ്രദൎശിപ്പിക്കയുംചെയ്തു. രാജ

Digitized By Kerala Sahitya Akademi

കുമാരനിൽനിന്ന തങ്ങൾക്കെന്തെങ്കിലും ഗുണമുണ്ടാകമെന്ന കരുതി അവർ അദ്ദേഹത്തെ പുഷ്പപുരിയിൽ കൊണ്ടു ചെന്നു വിട്ടു. പരിജനം മുഖാന്തിരം നടന്ന വൃത്താന്തമെല്ലാം അജിതൻ കുടിലേശനെ അറിയിച്ചശേഷം താൻ നാളെ അദ്ദേഹത്തെ സന്ദർശിക്കുന്നതാണെന്നു പറഞ്ഞയച്ചു.

രാജസൗധം വിട്ടു കുറേദൂരം പോയപ്പോൾ ഹൃദയവേദനയുണ്ടാക്കുന്ന ഒരു രംഗം അവന്റെ ദൃഷ്ടിയിൽ പെട്ടു. ഇത്രനാളും അവൻ ആത്മാവിനെക്കാൾ ഉപരിയായി സ്നേഹിച്ചിരുന്ന രഞ്ജനയുടെ സംസ്കാരകർമ്മനിർവ്വഹണമായിരുന്നു അതു്. പിതാവിന്റെ മരണശേഷം അവളുടെ ബുദ്ധിക്കു വലിയ ഒരു മാററം വന്നുകൂടി. തന്നെ എത്രയും സ്നേഹിച്ചിരുന്ന അജിതരാജകുമാരന്റെ കൈകൊണ്ടാണു പിതാവു മരിച്ചതെന്നുകൂടി കേട്ടപ്പോൾമുതൽ അവൾ വിഭ്രാന്തചിത്തയായി. അതിനുശേഷം ഒരുന്മാദിനിയെപ്പോലെ മരണത്തേയും പ്രേമത്തേയും കുറിച്ചുള്ള ഓരോ ഗാനങ്ങൾ പാടിക്കൊണ്ടും പൂക്കൾ പറിച്ചു മാലകെട്ടി വിൽക്കുന്നതിനായിട്ടും അവൾ തെരുവീഥികളിൽ അലഞ്ഞുനടന്നു. "അച്ഛന്റെ സംസ്കാര"ത്തിനെന്നു പറഞ്ഞു ദിവസവും ഓരോ മുല്ലമാലകെട്ടി അവൾ കൊട്ടാരത്തിൽകൊണ്ടുചെന്നു കൊടുക്കും. ആത്മക്ഷതത്തിന്റെ തീവ്രവേദന അന്തർല്ലീനങ്ങളായ അവ്യക്തഗാനങ്ങളാണു് അവളുടെ കണ്ഠനാളത്തിൽനിന്നു സദാ നിർഗ്ഗളിച്ചുകൊണ്ടിരുന്നതു്. അതു് ശ്രോതാക്കളുടെ ഹൃദയത്തിൽ ശോകാത്മകങ്ങളായ മൃദുലവികാരങ്ങളെ തട്ടിയുണർത്തി. ഒരു ദിവസം സായാഹ്നത്തിൽ രണ്ടുമൂന്നു പൂമാലകൾകെട്ടി തോളിലിട്ടു്, നടന്നുപോകുന്നതിനിടയ്ക്കു മറെറാരു മാല കൊരുത്തുകൊണ്ടു്, അവൾ മാലിനീനദിതീരത്തിൽ എത്തി. അവിടെ ഒരു ചെറിയ കടമ്പു അടിമുടി പൂത്തുനിന്നിരുന്നു. തന്റെ കൈയിലുണ്ടായിരുന്ന മാലകൾ അതിനെ അണിയിക്കാനുള്ള ആവേശ

Digitized By Kerala Sahitya Akademi

ത്തോടെ അതിൽ കയറുന്നതിനായി നദിയിലേക്കു് ചാഞ്ഞു കിടന്നിരുന്ന ഒരിളംകൊമ്പിൽ അവൾ പിടിച്ചു. എന്നാൽ പെട്ടെന്നു് ആ കൊമ്പൊടിഞ്ഞു കൈയിലുണ്ടായിരുന്ന സുരഭിലമാല്യങ്ങളോടൊന്നിച്ചു് അവൾ താഴെയുള്ള കയത്തിലേക്കു വീണു. ദുരന്തമായ ആവൎത്തങ്ങൾ നിറഞ്ഞ ഒരു വലിയ കയമായിരുന്നു അവിടം. അവളതിനുള്ളിൽ പെട്ടു് അല്പനേരം കറങ്ങിത്തിരിഞ്ഞു. കണ്ണുനീർവരുന്ന സന്താപഗാനം അവൾ മധുരമായി ആ കയത്തിനുള്ളിൽ കറങ്ങുമ്പോഴും പാടിക്കൊണ്ടിരുന്നു. എന്നാൽ അധികനേരം ആ നിലയിൽ കഴിഞ്ഞില്ല. അവളുടെ കൈകാൽ കുഴഞ്ഞു നദീഗൎത്തത്തിൽ ആണ്ടുപോകയും രണ്ടുമൂന്നു പ്രാവശ്യം തലപൊന്തിച്ചു വിശ്വസിക്കാൻപാടില്ലാത്ത വിശ്വത്തെ വീക്ഷിക്കയുംചെയ്തു. ഇതോടുകൂടി ശ്വാസനാളങ്ങളിൽ വെള്ളം കടന്നു അവൾ ദയനീയമാംവണ്ണം മൃതിയടഞ്ഞു. പ്രേമഖിന്നയായി ആയുസ്സിനെ അവൾ ഇങ്ങിനെ അവസാനിപ്പിച്ചു.

അജിതൻെറ മാതാവും ശവസംസ്കാരസ്ഥലത്തു് എത്തിയിരിക്കുന്നതായി കണ്ടു. ആ പ്രക്ഷുബ്ധഹൃദയൻ ഏതാനുംനിമിഷം അവിടെനിന്നു്, തൻെറ ആത്മനായികയുടെ ഹേമപുഷ്പസദൃശമായ പൂവൽമെയ്യു് കട്ടുതീയിൽ കത്തിക്കാളുന്നതു കണ്ടു. പ്രതീകാരദീക്ഷിതനെങ്കിലും ആ യുവാവിൻെറ ഹൃദയം തെല്ലിടഞ്ഞു വിചിന്തനാചേഷ്ടം. ഉമാദേവി ചിതയ്ക്കരികിൽ ചെന്നുനിന്നു് മുല്ല, പിച്ചി, റോസ, ചെമ്പകം മുതലായ ഒട്ടുവളരെ സുരഭിലപുഷ്പങ്ങൾ ഒകെനിറയെ വാരി ആ പട്ടടയിലെ ചെന്തിപ്പടപ്പിൽ ചൊരിഞ്ഞു. ആ പുഷ്പഹവനത്തിനിടയിൽ അവളുടെ കണ്ഠത്തിൽനിന്നും സങ്കടദ്യോതകങ്ങളായ ഈ വാക്കുകൾ പൊട്ടിപ്പുറപ്പെട്ടു:—

"മനോഹരവസ്തുക്കളോടു സംബന്ധിക്കേണ്ടതു മനോ-

Digitized By Kerala Sahitya Akademi

ഹാവസ്ഥക്കാംതന്നെ. ഓമനേ, നിൻെറ പട്ടടയേ അല്ല പട്ടുമെത്തയേ ആയിരുന്നു. ഈ വാസനയേറിയ കുസുമങ്ങളെക്കൊണ്ടലങ്കരിക്കണമെന്നു ഞാനാശിച്ചിരുന്നതു് എന്തുചെയ്യാം? അകാലവിയോഗിനി, സുകുമാരിയായ നീ എൻെറ അജിതകുമാരൻെറ ജീവസർവ്വസ്വമായിരുന്നു!"

അവളുടെ സഹോദരനായ വിമലൻ ചിതയ്ക്കരികിൽ നിന്നു തേങ്ങിത്തേങ്ങി കരയുന്നുണ്ടായിരുന്നു. പെട്ടെന്നവരുടെ ദൃഷ്ടികൾ അന്യോന്യം ഇടഞ്ഞു. ഒരു ക്ഷുധിതശാർദ്ദൂലത്തെപ്പോലെ തൽക്ഷണം വിമലൻ തൻെറ പ്രിയസോദരിയുടേയും പിതാവിൻേറയും മരണത്തിനു ഏകകാരണക്കാരനായ അജിതൻെറനേക്കു കുതിച്ചുചാടി. എന്നാൽ അവിടെ കൂടിയിരുന്ന ബന്ധുജനങ്ങൾ ഓടിവന്നു് അദ്ദേഹത്തെ തടുത്തിട്ടും രണ്ടുപേരേയും ആ കലഹത്തിൽനിന്നും പിടിച്ചുമാററി അജിതൻ തനിക്കവളോടുണ്ടായിരുന്ന സ്നേഹാതിരേകത്തെക്കുറിച്ചു അറിയിക്കയും ശിവപ്രസാദൻെറ മരണത്തിൽ താൻ നിർദ്ദോഷിയാണെന്നു വെളിപ്പെടുത്തുകയുംചെയ്തു. അങ്ങിനെ ആ രണ്ടു യുവാക്കന്മാരും അന്യോന്യം സൗഹാർദ്ദബദ്ധരായിത്തീൻ.

എന്നാൽ ശിവപ്രസാദൻേറയും രഞ്ജനയുടേയും ഘാതകനായ അജിതൻെറ പേരിൽ കുടിലേശനു വൈരം വർദ്ധിച്ചുതന്നെവന്നു. എങ്ങിനെയെങ്കിലും അവൻെറ ജീവഹാനി വരുത്തണമെന്നു് ആ രാജരക്ഷസ്സു ചിന്തിച്ചുറച്ചു് അടുത്തൊരുദിവസം അതിന്നായി വിമലനെ സമീപിച്ചു. മുൻപൊരിക്കൽ ചിതാസമീപത്തിൽവച്ചു് അജിതനുമായി രാജിപ്പെട്ടെങ്കിലും വിമലൻെറ ഹൃദയത്തിൽ വേരുറച്ചുപോയിരുന്ന പക നിശ്ശേഷം കെട്ടിരുന്നില്ല. കുടിലേശൻെറ ദുർബോധനകൾ അതു് വീണ്ടും ഉജ്ജ്വലിപ്പിച്ചു. അയാളുടെ ഉദ്ദേശപ്രകാരം വിമലൻ ഒരു കായികശക്തി പരിക്ഷയ്ക്കായി

Digitized By Kerala Sahitya Akademi

അജിതനെ ക്ഷണിച്ചു. സ്നേഹപൂർവ്വമല്ലെങ്കിൽതന്നെയും ക്ഷത്രിയനായ അജിതൻ ആ അപേക്ഷയെ നിരസിച്ചില്ല. രണ്ടുപേരുംകൂടി അതിനായി ഒരു ദിവസം നിശ്ചയിച്ചു ക്ലിപ്തദിവസം ആ രണ്ടുയുവാക്കന്മാരും തയ്യാറോടുകൂടി പരീക്ഷാവേദിയിലെത്തി വാൾകൊണ്ടുള്ള ഒരു യുദ്ധമാണു" ആദ്യമായി നിശ്ചയിച്ചതു് വെറുമൊരു നേരമ്പോക്കായി വിമലൻ ഭാവിച്ചതുമൂലം അജിതൻ ആയുധം തെരഞ്ഞെടുത്തതു് അത്ര കരുതലോടുകൂടിയല്ല. എന്നാൽ വിമലന്റെ കൈവശമുണ്ടായിരുന്ന കൃപാണം കാകോളം പുരട്ടിയ അപായകരമായ നിശിതയുദ്ധമായിരുന്നു. ആരംഭത്തിൽ വിമലൻ ഗൗരവമോ വൈരമോ പ്രദർശിപ്പിച്ചില്ല. ദ്വന്ദ്വയുദ്ധം ഒന്നിനൊന്നു മുറുകിവന്നു. വെട്ടും തടയും ക്രമേണ ശക്തിയുറച്ചും വൈരം വളർന്നും വദ്ധിച്ചു. തരംനോക്കി വിമലൻ അജിതന്റെ ശിരസ്സിനെ ലക്ഷ്യമാക്കി ആഞ്ഞൊരു വെട്ടുകൊടുത്തു. പക്ഷേ അജിതൻ അതു തടുത്തതിനാൽ വെട്ടു അവന്റെ ഗളനാളത്തിനേററില്ല. എന്നാൽ അതിന്റെ അഗ്രം ഇടത്തേസ്കന്ധത്തിന്നല്പം താഴെ ശക്തിയാംവണ്ണം തറയ്ക്കയും രൂക്ഷമായ ഒരു മുറിവേൽക്കയും അതിൽനിന്നു രക്തം വാർന്നുതുടങ്ങുകയും ചെയ്തു. യുദ്ധത്തിന്റെ മുറയനുസരിച്ചു് പകുതിസമയമായപ്പോൾ അവർ പരസ്പരം ആയുധം കൈമാറി അപ്പോഴും അജിതനു ചതിമുഴവൻ മനസ്സിലായിരുന്നില്ല. പക്ഷേ അവന്റെ ഒരു വാൾവീശൽ ലാക്കുതെററി വിമലന്റെ ശിരസ്സിനെ നിലത്തു വീഴ്ത്തി. "അയ്യോ!" എന്നലറിക്കൊണ്ടു് അവൻ ഇടിയേററപോലെ നിലത്തുവീണു കൈകാലുകൾ തല്ലിപ്പിടച്ചുതുടങ്ങി "അജിതൻ എന്നെ വിഷംതന്നു ചതിച്ചുകൊന്നു ഓടിവരുവിൻ!!" എന്നുള്ള ഒരു മുറവിളി അത്യന്തമാത്രയിൽ അവിടെയെങ്ങും മുഴങ്ങി. അജിതകുമാരൻ വിഷവ്യാപ്തിയിൽ പ്രാണവേദനയോടുകൂടി യുദ്ധരംഗത്തിൽ പാഞ്ഞു വട്ടമിട്ടു. അടുത്തുചെന്നു. ഉമാദേവി ദേഹമാസകലം ഒരു നീലിപ്പു ബാ

Digitized By Kerala Sahitya Akademi

ധിച്ചു അൎദ്ധപ്രാണനയായി നിലത്തുകിടന്നരുളുന്ന സമരത്തിൽ ഒരുപക്ഷേ അജിതൻ വിജയംനേടുന്നപക്ഷം അവനെ കാപ്പികുടിക്കാൻ ക്ഷണിക്കണമെന്നും അങ്ങിനെ ആ സൽക്കാരംമൂലം അവനെ അപായപ്പെടുത്താമെന്നും കരുതി കുടിലേശൻ ഒരുപാത്രം കാപ്പിയിൽ വിഷംകലൎത്തി വച്ചിട്ടുണ്ടായിരുന്നു. അതു് ഏററവും രഹസ്യമായിരുന്നതിനാൽ ഏതു പാത്രമാണെന്നു രാജ്ഞിയോടു പറഞ്ഞില്ല. പരമാൎത്ഥമറിയാതെ ഉമാദേവി വിഷംകലൎന്ന ആ കാപ്പിയെടുത്തു കുടിച്ചു. എന്തോ വഞ്ചനകൾ നടക്കുന്നുണ്ടെന്നു സംശയിച്ചു് അജിതൻ കൊട്ടാരത്തിൻെറ വാതിലുകളെല്ലാം അടയ്ക്കുവാൻ ആജ്ഞകൊടുത്തു് ആയുധപാണികളായ കിങ്കരന്മാരെ എല്ലായിടവും നിൎത്തിയശേഷം പരിശോധനയ്ക്കൊരുമ്പെട്ടു. അപ്പോഴേയ്ക്കു മരിക്കാറായിക്കിടക്കുന്ന വിമലൻ ഇങ്ങനെ വിളിച്ചുപറഞ്ഞു.

"അജിതാ! നീ ഇനി ഒന്നും പരിശോധിക്കേണ്ട. വഞ്ചനക്കാരൻ ഞാൻതന്നെ ഏതായാലും നിനക്കിനി അരനാഴികയിലധികം ജീവിച്ചിരിക്കാൻ സാദ്ധ്യമല്ല. ഒരു ഭിഷഗ്വരനും ശമിപ്പിക്കാൻ സാധിക്കാത്തവിധം അത്രമാത്രം ശക്തിയുള്ള വിഷം പുരട്ടിയ വാൾകൊണ്ടാണു് ഞാൻ നിൻെറ ദേഹത്തിൽ ആ മുറിവേൽപിച്ചിട്ടുള്ളതു്. ആ വാൾകൊണ്ടുതന്നെ ഇതാ ഞാനും മൃതിയടയുന്നു. നിൻെറ ആ ഞരമ്പുകളിലെല്ലാം ഇപ്പോഴേക്കും വിഷം സംക്രമിച്ചിട്ടുണ്ടു് നീ ഇനി അധികനേരം ജീവിച്ചിരിക്കയില്ല. സാഹസികൻ ഞാൻതന്നെ. ഏതായാലും എൻെറ പ്രിയപ്പെട്ട അജിതാ, എൻെറ സാഹസം നീ ക്ഷമിക്കണം. അജിതാ നീ എനിക്കു മാപ്പുതരണേ!"—ഇതിനെല്ലാം ഹേതുഭൂതൻ ആ കുടിലേശൻ! പരമദുഷ്ടൻ! ഹാ! അൎത്ഥവത്തായ പേരു്!—അവൻഒരുവനാണു്!" ഇത്രയും പറഞ്ഞു ദയനീയമായ ഒരു ദീനരോദനത്തോടുകൂടി അവൻെറ ദേഹി ശരീരത്തോടു യാത്രപറഞ്ഞു!

Digitized By Kerala Sahitya Akademi

തനിക്കേതായാലും അധികനേരത്തെ ജീവിതമില്ലെന്നറിഞ്ഞു് അജിതൻ കുടിലേശൻെറ നേൎക്കു തിരിഞ്ഞു. വിഷം അവശേഷിച്ചിരുന്ന ആ വാൾ മുൻകരുതൽകൂടാതെയിരുന്ന കുടിലേശൻെറ ഹൃദയത്തിൽ കുത്തിയിറക്കി. ഭയങ്കരമായ ഒരലൎച്ചയോടെ മരംപോലെ അവൻ പിന്നോട്ടു മലച്ചു. അങ്ങിനെ തൻെറ പിതാവിനോടുള്ള ശപഥം—ആ രക്തം പുരണ്ട പ്രതീകാരം—ആ അസിധാരവ്രതം—അതിൻെറ പൂൎണ്ണഫലപ്രാപ്തിയിൽ എത്തി. തൻെറ ശക്തി ക്ഷയിച്ചുതുടങ്ങുന്നതുപോലെ അജിതനു തോന്നി. അവൻെറ തല കറങ്ങിത്തുടങ്ങി അവൻ സാവധാനം അവിടെ ഇരുന്നു. സോമൻ അവനെ താങ്ങി ഒരു മെത്തയിൽ കിടത്തി......അജിതൻെറ മുഖം വിളറി. അവൻ അകാലമൃതിയുടെ അനുഭവമധുരമായ രൂപം കണ്ടു കണ്ണുകൾ അടച്ചു. “ഞാനും അങ്ങയെ അനുഗമിക്കട്ടെയോ?” എന്നു തൻെറ കഠാരം കൈയിൽ എടുത്തുകൊണ്ടു സോമൻ അവനോടു ചോദിച്ചു. “അരുതു്...” എന്നു് അജിതൻ അവനെ വിലക്കി കഠാര വാങ്ങി ദൂരത്തിട്ടു. തൻെറ ശോകപൎയ്യവസായിയായ ഈ കഥ അവൻ ലോകത്തെ ധരിപ്പിക്കണമെന്നു സോമനോടു് അജിതൻ ചരിതാൎത്ഥതയോടെ അൎത്ഥിച്ചു. അടുത്തനിമിഷം പ്രതീകാരപരായണനായ ആ യുവനൃപൻ മരിച്ചുവീണു. കാണികൾ ഇതെല്ലാം കണ്ടു വാവിട്ടു കേണു. അജിതൻ ശാന്തനും സ്നേഹശീലനും ധൎമ്മതല്പരനുമായ ഒരു രാജകുമാരനാണെന്നു ജനങ്ങൾക്കു നല്ലവണ്ണമറിയാമായിരുന്നു. ഇങ്ങനെ ഒരു അകാലചരമത്തിനിടവന്നില്ലെങ്കിൽ പുഷ്പപുരിയിലെ ഒരു മഹനീയനായ രാജാവായി അവൻ പരിലസിക്കുമായിരുന്നുവെന്നോൎത്തു്, അവൻെറ മരണത്തിൽ ആ നാട്ടിലെ പ്രജാസഞ്ചയമാകമാനം അടക്കാനാകാത്ത ഹൃദയവ്യഥയോടെ കണ്ണുനീർ പൊഴിച്ചു.

---



Digitized By Kerala Sahitya Akademi

# പ്രതാപവിജയം

മായാമണ്ഡലസാമ്രാജ്യത്തിന്റെ ഏകച്ഛത്രാധിപതിയായ വീരേന്ദ്രസിംഹന്റെ കാലത്തു്, അദ്ദേഹത്തിന്റെ കീഴിൽ 'സിംഹള'രാജ്യം ഭരിച്ചുപോന്ന ഒരു യുവസാമന്തരാജാവായിരുന്നു പ്രതാപൻ. അത്യന്തം ക്രൂരനും അക്രമിയും ആയിരുന്ന വീരേന്ദ്രസിംഹന്റെ അഴിമതികൾ നാൾക്കുനാൾ വർദ്ധിച്ചുവന്നു. അങ്ങിനെയിരിക്കുന്ന കാലത്തു് അതികഠിനമായ ഒരു കുടുംകൈ ചക്രവർത്തി പരമരഹസ്യമായി പ്രയോഗിച്ചതു് വെളിവാക്കിയെന്നകാരണത്താൽ അദ്ദേഹത്തിന്റെ കത്തിക്കാളിയ കോപജ്വാലകൾ പ്രതാപന്റെ നേർക്കുതിരിഞ്ഞു. അതിൽനിന്നു രക്ഷപ്പെടുവാൻ മറെറാരു മാർഗ്ഗവും കാണാതെ അദ്ദേഹം കുറേനാൾ വിദേശവാസം അനുഷ്ഠിക്കുവാൻ തീർച്ചപ്പെടുത്തി. തന്റെ വിശ്വസ്തസചിവനായ വസന്തസേനനെ രാജ്യഭാരം ഏൾപ്പിച്ചിട്ടു് അദ്ദേഹം സ്വരാജ്യംവിട്ടു.

പ്രതാപൻ മംഗളപുരിയിൽ എത്തിച്ചേർന്നു. അക്കാലത്തു് ആ രാജ്യമാകമാനം ഒരു ഭയങ്കരക്ഷാമത്താൽ പീഡിതമായിരുന്നു. അദ്ദേഹം തന്റെ അമിതമായ ധനശക്തിയാൽ ധാന്യാദിവിഭവങ്ങൾ യഥേഷ്ടം സംഭരിച്ചു് യഥായോഗ്യം നാട്ടുകാക്കു വിതരണംചെയ്തു്, സ്വർഗ്ഗത്തുനിന്നെത്തിയ ഒരു ദൈവദൂതനെപ്പോലെ പട്ടിണിയാൽ എരിപൊരിക്കൊണ്ടിരുന്ന ജനങ്ങളെ മൃത്യുവക്ത്രത്തിൽനിന്നു വീണ്ടെടുത്തു് ക്ഷാമദേവതയെ ആ നാട്ടിൽനിന്നുച്ചാടനം ചെയ്തു തന്നിമിത്തം പ്രതാപൻ മംഗളപുരനിവാസികളുടെ കണ്ണിലുണ്ണിയായിത്തീന്നു. എന്നാൽ അധികനാൾ അദ്ദേഹത്തിനവിടെ സ്വൈരജീവിതം നയിക്കുവാൻ സാധി

Digitized By Kerala Sahitya Akademi

ച്ചില്ല. താനെവിടെയാണെന്ന് വീരേന്ദ്രസിംഹനറിഞ്ഞിരിക്കുന്നുവെന്നും, തന്നെ നിഗ്രഹിക്കാനായി കിങ്കരന്മാരെ അയച്ചിട്ടുണ്ടെന്നും അതിനാൽ മംഗളപുരിയിലെ താമസം മംഗളകരമല്ലെന്നും വിവരിച്ചുകൊണ്ടുള്ള ഒരു കത്ത് പ്രതാപന് തന്റെ അമാത്യനിൽനിന്നു ലഭിച്ചു. അതിനാൽ ഏറെത്താമസിയാതെ അവിടുത്തെ രാജാവിന്റെയും പ്രജകളുടേയും ആശീർവാദത്തോടുകൂടി അവിടെനിന്ന് കപ്പൽമാർഗ്ഗം യാത്രയായി.

രണ്ടുമൂന്നുദിവസം, കരകാണാത്ത ആ മഹാസാഗരത്തിൽക്കൂടി അദ്ദേഹത്തിന്റെ കപ്പൽ കുതിച്ചുപാഞ്ഞു. ഒരു രാത്രി യദൃച്ഛയാ ഭയങ്കരമായ ഒരു കൊടുങ്കാററുണ്ടാവുകയും കപ്പൽ വഴിതെററി അപരിചിതവും ആപൽക്കരവുമായ ജലമണ്ഡലത്തിൽ ലക്കില്ലാതെ ചുററിത്തിരിഞ്ഞു കൂററാക്കൂററിരുട്ടിൽ ഒരു പൊന്തൻപാറമേൽ ചെന്നടിച്ച് ഛിന്നഭിന്നമായിപ്പോവുകയും ചെയ്തു. കപ്പലിലുണ്ടായിരുന്നവരെല്ലാം മുങ്ങിമരിച്ചുവെങ്കിലും പ്രതാപൻമാത്രം ദൈവാനുഗ്രഹത്താൽ എങ്ങിനെയോ രക്ഷപെട്ട് ഒരു കരയ്ക്കു ചെന്നുപററി. താനെവിടെയാണെന്നോ അതേതുരാജ്യമാണെന്നോ അദ്ദേഹം അറിഞ്ഞില്ല. ഏറെനേരം അവിടെ അലഞ്ഞുനടന്ന് ക്ഷീണിതനായി ഒരു പാറയുടെ ചുവട്ടിൽ പ്രതാപൻ ഇരുന്നു വിശ്രമിക്കുകയായിരുന്നു. അപ്പോഴേയ്ക്കു ഏതാനും ദാശന്മാർ ആ വഴി വന്നെത്തി അർദ്ധനഗ്നനും ക്ഷുധാപരവശനും നിസ്സഹായനുമായ പ്രതാപനെ അവർ സ്വഗൃഹങ്ങളിലേക്കു കൂട്ടിക്കൊണ്ടുപോയി ഭക്ഷണവും വസ്ത്രങ്ങളുമെല്ലാം കൊടുത്തു ആ രാജ്യത്തിന്റെ പേർ 'ഉമാലയം' എന്നാണെന്നും അവിടത്തെ രാജാവ് നീതിമാനും ധാർമ്മികനുമായ 'ഗിരിജാപതി'യാണെന്നും അവർ പ്രതാപനെ ധരിപ്പിച്ചു. അദ്ദേഹത്തിന് അതിസുന്ദരിയും സുശീലയുമായ ഒരു പുത്രിയുണ്ടെന്നു അവരിൽനിന്നും പ്രതാപനറിയാൻ കഴിഞ്ഞു.

Digitized By Kerala Sahitya Akademi

അവരിൽ ഒരാൾ അദ്ദേഹത്തോടു പറഞ്ഞു:-"സാന്തമതി, എന്നാണു് രാജകുമാരിയുടെ പേരു്. നാളെ കൊച്ചു തമ്പുരാട്ടിയുടെ ആട്ടത്തിരുനാളാണു്. അതുസംബന്ധിച്ചു കൊട്ടാരത്തിൽ നാളെ 'ഒരായുധമത്സരം' നടക്കുന്നുണ്ടു്. നാനാരാജ്യത്തുനിന്നും അനേകം പ്രഭുക്കന്മാരും യുദ്ധവീരന്മാരും അതിൽ പംകുകൊള്ളുന്നതിനായി ഇവിടെ എത്തിച്ചേരും."

അതുകേട്ടു് അൽപം കുണ്ഠിതം കലൎന്ന ഒരു സ്വരത്തിൽ പ്രതാപൻ പറഞ്ഞു:—"എന്തുചെയ്യാം? എനിക്കൊരു നല്ല പടച്ചട്ടയും വാളും പരിചയും ഉണ്ടായിരുന്നു. കപ്പൽ മുങ്ങി അവയെല്ലാം കടലിൽ പൊയ്പ്പോയി. ഇന്നതുണ്ടായിരുന്നെങ്കിൽ എനിക്കും മത്സരത്തിൽ പംകുകൊള്ളാമായിരുന്നില്ലേ? കഷ്ടം!"

അൽപനേരം കഴിഞ്ഞു് അവിടെ മറെറാരു മുക്കുവൻ പ്രവേശിച്ചു. അയാളുടെ കൈവശം ഒരു പടച്ചട്ടയും വാളും പരിചയും ഉണ്ടായിരുന്നു.

"ഇതെല്ലാം നിങ്ങൾക്കെടുക്കാം—" അയാൾ പറഞ്ഞു. "ഇന്നു വലയിട്ടപ്പോൾ കിട്ടിയതാണിതു്..."

തന്റെ സ്വന്തം ആയുധങ്ങൾതന്നെയാണതെന്നു പ്രതാപനു മനസ്സിലായി.

"ഈശ്വരാനുഗ്രഹം!" പ്രതാപൻ സന്തോഷിച്ചു. "ഇതു മൂന്നും അച്ഛൻ എനിക്കു സമ്മാനിച്ചതാണു്. ഞാനെന്റെ പ്രാണനുതുല്യമായിട്ടാണിവയെ കരുതിയിരുന്നതു്. ഇവ നഷ്ടപ്പെട്ടതോൎത്തു എന്റെ ഹൃദയം ഈ നിമിഷംവരെ വേദനിക്കയായിരുന്നു. എങ്ങനെയായാലും എന്റെമുതൽ എനിക്കുതന്നെ തിരിച്ചുകിട്ടിയല്ലോ" ഭാഗ്യം. എന്റെ കപ്പൽച്ചേതത്തേക്കുറിച്ചിപ്പോൾ എനിക്കു വലിയ സങ്കടമൊന്നും തോന്നുന്നില്ല. ഇവ കൊണ്ടുവന്നതന്നതി

Digitized By Kerala Sahitya Akademi

ന് നിങ്ങളോട്ട ഞാൻ എന്നെന്നും കൃതജ്ഞതയുള്ളവനായിരിക്കും.

പിറേറദിവസം പ്രതാപൻ കൊട്ടാരത്തിൽ എത്തി. അദ്ദേഹത്തിൻെറ അസൂയാജനകമായ രണവൈദഗ്ദ്ധ്യവും ധീരതയും കണ്ടു രാജാവും, കുമാരിയും, മററു കാണികളും അത്ഭുതസ്തബ്ധരായി. മത്സരത്തിനായി തന്നോടെതിരിട്ട സകല യുവയോദ്ധാക്കളേയും നിഷ്പ്രയാസം കീഴടക്കി പ്രതാപൻ സ്തുത്യർഹമാംവിധം വിജയഭേരി മുഴക്കി. സന്തുഷ്ടനായിത്തീൎന്ന ഗിരിജാപതി അനുമോദനാശംസകളോടെ ആ രണശൂരനെ വിജയഹാരമണിയിച്ചു. സാനുമതിക്കു പ്രഥമദർശനത്തിൽതന്നെ കോമളാകാരനായ പ്രതാപനെറപേരിൽ സ്ത്രീസഹജമായ ഒരുവക 'കൌതുകം' ജനിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ അനിതരസാധാരണമായ അത്ഭുതപരാക്രമങ്ങൾ അവളെ അദ്ദേഹത്തോടാകൎഷിച്ചു. അങ്ങനെ രാജകുമാരി പ്രതാപനിൽ അനുരക്തയായിത്തീൎന്നു. ഗിരിജാപതിയും ദന്തിൽ അശേഷമെങ്കിലും വൈമനസ്യം പ്രദശിപ്പിച്ചതുമില്ല. അദ്ദേഹം പ്രതാപനെറ സധീരവൃത്തികളാൽ ആകൃഷ്ടനായി വംശസ്ഥിതിയെക്കുറിച്ചു യാതൊന്നും തിരക്കാതെതന്നെ കുമാരിയെ അദ്ദേഹത്തിനു വിവാഹം കഴിച്ചു കൊടുത്തു.

മാസങ്ങൾ എട്ടോൻപതു കഴിഞ്ഞു. തനെറ ശത്രുവായ വീരേന്ദ്രസിംഹൻ ഇതിനിടെ മരിച്ചുപോയെന്നുള്ള വൃത്താന്തം പ്രതാപനെ സന്തുഷ്ടനാക്കി. തനെറ പുനസ്സമാഗമത്തിൻെറ സാമാന്യത്തിലധികം ദീൎഘിക്കുന്ന വിളംബം ജനങ്ങളെ ക്ഷോഭിപ്പിക്കുന്നുവെന്നും അവർ പക്ഷേ വസന്തസേനനെത്തന്നെ സിംഹാസനത്തിൽ അധിരോഹണം ചെയ്യേക്കുമെന്നും അദ്ദേഹത്തിനറിയാനിടയായി. എന്നാൽ ഒരു ദിവസം വസന്തസേനൻെറ ഒരു ദൂതൻ അവിടെയെത്തി വിവരങ്ങളെല്ലാം ധരിപ്പിച്ചു. ഉന്നതമായ ഒരു

Digitized By Kerala Sahitya Akademi

സ്ഥാനം തന്നെ പ്രതീക്ഷിച്ചിരുന്നിട്ടും അതു സ്വീകരിക്കാതെ ധർമ്മബുദ്ധിയായ വസന്തസേനൻ കാര്യങ്ങളുടെ സൂക്ഷ്മ സ്വഭാവം യഥാകാലം പ്രതാപന്ന് അറിവുകൊടുക്കുകയാണു ചെയ്തതു്. തൻെറ ജാമാതാവു് സിംഹളരാജാവായ പ്രതാപനാണെന്നറിഞ്ഞപ്പോൾ ഗിരിജാപതിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാവതല്ല. എങ്കിലും അദ്ദേഹം സ്വരാജ്യത്തേക്കു പൂർണ്ണഗർഭിണിയായ സാന്ദമതിയേയും കൊണ്ടു തിരിച്ചുപോകുന്നതിൽ ആദ്ദേഹത്തിനു വലിയ കുണ്ഠിതം തോന്നാതിരുന്നില്ല.

വിധിവൈപരീത്യത്താൽ പ്രതാപനു സ്വരാജ്യത്തു നിർബാധം മടങ്ങിയെത്തുവാൻ തരപ്പെടാതെപോയി. മാർഗ്ഗമദ്ധ്യേ ഒരു ഘോരമായ കൊടുങ്കാററു് അദ്ദേഹത്തിൻെറ കപ്പലിനെ മുക്കിക്കളയുവാൻ ആവുംവിധം ശ്രമിച്ചു തുടങ്ങി. അപ്പോഴേക്കും ഗർഭിണിയായ സാന്ദമതിക്കു പ്രസവവേദനയും ആരംഭിച്ചു. കുറച്ചുനേരത്തിനുള്ളിൽ 'രുദ്രാണി' എന്ന പരിചാരിക ഒരു കൊച്ചുപെൺകുഞ്ഞിനേയും എടുത്തുകൊണ്ടു പ്രതാപൻെറ അടുത്തുവന്നു

"ഇതാ അവിടത്തെ കുഞ്ഞിത്തമ്പുരാട്ടി:—പക്ഷേ വലിയ തമ്പുരാട്ടി തീർപ്പെട്ടുപോയി" സങ്കടത്തോടുകൂടി അവൾ വിവരം ബോധിപ്പിച്ചു

പ്രതാപൻ അതുകേട്ടൊന്നു നടുങ്ങി. ഇങ്ങനെയൊരു സംഭവം അദ്ദേഹം സ്വപ്നേപി ശങ്കിച്ചിരുന്നില്ല. തീവ്രശോകത്താൽ അദ്ദേഹത്തിൻെറ ഹൃദയം എരിഞ്ഞുനീറി.

"ഭഗവാനേ! ഞാനിതിനെന്തു മഹാപാപംചെയ്തു?"—പൊട്ടിക്കരഞ്ഞുകൊണ്ടു് അദ്ദേഹം ഇത്രയും അറിയാതെ പറഞ്ഞുപോയി. "അയ്യോ! അവിടുന്നിങ്ങനെ വിഷാദി

Digitized By Kerala Sahitya Akademi

ക്കല്ലേ!" രുദ്രാണി അദ്ദേഹത്തെ സാന്ത്വനിപ്പിക്കാനൊരു മ്പെട്ടു. വന്നതു വന്നില്ലേ? ദൈവവിധി! നമ്മൾ എന്തു ചെയ്യാനാണു്? ഏതായാലും ഇനി ഈ പിഞ്ചോമനമുഖം കണ്ടു തമ്പുരാൻ സമാധാനപ്പെടണം."

കൊടുങ്കാററു് അടിക്കടി വദ്ധിച്ചുകൊണ്ടുതന്നെയിരുന്നു ഒരു ശവശരീരം കപ്പലിൽ ഇട്ടുകൊണ്ടിരിക്കുന്നതു സമുദ്രയാത്രയ്ക്കു തീരെ നന്നല്ലെന്നും അതെടുത്തു കടലിലെറിയുന്നതുവരെ കൊടുങ്കാററു ശമിക്കുകയില്ലെന്നും അന്ധവിശ്വാസികളും അനക്ഷരകക്ഷികളുമായ കപ്പൽവേലക്കാർ മുക്കടമുഷ്ടിപിടിച്ചു. ആ ഘോരചണ്ഡാനിലൻ എങ്ങനെയെങ്കിലും ശമിക്കേണമെന്നോ തനിക്കു രക്ഷപ്രാപിക്കേണമെന്നോ പ്രതാപനു ലേശം ആശയുണ്ടായിരുന്നില്ല. എങ്കിലും ആ പൊന്നാങ്കുട്ടയെ ഓർത്തു്, കാററു ശമിക്കുമെങ്കിലാകട്ടെ എന്നു കരുതി, പ്രിയതമയുടെ ശവശരീരം കടലിലെറിയുവാൻ അദ്ദേഹം പ്രേരിതനായി. അദ്ദേഹം ഈ വക അന്ധവിശ്വാസങ്ങളെ തരിശേഷം ആദരിച്ചിരുന്നില്ല എങ്കിലും കപ്പൽവേലക്കാരുടെ നിർബന്ധപ്രകാരം അതിനൊരുമ്പെട്ടുകതന്നെ ചെയ്തു.

പ്രതാപൻ തന്റെ ജീവനായികയുടെ മുഖത്തേയ്ക്കു അവസാനമായി ഒന്നു നോക്കി. ഒരു സുഖനിദ്രയിലെന്നപോലെ മരിച്ചുകിടക്കുന്ന അവളെ—അല്പനേരത്തിനു മുൻപുവരെ ജീവചൈതന്യത്തിന്റെ ദിവ്യപ്രവാഹം ഓരോസിരകളേയും തുടിപ്പിച്ചുകൊണ്ടിരുന്നതിനാൽ തന്റേതെന്നഭിമാനിച്ചാനന്ദിച്ചിരുന്ന അവളെ—കണ്ടു് അദ്ദേഹത്തിന്റെ നേത്രങ്ങൾ ബാഷ്പകലുഷിതങ്ങളായി. ഒരു വലിയ വീഞ്ഞപ്പെട്ടി കൊണ്ടുവരുവിച്ചു് ആ സുന്ദരവിഗ്രഹം അദ്ദേഹം അതിനുള്ളിൽ നിക്ഷേപിച്ചു. അനന്തരം പല സുഗന്ധദ്രവ്യങ്ങളും തളിച്ചു്, അവളാരാണെന്നും ആരെങ്കിലും

Digitized By Kerala Sahitya Akademi

ആ പെട്ടി കണ്ടെത്തുന്നപക്ഷം രാജോചിതമാംവിധം അ
ത്ര ആഡംബരഘോഷങ്ങളോടുകൂടിയാണ് അവളുടെ ശവ
സംസ്കാരകർമ്മം നിർവഹിക്കേണ്ടതെന്നും, കാണിച്ചുകൊണ്ടു
ള്ള ഒരു കടലാസുതുണ്ടും വിലപിടിച്ച അനവധി ആഭരണ
ങ്ങളും അതിനുള്ളിലടക്കംചെയ്തു്, ഭദ്രമായി അടച്ചുപൂട്ടിയ
ശേഷം സ്വന്ത കൈകൊണ്ടുതന്നെ അദ്ദേഹം ആ കട
ലിൽ തള്ളിയിട്ടു. തരംഗപരമ്പരകൾ അതിനെ ദൃഷ്ടിപ
ഥത്തിൽനിന്നു മറയ്ക്കുന്നതുവരെ അശ്രുപൂർണ്ണങ്ങളായനേത്രാ
ഞ്ചലങ്ങളോടെ അദ്ദേഹം അതിനെ നോക്കിക്കൊണ്ടുനിന്നു.
കൊടുങ്കാററു ശമിച്ചതിനോടുകൂടി, കപ്പൽ നേരെ മംഗളപു
രിക്കു വിടുവാനായി അദ്ദേഹം കപ്പൽക്കാർക്കു് ആജ്ഞകൊ
ടുത്തു. സിംഹളത്തിലെത്തിച്ചേരാൻ പിന്നേയും രണ്ടുമൂന്നു
ദിവസത്തെ തുടർച്ചയായുള്ള കപ്പൽയാത്ര വേണ്ടിയിരുന്നതി
നാൽ ഇടയ്ക്കു വല്ല സ്ഥലത്തും ഇറങ്ങി ആരുടെയെങ്കിലും
കൈവശം ശുശ്രൂഷിക്കാനായി കുഞ്ഞിനെ ഏല്പിക്കുകയാ
ണുത്തമമെന്നു് അദ്ദേഹത്തിനു തോന്നി.

താരാപുരത്തിലെ ഒരു വിദഗ്ദ്ധവൈദ്യനായിരുന്നു, ഹരി
ന്ദ്രനാഥൻ. അന്നു രാവിലെ ഉണർന്നു് അയാൾ കടൽക്ക
രയിൽ നടക്കുവാനായി ചെന്നപ്പോൾ എന്തോ ഒരു വസ്തു
കരയ്ക്കു വന്നടിഞ്ഞിരിക്കുന്നതു കണ്ടു അടുത്തുചെന്നു പരി
ശോധിച്ചപ്പോൾ അതൊരു വലിയ വീഞ്ഞപ്പെട്ടിയാണെ
ന്നു് അയാൾക്കു മനസ്സിലായി. ഒരു കൂലിക്കാരനെ വിളിച്ചു
പെട്ടിയെടുപ്പിച്ചു സ്വഗൃഹത്തിൽ കൊണ്ടുചെന്നു അയാളതു
തുറന്നുനോക്കി. ഒരു സുന്ദരിയായ ചെറുപ്പക്കാരി—അ
യാൾ വിസ്മയത്താൽ സ്തംഭതുല്യനായിപ്പോയി. പെട്ടിക്കു
ള്ളിൽനിന്നുൽഗമിച്ച പരിമളധോരണിയും, കാണപ്പെട്ടവി
ലപിടിച്ച രത്നാഭരണങ്ങളും ഏതോ ഒരു പ്രഭുകുടുംബത്തിൽ
ജനിച്ചവളാണു് അതിനുടമവഹിക്കുന്ന ആ മൃതാംഗനാവി
ഗ്രഹമെന്നു വെളിപ്പെടുത്തി. വീണ്ടും പരിശോധിച്ചപ്പോൾ

Digitized By Kerala Sahitya Akademi

അതിന്നുള്ളിലടക്കം ചെയ്തിരുന്ന കടലാസുതുണ്ടു് അയാളുടെ ദൃഷ്ടിയിൽപെട്ടു അതിൽനിന്നും അവൾ ഒരു രാജകുമാരിയും സിംഹളാധിപനായ പ്രതാപന്റെ പ്രണയിനിയുമാണെന്നുള്ള കാൎയ്യം വെളിവായി. അവളുടെപേരിൽ ഹരീന്ദ്രനാഥനു വലിയ സഹതാപം തോന്നി. അദ്ദേഹം വീണ്ടും ആ മുഖത്തു സൂക്ഷിച്ചുനോക്കി. എന്നാൽ ആ കരാളമൃത്യുവിന്റെഅംഗുലീസ്പൎശനമുദ്രകളൊന്നുംതന്നെ അവിടെക്കണ്ടില്ല. പോരെങ്കിൽ ജീവചൈതന്യത്തിന്റെ ഒരു നേരിയ പൊൻകതിർ അതിലാകമാനം ഇളകിയാടുന്നുമുണ്ടായിരുന്നു. അതുകണ്ടു് അയാൾ അവളോടെന്നമട്ടിൽ ഇങ്ങനെ പറഞ്ഞു:—"ഹാ, സുന്ദരി! അവർ വളരെ തിടുക്കംകൂട്ടി. നീ മരിച്ചിട്ടില്ലായിരുന്നു. അതു സൂക്ഷ്മമായി വെളിപ്പെടുന്നതിനുമുൻപു് അവർ നിന്നെ കടലിൽ തള്ളിയിട്ടു."

ഹരീന്ദ്രനാഥൻ ഉടൻതന്നെ ഒരു മുണ്ടെടുത്തു തീയുടെ മീതേ ചൂടുപിടിപ്പിച്ചു്. അവളെ ഒരു മെത്തമേൽ കിടത്തി പതുക്കെ തടവാൻതുടങ്ങി. അപ്പോഴേക്കും വൎത്തമാനമറിഞ്ഞു പലരും അവിടെ തിക്കിത്തിരക്കിക്കൂടി. എന്നാൽ ശുദ്ധവായു അത്യാവശ്യമായിരുന്നതിനാൽ അയാൾ അവരെയെല്ലാം ദൂരെ ഒഴിച്ചു നിൎത്തിയതേയുള്ളു.

സൂൎയ്യരശ്മികൾ സമൃദ്ധിയായി എല്ലായിടവും പരന്നു. അന്തരീക്ഷത്തിലെ തണുപ്പു് അല്പാല്പം മാഞ്ഞുതുടങ്ങി. ഹരീന്ദ്രനാഥൻ കുറച്ചുനേരം കഴിഞ്ഞു് ആശാപ്രേക്ഷത്തോടെ ചുററും നില്ക്കുന്നവരോടായി പറഞ്ഞു:—"തീൎച്ചയായും രാജകുമാരി ജീവിക്കും; അവൾക്കു വെറുമൊരു മോഹാലസ്യമാണു്, അല്ലാതെ മരണമല്ല. ഒരഞ്ചുമണിക്കൂറിലധികമായിട്ടില്ല, അവളുടെ ബോധം ക്ഷയിച്ചിട്ടു്." വീണ്ടും വീണ്ടും അയാൾ അവളെ തിരുമ്മിത്തിരുമ്മി ചൂടുപിടിപ്പിച്ചു. ശരി

Digitized By Kerala Sahitya Akademi

രത്തിന്റെ മൗവിപ്പ് ക്രമേണ കുറഞ്ഞുതുടങ്ങി. ഹരിന്ദ്ര നാഥൻ വീണ്ടും പറഞ്ഞു:—"അതാ, അവൾക്കു ജീവൻ വച്ചുതുടങ്ങുന്നു; നോക്കണം, ഉണ്ട്, അവൾക്കു ജീവനുണ്ട്. അതാ അവൾ പതുക്കെ കണ്ണുതുറന്നുതുടങ്ങുന്നു. കൃഷ്ണമണികൾ പതുക്കെ ഇളകിത്തുടങ്ങുന്നു. തീച്ചയായും അവൾ ജീവിക്കും."

അതെ; അതു പരമാത്ഥമായിരുന്നു. സാന്തമതി മരിച്ചിരുന്നില്ല. പ്രസവഘട്ടത്തിൽ അവൾക്കു ശക്തിയായ ഒരു ബോധക്ഷയം നേരിട്ടുപോയി. അതുകണ്ടു ചുറവും നിന്നിരുന്നവരെല്ലാം അവൾ മരിച്ചുപോയെന്നു തീച്ചപ്പെട്ടുത്തി ഈ മഹാനുഭാവന്റെ ശുശ്രൂഷകളാൽ വീണ്ടും അവൾക്കു ജീവൻവീണു അവൾ കണ്ണുതുറന്നു ചുറവും ഒന്നു പകച്ചുനോക്കി, അത്ഭുതംകലന്ന ഒരു മൃദുലസ്വരത്തിൽ ഇങ്ങനെ ചോദിച്ചു:—"ഞാനെവിടെയാണ്? എന്റെ പ്രാണനാഥനെവിടെപ്പോയി? ഏതു ലോകമാണിതു്?"

അവൾക്കെന്തുസംഭവിച്ചുവെന്നു ഹരിന്ദ്രനാഥൻ സാവകാശത്തിൽ അവളെ പറഞ്ഞു മനസ്സിലാക്കി. അയാളുടെ സംസാരത്തിൽ സഹതാപവും സ്നേഹവും തുളുമ്പിയിരുന്നു. ആ കടലാസ്സുതുണ്ടും ആഭരണങ്ങളും അയാൾ രാജകുമാരിയെ കാണിച്ചു. അതു നോക്കിയിട്ട് സാന്തമതി പറഞ്ഞു:— "അതെ; ഇതദ്ദേഹത്തിന്റെ കയ്യക്ഷരമാണ്. കപ്പലിൽ കയറിയതും ഇടയ്ക്ക് ഒരു കൊടുങ്കാററിന്റെ ആരംഭമുണ്ടായതും ഞാൻ നല്ലപോലെ ഓക്കുന്നു. പക്ഷേ ഞാനൊരുകുഞ്ഞിനെപ്രസവിച്ചോ എന്നൊന്നും എനിക്കു നിശ്ചയമില്ല. ഏതായാലും ഇനി എനിക്കദ്ദേഹത്തെ കാണുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതിക്കു ജീവിതസൗഖ്യങ്ങളിൽ എനിക്കശേഷം മോഹമില്ല. ശേഷിച്ച എന്റെ ജീവിതം ഈശ്വരഭജനത്തിൽ ചിലവഴിക്കണമെന്നാണു ഞാൻ വിചാരിക്കുന്നതു്."

Digitized By Kerala Sahitya Akademi

"കുമാരി," ഹരീന്ദ്രനാഥൻ പറഞ്ഞു:—"ഭവതിക്കങ്ങനെയാണു അഭിമതമെങ്കിൽ അതിന്നു യാതൊരു വിഷമവും ഇല്ല. ഇവിടെ അടുത്തുതന്നെയാണു് പ്രസിദ്ധപ്പെട്ട 'ഭദ്രേശ്വരം' ദുർഗ്ഗാക്ഷേത്രം. അവിടെ ഭവതിക്കു ഭജനം നടത്താം. അതിന്നു വേണ്ടതെല്ലാം എന്റെ ഒരുമകൾ, ഭവതിക്കു ഒരുക്കിത്തന്നുകൊള്ളും. ക്ഷേത്രത്തിന്നു തൊട്ടുതന്നെ എന്റെ സ്വന്തമായി ഒരു ചെറിയ 'മഠ'മുണ്ടു്. അവളോടുകൂടി ഭവതിക്കവിടെ താമസിക്കുകയും ചെയ്യാം."

സാറുമതി അതിന്നു സന്നദ്ധയാണെന്നു കൃതജ്ഞതാപൂർവം അറിയിച്ചു. ക്രമേണ രാജകുമാരിയുടെ പ്രസവക്ഷീണങ്ങളെല്ലാം വിട്ടുമാറി പണ്ടത്തെ ആരോഗ്യം വീണ്ടുകിട്ടി. അവൾ എന്നും കുളിയും ജപവും പുഷ്പാഞ്ജലിയുമായി, മരിച്ചുപോയെന്നു് ഊഹിക്കപ്പെട്ടിരിക്കുന്ന ഭർത്താവിന്റെനിത്യശാന്തിക്കായി ദേവീഭജനംചെയ്തുകൊണ്ടു്, ആ മഠത്തിൽ താമസമാക്കി.

സമുദ്രത്തിൽ ജനിച്ചതുകൊണ്ടു പ്രതാപൻ തന്റെ ഓമനമകൾക്കു് 'ജലജ' എന്നു പേരുകൊടുത്തു അദ്ദേഹം മംഗളപുരിയിൽഇറങ്ങി തന്റെ മകളേയും, ധാത്രി രുദ്രാണിയേയും കൂട്ടിക്കൊണ്ടു അവിടത്തെ മന്ത്രിമാരിൽ ഒരാളായ 'പുഷ്പശര'ന്റെ വസതിയിലേക്കു തിരിച്ചു. ക്ഷാമം ബാധിച്ചു് നാട്ടുനശിക്കുവാൻ തുടങ്ങിയ കാലത്തു താൻചെയ്ത വിലയേറിയ സഹായംമൂലം തന്നെ അവർ കൃതജ്ഞതാപൂർവം സ്വീകരിക്കുമെന്നു് പ്രതാപനു് നിശ്ചയമുണ്ടായിന്നു. അദ്ദേഹം പുഷ്പശരനേയും അയാളുടെ പത്നിയായ ശൈവലിനിയെയും കണ്ടു് കാര്യമെല്ലാം പറഞ്ഞു് ജലജയെ അവർ വളർത്തിയാൽ കൊള്ളാമെന്നപേക്ഷിച്ചു. അതിലേയ്ക്കു് ഒട്ടേറെ ദ്രവ്യവും അദ്ദേഹം അവരെ ഏല്പിച്ചു. അവർ സസന്തോഷം അതിന്നനുകൂലിക്കുകയും ഒരു രാജകുമാരി

Digitized By Kerala Sahitya Akademi

യെപ്പോലെതന്നെ, തങ്ങളുടെ പുത്രിയേക്കാൾ പ്രാണനായി, അവളെ വളൎത്തിക്കൊള്ളാമെന്നു വാഗ്ദത്തം ചെയ്യുകയും ചെയ്തു. പരിചാരികയായി രുദ്രാണിയെ അവിടെ താമസിപ്പിച്ചിട്ടു സമാധാനത്തോടെ അദ്ദേഹം സിംഹളത്തിലേക്കു തിരിച്ചുപോന്നു.

പ്രതാപൻ വീണ്ടും സിംഹാസനംകൈയേററു. പത്നീവിയോഗം ഒന്നുമാത്രമേ അദ്ദേഹത്തിൻെറ സൈ്വരജീവിതത്തിനു സദാതീക്ഷ്ണമായ ഒരാഘാതമായിത്തീൎന്നിരുന്നുള്ളു. മാതാവിനെ കാണുവാൻപോലും തരപ്പെട്ടിട്ടില്ലാത്ത ജലജയെ രാജോചിതമായ രീതിയിൽ പുഷ്പശരനും, ശൈവലിനിയും താലോലിച്ചു വളൎത്തി യഥാകാലം അവർ അവളെ വിദ്യാഭ്യാസം ചെയ്യിച്ചു. പതിന്നാലുവയസ്സായപ്പോഴേക്കും ബുദ്ധിശാലിനിയായ ആ കന്യകയ്ക്കു് അത്ഭുതാവഹമായ ജ്ഞാനവും സംസ്കാരവും കരഗതമായി. സംഗീതം, സാഹിത്യം, തയ്യൽ മുതലായ പല കലകളിലും അവൾ അതിനിപുണയായിത്തീൎന്നു. കോകിലാലാപംപോലെ മധുരമായ അവളുടെ സംഗീതം ഏതൊരു ഹൃദയത്തേയും കോരിത്തരിപ്പിക്കുന്നതായിരുന്നു. അതേപ്രായത്തിൽതന്നെ ശൈവലിനിക്കും ഒരു മകൾ ഉണ്ടായിരുന്നു. പക്ഷേ അവൾക്കീവക നിസ്തുലഗുണങ്ങൾ ലേശംപോലും ഉണ്ടായിരുന്നില്ല. നാട്ടുകാരുടെയെല്ലാം പ്രശംസാപാത്രമായിത്തീൎന്ന ജലജയോടു തൻമൂലം ശൈവലിനിക്കു കഠിനമായ വെറുപ്പു തോന്നി. അവൾ ക്രമേണ ആ ബാലികയുടെ ഒരു പ്രത്യക്ഷശത്രുവായിപ്പരിണമിച്ചു. ജലജ ഉള്ളതുകൊണ്ടാണു്, സ്വപുത്രിയുടെ ഗുണങ്ങളൊന്നുംതന്നെ ശോഭിക്കാത്തതെന്നും അതുകൊണ്ടു് അവളെ എങ്ങിനെയെങ്കിലും അകററിനിൎത്തിയാൽ മാത്രമേ നാട്ടാരുടെ പ്രശംസയ്ക്കു തൻെറപ്രിയനന്ദിനി പാത്രമായിത്തീരുകയുള്ളുവെന്നുമായിരുന്നു ശൈവലിനിയുടെ വിചാരം. അതിനുവേണ്ടി എന്തു

Digitized By Kerala Sahitya Akademi

തന്നെ ചെയ്യേണ്ടിവന്നാലും താനതിൽനിന്നു പിന്മാറുകയില്ലെന്നു് അവൾ ദൃഢതരം ശപഥംചെയ്തു. അങ്ങിനെയിരിക്കുന്ന കാലത്തു് ഒരു സുഖക്കേടു പിടിപെട്ടു രുദ്രാണി മരിച്ചുപോയി. അതു ജലജയ്ക്കു പ്രാണസങ്കടമായിത്തീൎന്നു. അവൾക്കു രുദ്രാണിയോടും രുദ്രാണിക്കവളോടും ഉണ്ടായിരുന്ന അതിർകവിഞ്ഞ സ്നേഹംനിമിത്തം, അവളുടെ ഈ ആകസ്മികവിയോഗം നിഷ്കളങ്കയായ ആ ബാലികയെ വല്ലാതെ കുണ്ഠിതപ്പെടുത്തി തന്റെ ഉദ്ദേശസാദ്ധ്യത്തിനു കൂടുതൽ സൗകൎയ്യം ലഭിച്ചതിൽ ശൈവലിനിയുടെ ഹൃദയം സന്തോഷസമ്പൂൎണ്ണമായി. ജലജയെ കൊല്ലുന്നതിനായി വിരൂപാക്ഷൻ എന്നൊരുവനെ അവൾ ഏൎപ്പാടുചെയ്തു. യഥാൎത്ഥത്തിൽ പരമദുഷ്ടനാം ധനത്തിനുവേണ്ടി എന്തുംചെയ്യാൻ മടിയില്ലാത്തവനുമായിരുന്നു അവൻ; എങ്കിലും ജലജയെ നിഗ്രഹിക്കുന്ന കാൎയ്യത്തിൽ അവനു പോലും വലിയ വൈമനസ്യംതോന്നി. ആ ബാലിക ഏവന്റെ ഹൃദയത്തേയും അത്രമാത്രം ആകൎഷിച്ചിരുന്നു ശൈവലിനിയുടെ നിർബന്ധം ഒഴികവയ്യാതായപ്പോൾ അവൻ പറഞ്ഞു. "എന്തിനവളെക്കൊല്ലുന്നു? അവൾ ഒരു നല്ല കുഞ്ഞല്ലേ?" "അതെ; പെരുംകുന്നേൽഭദ്രകാളിക്കു അങ്ങനെയുള്ള കുഞ്ഞുങ്ങളെയാണാവശ്യം...അത്തരം കരുതിക്കു ശക്തികൂടും. ദേവീപ്രസാദം......" ചുററും ഒന്നു കണ്ണോടിച്ചിട്ടു ഒന്നുകൂടി താഴ്ന്നസ്വരത്തിൽ നിർദ്ദയയായ അവൾ പറഞ്ഞു: "അത്രനിസ്സാരമാണോ? അതാ അവൾ വരുന്നു. രുദ്രാണി പോയതിൽപിന്നെ ശവത്തിന്റെ മുഖം മുനിയെപ്പോലെയാണു്. ഓ! എന്തൊരുസങ്കടം! ദ്രോഹം പെററതള്ള ചത്തിട്ടു് ഇതൊന്നുമില്ല...ആട്ടെ, ഞാൻ പറഞ്ഞതുപോലെ ചെയ്യുമോ ഇല്ലയോ?"

"ചെയ്യാം." അവളുടെ ആജ്ഞ നിരാകരിക്കുവാനുള്ള ഭയത്തോടെ ആ ഘാതകൻ മറുപടി പറഞ്ഞു. അതാ

Digitized By Kerala Sahitya Akademi

ആ ഒരൊററവാക്കിൽ തകൎന്നു പൊടിയുന്നു, ജഗന്മോഹിനി യായ ആ രാജകന്യകയുടെ സൗഭാഗ്യതാരം! മുല്ലപ്പൂക്കളും റോസാപ്പൂക്കളും മടി നിറയെ പറിച്ചെടുത്തു്, പകുതി യോളം തീൎന്ന ഒരു മാലയും കെട്ടിക്കൊണ്ടു ഒരാനന്ദസ്വപ്നം പോലെ ജലജ ആ ധൂമകേതുക്കളുടെ മുമ്പിൽ പ്രത്യക്ഷ പ്പെട്ടു കരഞ്ഞു കരഞ്ഞു അവളുടെ കൺപോളകൾ വീൎത്തിരുന്നു.

“എന്തിനാ ജലജേ ഈ മാല?” നിഷ്ഠുരഹൃദയ യായ ശൈവലിനി ചോദിച്ചു.

“രുദ്രാണിച്ചിററയുടെ പടത്തിന്മേൽ ചാൎത്താൻ” ശോകാവിലമായ സ്വരത്തിൽ അവൾ മറുപടി പറഞ്ഞു. “കാററടിച്ചു ആൎത്തുമറിയുന്ന തിരമാലകളുടെ ഇടയ്ക്കു് കര കാണാത്ത കടൽപ്പരപ്പിൽ, മരിച്ചു കിടക്കുന്ന മാതാവിൻെറ അടുത്തു ജനിച്ചുവീണ എന്നെ, സ്വന്തം മാതാവെന്ന പോലെ ഇതുവരെ താലോലിച്ചു വളൎത്തിയ ആ സാധ്വി!— അമ്മേ! അവരെക്കുറിച്ചോൎക്കുമ്പോൾ എൻെറ ഹൃദയം തകൎന്നുപോകുന്നു!”

“കഷ്ടം! ജലൂ! നീയൊരു കൊച്ചുകുട്ടിയാണോ, സദാ ഇങ്ങനെ ഒററയ്ക്കിരുന്നു കരയാൻ? പത്മ ഇന്നെവിടെ പ്പോയി?......ആട്ടെ ആ പൂവൊക്കെ ഇങ്ങു തന്നേക്കു് എന്നിട്ടു് ഇതാ വിരൂപാക്ഷൻെറകൂടെ കടൽക്കരയിൽ ചെന്നു കുറച്ചുനേരം വിശ്രമിച്ചുവരൂ...വെയിലുതീരെത്താ ണു...നല്ല കാററും!...കുറച്ചൊന്നു കാററുകൊണ്ടു ചുററിനട ന്നാൽ നിനക്കു സുഖമുണ്ടാകും...തിരിച്ചു വരുമ്പോഴേക്കും ഞാൻ മാലകെട്ടി വച്ചേക്കാം. വിരൂപാക്ഷാ, ജലജയെ കടൽപുറത്തേക്കു കൂട്ടിക്കൊണ്ടുപോകൂ! സന്ധ്യയ്ക്കു മുൻപു വരികയും വേണം...കേട്ടോ?”

“വേണ്ടമ്മ! ഞാനിപ്പോളെങ്ങും പോകുന്നില്ല...വി

Digitized By Kerala Sahitya Akademi

രൂപാക്ഷാ താൻ പൊയ്ക്കൊള്ളൂ... ഞാനെങ്ങും വരുന്നില്ലാ."

"എന്റെ പൊന്നു ജലജവല്ലേ. ഞാൻ പറയുന്നതു കേൾക്കു." സൂത്രശാലിനിയായ ആ ദുഷ്ട പറഞ്ഞു. "നിന്റെ ശരീരം ദിവസംപ്രതി ക്ഷീണിച്ചുവരുന്നു. നിന്റെ അച്ഛൻ അധികം താമസിയാതെ ഇവിടെ വരും. അദ്ദേഹത്തിനെന്നെ എന്തു കാര്യമാണെന്നോ? ഇന്നുവരും, ഇന്നു വരും, എന്നു വിചാരിച്ചു ഞാൻ കാത്തിരിക്കയാണു്. എന്തായാലും ഇനി അധികനാൾ താമസിക്കില്ല. അദ്ദേഹം വരുന്നതിനുമുമ്പു് ഈ ശരീരത്തിന്റെ ക്ഷീണമെല്ലാം മാറണം. അല്ലെങ്കിൽ ഞങ്ങൾ നിന്നെ ശരിയായി സംരക്ഷിച്ചു വളർത്തിയില്ലെന്നദ്ദേഹത്തിനു തോന്നിയേക്കും...അങ്ങനെ വരാൻ പാടില്ല. കടൽക്കാററു ശരീരത്തിനു വളരെ നല്ലതാണു്. ഒരു പത്തുദിവസം അടുപ്പിച്ചു വൈകുന്നേരം കടൽക്കരയിൽ ഇങ്ങിനെ കാററുകൊള്ളാൻ പോയാൽ മതി, നിന്റെ ശരീരക്ഷീണമെല്ലാം പമ്പകടക്കും. അതുകൊണ്ടു് എന്റെ പൊന്നു ജലജവല്ലേ, ഒന്നു പോയിട്ടു വരൂ!

"എന്നാലാട്ടെ" നിഷ്കളങ്കയായ ആ ബാലിക പറഞ്ഞു; "ഏതായാലും എനിക്കിഷ്ടമില്ല. എന്നാലും അമ്മയ്ക്കുവേണ്ടി ഞാനൊന്നു പോയിവന്നുകളയാം."

"അതേ, ജലജ, ഒന്നു പോയിട്ടുവരുന്നതാണു നല്ലതു്" എന്നു പറഞ്ഞുകൊണ്ടു ശൈവലിനി അവിടെനിന്നും പുറത്തേയ്ക്കുപോയി. പോകുംവഴി തിരിഞ്ഞുനിന്നു് "ഞാൻ പറഞ്ഞതോർമ്മയിരിക്കണം" എന്നു വിരൂപാക്ഷനോടായി പറഞ്ഞു!—ഹാ! എന്തു ക്രൂരമായ വാക്കുകൾ! പറഞ്ഞതോർമ്മയിരിക്കണംപോലും! എന്താണതിന്റെ അർത്ഥം? ജലജയുടെ കഥ കഴിക്കേണ്ടകാര്യം ഓർത്തുകൊള്ളണം! എന്തു്! കഷ്ടംതന്നെ!

Digitized By Kerala Sahitya Akademi

അവർ കടൽക്കരയിലെത്തി. ആദിത്യൻ തിരമാലകളിൽ പകുതിയോളം താണുകഴിഞ്ഞിരുന്നു. ചക്രവാളത്തിൽ പരന്ന കട്ടച്ചുവപ്പ് അല്പാല്പം മാഞ്ഞുതുടങ്ങി. തന്റെ ജനനസ്ഥലമായ സമുദ്രത്തിലേയ്ക്കുറ്റുനോക്കിക്കൊണ്ടു് ജലജ ചോദിച്ചു:—

"പടിഞ്ഞാറൻകാററാണോ ഈ വീശുന്നതു്?"

"തെക്കപടിഞ്ഞാറസ്" വിരൂപാക്ഷൻ പ്രതിവചിച്ചു.

"എന്റെ ജനനസമയത്തു വിശിയിരുന്ന കാററു വടക്കനായിരുന്നു" അവൾ പറഞ്ഞു. അനന്തരം അന്നത്തെ കൊടുങ്കാററു്, അച്ഛന്റെ സങ്കടം, മാതാവിന്റെ മരണം' ഇതെല്ലാം ഒന്നോടെ അവളുടെ ഹൃദയാന്തരാളത്തിലേയ്ക്കു പാഞ്ഞുകയറി. അവൾ പറഞ്ഞു:—"എന്റെ അച്ഛനന്നു യാതൊരു ഭയവുമുണ്ടായിരുന്നില്ല—ശങ്കരാണിച്ചിററ എന്നോടുപറഞ്ഞതാണു്—അദ്ദേഹം കപ്പൽക്കാരെ വീണ്ടുംവീണ്ടും മുന്നോട്ടു പോകുവാൻ ധൈര്യപ്പെടുത്തി. പാമരത്തിന്മേൽ മുറുകെപ്പിടിച്ചുകൊണ്ടു് അദ്ദേഹം കാററിന്റെ ഗതിക്കനുസരിച്ചു കപ്പൽപ്പായുടെ കയറു പിടിച്ചുകൊണ്ടിരുന്നു. മേൽത്തട്ടു മുഴുവൻ തകൎന്നുപോയി. എന്നിട്ടും അദ്ദേഹം ഭയപ്പെട്ടില്ല—"

"എപ്പോഴായിരുന്നു ഇതു്?" വിരൂപാക്ഷൻ അലസമായി ചോദിച്ചു.

"ഞാൻ ജനിച്ച സമയത്തു്" ജലജ മറുപടിപറഞ്ഞു. "അതുപോലെ കാററും കോളും ഒരിക്കലും ഉണ്ടായിട്ടില്ല" അനന്തരം അവൾ ആ നാശംപിടിച്ച കൊടുങ്കാററു്, കപ്പൽക്കാരുടെ വേവലാതി, സ്രാങ്കിന്റെ മണിയടി, ആളുകളുടെ ബഹളം, കപ്പിത്താന്റെ സംഭ്രമം......ഇവയെക്കുറിച്ചെല്ലാം, വിസ്തരിക്കുവാൻ തുടങ്ങി. ശങ്കരാണി ഇ

ത്തെല്ലാം അവളെ പറഞ്ഞു കേൾപ്പിച്ചിരുന്നതിനാൽ ആ സംഭവങ്ങൾ ഓരോന്നും അവളുടെ ഭാവനയിൽ പ്രത്യക്ഷമായി പ്രതിഫലിച്ചിരുന്നു. എന്നാൽ അപ്പോഴേക്കും വിരൂപാക്ഷൻ അവളുടെ സംസാരം തടഞ്ഞിട്ട് അവളോട് ഈശ്വരനെ പ്രാർത്ഥിക്കുവാനായി പറഞ്ഞു.

"ഉം? എന്താണത്?" അവൾ ചോദിച്ചു. പെട്ടെന്ന് എന്തുകൊണ്ടാണെന്നവൾക്കറിഞ്ഞുകൂടാ, ഒരുവക ഭയം അവളെ ബാധിക്കാൻ തുടങ്ങി.

"ഈശ്വരപ്രാർത്ഥനയ്ക്കു അല്പസമയം എടുക്കണമെങ്കിൽ ഞാനതിനനുവാദം തന്നിരിക്കുന്നു." വിരൂപാക്ഷൻ പറഞ്ഞു. "പക്ഷേ, അധികം താമസിക്കരുത്. ഭദ്രകാളിക്കു മുഷിയും. എന്റെ ജോലി എളുപ്പം ചെയ്തുതീർക്കാമെന്നാണ് എന്റെ സത്യം."

നടന്നുനടന്ന് അവർ ഒരു കുററിക്കാടിന്റെ അടുത്തെത്തിയിരുന്നു. അവിടെ നാലഞ്ചു വന്മരങ്ങൾ പടർന്നുപിടിച്ചുനിന്നിരുന്നു. നേരം കുറേശ്ശെ ഇരുട്ടിത്തുടങ്ങി. ആദിത്യൻ മറഞ്ഞുകഴിഞ്ഞു.

"നിങ്ങളെന്നെ കൊല്ലുമോ?" ജലജ ഗൽഗദസ്വരത്തിൽ ചോദിച്ചു.

അവൾ അവിടെ നിന്നു.

"ഉവ്വ്!"—അവനും അവിടെ നിന്നു •

"കഷ്ടം!—എന്തിനായിട്ടാണു നിങ്ങളങ്ങനെ ചെയ്യുന്നത്?—

"എന്റെ കൊച്ചമ്മയുടെ തൃപ്തിക്കു" വിരൂപാക്ഷൻ മറുപടി നൽകി..



Digitized By Kerala Sahitya Akademi

"എന്നെക്കൊന്നിട്ടവക്കെന്തുവേണം? എനിക്കോൎമ്മയുള്ളിടത്തോളം അവരെ എൻെറ ജീവിതത്തിൽ ഇതുവരെ ഒരിക്കലെങ്കിലും ഒരു തരത്തിലും ഞാൻ ഉപദ്രവിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഒരു ചീത്തവാക്കു പറയുകയോ ഏതെങ്കിലും ജീവിക്കു് ഒരു ദോഷം ഞാൻ വരുത്തിക്കൂട്ടുകയോ ഇന്നേവരെ ഉണ്ടായിട്ടില്ല. ഞാൻ പറയുന്നതു വിശ്വസിക്കൂ. ഒരു എറുമ്പിനേയോ ഈച്ചയേയോ പോലും ഞാൻ ഉപദ്രവിച്ചിട്ടില്ല. മനസ്സറിയാതെ ഒരിക്കൽ ഞാനൊരു പൂച്ചിയുടെ മീതെ കയറി ചവുട്ടി. അതോൎത്തു് അന്നു മുഴുവൻ ഞാൻ കരഞ്ഞു. പിന്നെ എന്നോടീവൈരം തോന്നിയതെങ്ങിനെയാണു്?"

ഘാതകൻ മറുപടി പറഞ്ഞു.

"എൻെറ ജോലി, എൻെറ പ്രവൃത്തിയെക്കുറിച്ചു് യുക്തിവാദം ചെയ്യാനല്ല, അതു പ്രവൎത്തിക്കയാണു്; എന്നു പറഞ്ഞു് അവൻ കുപ്പായത്തിനടിയിൽ നിന്നും ഒരു മൂച്ചയേറിയ കഠാരം വലിച്ചു പുറത്തെടുത്തു. അതുകണ്ടു ജലജ ഭയംകൊണ്ടു് അരയാലിലപോലെ വിറച്ചു. പെട്ടെന്നു പുറകേനിന്നു് ഒരു താഡനമേററു ഘാതകൻ അവിടെ ഉരുണ്ടടിച്ചുവീണു. അവൻെറ കഠാരം കൈയിൽനിന്നു തെറിച്ചുപോയി. നാലഞ്ചു ഭീമകായന്മാർ ജലജയേയുംകൊണ്ടു് ഓടുന്നതുമാത്രം അവൻ കണ്ടു.

അവർ ചില കടൽക്കള്ളന്മാരായിരുന്നു. അവർ അവളേയുംകൊണ്ടു ദക്ഷിണസമുദ്രത്തിൽ ഉള്ള 'സോപാനരംഗം' എന്ന ദ്വീപിലേക്കു തിരിച്ചു അവർ അവളെ അവിടെക്കൊണ്ടുപോയി ഒരാൾക്കു് 'അടിമ'യാക്കി വിററു. എന്നാൽ അവളുടെ സൌന്ദൎയ്യസൗശീല്യങ്ങൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ നാടു മുഴുവൻ പരന്നു. അവൾ പലരേയും പാട്ടു് തുന്നൽ മുതലായവ പഠിപ്പിച്ചു. അതിൽനി

Digitized By Kerala Sahitya Akademi

ന്നു പ്രതിമാസം അവൾക്കു് ഒരു നല്ല തുക കിട്ടി. അതു് മുഴുവൻ അവൾ തന്റെ യജമാനനെ ഏല്പിച്ചു. അങ്ങിനെ അവർ സമ്പന്നരായി. എന്നു മാത്രമല്ല, അവക്ക് വളോട്ട് വലിയ സ്നേഹവും അനുകമ്പയും തോന്നി. അവളുടെ സകല സുഖസൌകര്യങ്ങളിലും അവർ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു.

ജലജയുടെ ബുദ്ധിസാമർത്ഥ്യത്തേയും പരിശ്രമശീലത്തേയും കുറിച്ചു നാട്ടാരെല്ലാം മുക്തകണ്ഠം പ്രശംസിച്ചുതുടങ്ങി. ആവിടത്തെ സചിവമണ്ഡലത്തിലെ ഒരംഗമായ മുരളീധരനു് അവളെ ഒന്നു ചെന്നു കാണുവാൻ വലിയ ആഗ്രഹം തോന്നി. അതനുസരിച്ചു് ഒരുദിവസം അയാൾ അവൾ താമസിച്ചിരുന്ന ഗൃഹത്തിൽ ചെന്നു. അവളുടെ സൗന്ദര്യവും വചോമാധുരിയും മുരളീധരനെ എന്തെന്നില്ലാതാകർഷിച്ചു. കേൾവിയെക്കാൾ പതിന്മടങ്ങു ഗുണഗണങ്ങൾ യഥാർത്ഥത്തിൽ അവൾക്കുണ്ടെന്നു സംസാരത്തിൽ നിന്നു് അയാൾക്കു ബോധമായി. അവൾ ഒരു കുലീനവംശത്തിൽ ജനിച്ചവളാണെന്ന ഒരു തോന്നൽ അയാൾക്കുണ്ടാവുകയും അവളുടെ അടിമത്വസ്ഥിതിയെ അവഗണിച്ചു് അവളെ വിവാഹം ചെയ്യണമെന്നു് അയാൾ മനസ്സുകൊണ്ടുറപ്പിക്കുകയുംചെയ്തു. അവളുടെ ജന്മവംശത്തെക്കുറിച്ചു് ആരെങ്കിലും ചോദിച്ചാൽ അവൾ നിശ്ശബ്ദമായിരുന്നു കരയുകയായിരുന്നു പതിവു്.

ശൈവലിനിയെ പേടിച്ചു്, ജലജയെ താൻ കൊന്നു സമുദ്രതീരത്തൊരു കുററിക്കാട്ടിൽ കുഴിച്ചിട്ടുവെന്നു്, വിരൂപാക്ഷൻ തിരിച്ചുചെന്നു് ആ നിഷ്ഠുരയെ അറിയിച്ചു നടന്ന സംഭവങ്ങളൊന്നുംതന്നെ അയാൾ ഒരു ജീവിയേയും ധരിപ്പിച്ചില്ല. പെട്ടെന്നൊരു സുഖക്കേടു പിടിപെട്ടു ജലജ മരിച്ചുപോയി എന്ന ഒരു ശ്രുതി പരത്തി ശൈവലിനി

Digitized By Kerala Sahitya Akademi

ആ ബാലികയുടെ ഒരു കപടസംസ്കാരകർമ്മം രാജകീയമാം വിധം നിർവഹിച്ചു. അവളുടെ ചരമത്തിൽ ഹൃദയശൂന്യയായ ആ രാക്ഷസി വലിയ സങ്കടം ഭാവിക്കുകയും മററുള്ളവർ അതുകണ്ടു വിശ്വസിച്ച് അവളിൽ വലിയ സഹതാപം പ്രകടിപ്പിക്കയും ചെയ്തു. അധികനാൾ താമസിയാതെ പ്രതാപൻ തൻെറ നർമ്മസചിവനായ വസന്തസേനനോടൊരുമിച്ചു തൻെറ പ്രിയനന്ദിനിയെക്കാണുന്നതിലേക്കായി മംഗളപുരിയിൽ എത്തി. അവളെ തൻെറ കൊട്ടാരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോകണമെന്നായിരുന്നു രാജാവിൻെറ ഉദ്ദേശം. അന്നു ജനനസമയത്ത് ആ പിഞ്ചുപൈതലിനെ കണ്ടതിൽ പിന്നീട് ഇതാ പതിന്നാലു സംപൂർണ്ണസംവത്സരങ്ങൾക്കു ശേഷമാണ് അദ്ദേഹം അവളെ കാണുവാൻ പോകുന്നത്. പത്നീവിയോഗമോർത്ത് അടക്കാനാകാത്ത സങ്കടം തോന്നിയെങ്കിലും പുത്രീമുഖദർശനോൽക്കണ്ഠയാൽ അദ്ദേഹത്തിൻെറ ഹൃദയം ആനന്ദപരിപൂരിതമായി. എന്നാലവിടെ ചെന്നപ്പോൾകേട്ട പ്രസ്താവം അദ്ദേഹത്തെ മോഹാലസ്യപ്പെടുത്തി. തൻെറ പുത്രി മരിച്ചുപോയി! എന്നൊരന്വേഷിക്കുവാൻപോലും അദ്ദേഹത്തിനു സാധിച്ചില്ല. ഒരക്ഷരമെങ്കിലും മിണ്ടാതെ അദ്ദേഹം ഉടൻതന്നെ കപ്പലിൽ കയറി തിരിച്ചു.

മംഗലപുരിയിൽനിന്നും കപ്പൽ 'സോപാനരംഗ'ത്തിൽ എത്തിച്ചേർന്നു. മുരളീധരൻെറ രമണീയഹർമ്മ്യം സ്ഥിതിചെയ്തിരുന്നതു കടൽത്തീരത്തായിരുന്നു ഒരുദിവസം അദ്ദേഹം മട്ടുപ്പാവിൽ ലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു കപ്പൽ അവിടെ വന്നടുക്കുന്നത് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപെട്ടു. അതിൻെറ കൊടിമരത്തിൽ പാറിപ്പറന്നിരുന്ന ചുവന്ന കൊടി അതേതോ രജോവിൻെറ കപ്പലാണെന്നു വെളിപ്പെടുത്തി. അതാരായിരിക്കുമെന്നറിയുവാനുള്ള ജിജ്ഞാസയോടെ മുരളീധരൻ ഒരു ചെറിയബോട്ടിൽ

Digitized By Kerala Sahitya Akademi

കയറി തുറമുഖത്തടുത്ത കപ്പലിലേക്കു തിരിച്ചു. മന്ത്രിയായ വസന്തസേനൻ അദ്ദേഹത്തെ സാദരം സ്വീകരിച്ചശേഷം ഇങ്ങനെ പറഞ്ഞു.

"സിംഹളത്തിലെ രാജാവായ പ്രതാപനാണദ്ദേഹം. ഞങ്ങൾ സ്വരാജ്യം വിട്ടിട്ട രണ്ടുമൂന്നുമാസക്കാലമായി. കടലിൽതന്നെ ഇങ്ങിനെ സഞ്ചരിച്ചുവരികയാണ്. ഇത്രയും കാലത്തിനിടയിൽ രാജാവിന്ന് ഒരു വലിയ മാററം വന്നുകൂടി. അദ്ദേഹം ആരോടും ഒരക്ഷരം സംസാരിക്കുന്നില്ല. എല്ലായ്പോഴും ഒരു മൌനം. അടുത്തു വല്ലവരും ചെല്ലുന്നതുതന്നെ അദ്ദേഹത്തിനു രസമില്ല; കഠിനമായ പല സങ്കടങ്ങളും തുടരെത്തുടരെ അദ്ദേഹത്തെ ബാധിച്ചതിൻെറ ഫലമാണിതു്. എന്തുചെയ്യാം? എന്നാലിതിൻെറ പ്രധാന കാരണം അദ്ദേഹത്തിൻെറ പ്രിയപത്നിയുടേയും ഓമനമകളുടേയും മരണമാണു്." അനന്തരം അദ്ദേഹം സകല സംഭവങ്ങളും മുരളീധരനെ വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. മുരളീധരൻ രാജാവിൻെറ സമീപം ചെന്നു പലതരത്തിലും അദ്ദേഹത്തെ ഒന്നു സംസാരിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും അതെല്ലാം വിഫലമായതേയുള്ളു. പെട്ടെന്നു ജലജയുടെ കാൎയ്യം അദ്ദേഹത്തിന്നു് ഓൎമ്മവന്നു. സമൎത്ഥയായ അവൾക്കു പക്ഷേ ഇക്കാൎയ്യം സാധിച്ചേക്കുമെന്നു തോന്നി. വസന്തസേനൻെറ അനുമതിപ്രകാരം അദ്ദേഹം അവൾക്കാളയച്ചു. ജലജ കപ്പലിൽ കയറി. ഉടനേതന്നെ അതിലുണ്ടായിരുന്നവൎക്കാകമാനം ഒരു സന്തോഷം തോന്നി. "അവൾ ഒരു നല്ല പെൺകുഞ്ഞാണു്" എന്നവരെല്ലാപേരും സാഹ്ളാദം ഉൽഘോഷിച്ചു. മുരളീധരൻ കാൎയ്യമെല്ലാം അവളെ പറഞ്ഞു മനസ്സിലാക്കി. അവൾ പറഞ്ഞു—"ഞാൻ ശ്രമിച്ചുനോക്കാം. പക്ഷേ എൻെറകൂടെ മററാരും അദ്ദേഹത്തിൻെറ മുറിയിലേയ്ക്കു വരരുതു്."

Digitized By Kerala Sahitya Akademi

അവൾ ആദ്യംതന്നെ രാജാവിൻെറ സമീപംചെന്നു് അദ്ദേഹം ആരാണെന്നും എവിടത്തെ രാജാവാണെന്നും മററും തിരക്കി. എന്നാൽ അദ്ദേഹം അതിനൊരക്ഷരം പോലും സമാധാനം പറഞ്ഞില്ല. അനന്തരം അവൾ അവളെക്കുറിച്ചുതന്നെ ഓരോന്നു പറയുവാൻ തുടങ്ങി. താൻ ഒരു വലിയ കടുംബത്തിൽ ജനിച്ചവളാണെന്നും ഹത വിധിയാലാണവൾക്കിങ്ങിനെ ഒരടിമയായി ജീവിക്കേണ്ടി വന്നതെന്നും മററും പ്രസ്താവിച്ചു. എന്നാൽ താനാരെ ന്നോ തൻെറ മാതാപിതാക്കന്മാർ ഇന്നവരാണെന്നോ ഉള്ള കാൎയ്യം മാത്രം അവൾ അദ്ദേഹത്തെ ധരിപ്പിച്ചില്ല. പെട്ടെന്നു് അവളുടെ ശാന്തമായ മധുരസ്വരത്താൽ ആകൃഷ്ടനായ രാജാവു് തല ഉയൎത്തി അവളെ സൂക്ഷിച്ചുനോക്കി. അദ്ദേഹത്തിനു് അവിചാരിതമായ ഒരാശ്ചൎയ്യം ജനിച്ചു. തൻെറ മരിച്ചുപോയ പ്രണയിനിയുടെ തൽസ്വരൂപ ത്തിൽ ഒരു പെൺകിടാവു മുൻപിൽ നിൽക്കുന്നതു കണ്ടു് പ്രതാപൻ എന്തെന്നില്ലാതത്ഭുതപ്പെട്ടു. ഏറെ നാളായി സംസാരിക്കാതിരുന്ന അദ്ദേഹം അടക്കാനാകാത്ത വികാരാ വേശത്തോടെ പെട്ടെന്നിങ്ങനെ വിളിച്ചുപറഞ്ഞു:—"ഹാ! ഇതുപോലെതന്നെയായിരുന്നു എൻെറ സാനുമതി...അതു പോലെൻെറ മകളും ജീവിച്ചിരുന്നുവെങ്കിൽ, ഇന്നു് ഈ പ്രായത്തിൽ ഈ ബാലികയെപ്പോലെതന്നെ ഇരിക്കുമായി രുന്നു. അതാ സാനുമതിയുടെ അതേരൂപംതന്നെയാണി വളും. ഒരേ ഛായ! കുഞ്ഞേ, നീ എവിടെത്താമസിക്കു ന്നു? ആരാണു് നിൻെറ അച്ഛനമ്മമാർ?......നിയെന്തൊ ക്കെയോ സങ്കടങ്ങൾ അനുഭവിക്കയുണ്ടായി എന്നെല്ലാം കുറച്ചു മുൻപു പറഞ്ഞല്ലോ; ഇല്ലേ?

"ഉവ്വ്; ഞാനതു സൂചിപ്പിക്കയുണ്ടായി."

"എന്നാലതെന്തെല്ലാമാണെന്നു് എന്നോടു വിസ്തരി ച്ചു പറയുക. ഞാനും അത്യധികംക്ലേശങ്ങൾ അനുഭവി

Digitized By Kerala Sahitya Akademi

ച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യനാണ്. നമുക്കു നമ്മുടെ മനോവ്യഥകൾ പരസ്പരം കൈമാറാം. അതിരുകൂട്ടുക്കും അല്പം ആശ്വാസമായിരിക്കും...വരൂ. ഇവിടെ എൻെറ അടുത്തുവന്നിരിക്കൂ. കുഞ്ഞേ, ദയവുചെയ്തു് നിൻെറ കഥകൾ എന്തെല്ലാമാണെന്നു് എന്നോടു പറയൂ!"

"എൻെറ പേർ 'ജലജ' എന്നാണു്." അവൾ ആരംഭിച്ചു. "അമ്മേ എന്നെ കടലിൽവച്ചു പ്രസവിച്ചതുകൊണ്ടാണു് അച്ഛൻ എനിക്കാപേരിട്ടതു്."

"എന്തിനാണു കുഞ്ഞേ എന്നെ ഇങ്ങനെ കളിപ്പിക്കുന്നതു്? നിൻെറ സംസാരം കേട്ടാൽ ലോകംമുഴുവൻ ചിരിച്ചു തലതല്ലിപ്പോകും."

"അവിടുന്നു ക്ഷമിച്ചിരുന്നു ഞാൻ പറയുന്നതു മുഴുവൻ കേൾക്കണം" ജലജ തടഞ്ഞു പറഞ്ഞു. 'അതിനു ഭാവമില്ലെങ്കിൽ ഞാനിനി ഒന്നും പറയുകയില്ല.'

"ഇല്ല, ഞാൻ അടങ്ങിയിരുന്നു കേൾക്കാം കുഞ്ഞേ, ജലജ എന്ന പേർകേട്ടു പെട്ടെന്നു ഞാനൊന്നമ്പരിച്ചുപോയി എന്നേയുള്ളു."

"എൻെറ അച്ഛൻ ഒരു രാജാവായിരുന്നു."

"എന്തു്? ഒരു രാജാവോ? പേരു് 'ജലജ'യെന്നോ? അച്ഛനാണു് ആ പേരിട്ടതെന്നോ? ഈശ്വരാ! ഇതെന്തു്—?"

"എൻെറ അമ്മ ഒരു രാജകുമാരിയായിരുന്നു അമ്മ കടലിൽവച്ചാണു് എന്നെ പ്രസവിച്ചതു്. എന്നെ പ്രസവിച്ച ഉടൻതന്നെ അമ്മ മരിച്ചുപോയി. അച്ഛൻ എ

Digitized By Kerala Sahitya Akademi

ന്നെ മംഗളാപുരിയിൽ കൊണ്ടുചെന്നു് പുഷ്പശരൻെറയും അയാളുടെ ഭാൎയ്യയായ ശൈവലിനിയുടേയും കൈവശം വള ൎത്താനേല്പിച്ചിട്ടുപോയി. എൻെറ ധാത്രിയായി രുദ്രാണി എന്നൊരു സ്ത്രീയെ അച്ഛൻ എന്നോടൊന്നിച്ചു താമസി പ്പിച്ചു. ആ സ്ത്രീ മരിച്ചുപോയി. ശൈവലിനി ഒരുദിവ സം എന്നെ കൊല്ലണമെന്നു ശട്ടംകെട്ടി ഒരുവൻെറകൂടെ എന്നെ കടൽക്കരയിലേക്കു നടക്കാനയച്ചു എന്നാൽ ഏതാനും കടൽക്കള്ളന്മാർ എന്നെ ആ ഘാതകനിൽനിന്നും രക്ഷിച്ചു് ഇവിടെ കൊണ്ടുവന്നു് ഒരാൾക്കു വിററു. എ ന്നാൽ, അയ്യോ, അവിടുന്നെന്താണിങ്ങനെ കരയുന്നതു്?... ഞാൻ കളവുപറയുകയാണെന്നാണോ വിചാരം? എന്നാ ലങ്ങിനെയല്ല...ഞാൻ സിംഹളരാജ്യത്തിലെ രാജാവായ പ്രതാപൻെറ മകളാണു്. അദ്ദേഹം ഇപ്പോൾ ജീവിച്ചി രിക്കുന്നുണ്ടോ എന്തോ!"

പെട്ടെന്നു് ആനന്ദാതിരേകത്താൽ പൊട്ടിച്ചിരിച്ചു കൊണ്ടു് അദ്ദേഹം ഭൃത്യന്മാരെ വിളിച്ചു. രാജാവു സംസാ രിച്ചതിൽ സന്തുഷ്ടരായ അവർ അത്യുത്സാഹത്തോടെ അദ്ദേഹത്തിൻെറ അടുത്തേക്കോടിച്ചെന്നു. "എൻെറ വസന്തസേനാ," അദ്ദേഹം മന്ത്രിയോടായി പറഞ്ഞു. 'ഈശ്വരൻ നമ്മെ രക്ഷിച്ചു ഇതാ നിൽക്കുന്നു, എൻെറ പൊന്നുമകൾ ജലജ. അവൾ മരിച്ചിരുന്നില്ല...ശൈവ ലിനി അവളെ കൊല്ലുമായിരുന്നു പക്ഷേ എൻെറഭാഗ്യം— എൻെറ ഈശ്വരൻ—എന്നെ രക്ഷിച്ചു. അവളോടു ചോ ദിക്കു. അവളെല്ലാം പറയും...ആട്ടെ, ഇദ്ദേഹം ആരാണു്?"

"ഇദ്ദേഹം ഈ രാജ്യത്തിലെ ഒരു മന്ത്രിയാണു്; അങ്ങയെ കാണാനായി ഇവിടെ വന്നു."

"അല്ലയോ മഹാത്മനായ മന്ത്രിസത്തമ, വരൂ; ഇരി ക്കൂ! എൻെറ സകല സന്താപങ്ങളും അസ്തമിച്ചു. എനി

Digitized By Kerala Sahitya Akademi

ക്കെൻെറ ഭാഗ്യതാരം തിരിച്ചുകിട്ടി. സ്വശക്തൻ എന്നെ കൈവെടിഞ്ഞില്ല. എനിക്കെന്തോ ഒരുറക്കം വരുന്നു. ഒന്നു കിടന്നാൽ കൊള്ളാം.''

മുരളീധരൻ അദ്ദേഹത്തെ പിടിച്ച് ഒരു മെത്തയിൽ കിടത്തി അടുത്തുതന്നെ ഇരുന്നു. അല്പ നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം ഉറങ്ങിപ്പോയി.

ഉറക്കത്തിൽ പ്രതാപൻ ഒരു സ്വപ്നം കണ്ടു. ഭദ്രേശ്വരത്തിലെ ദുർഗ്ഗാദേവി പ്രത്യക്ഷപ്പെട്ട്, താൻ ആ അംബികയുടെ ക്ഷേത്രത്തിൽ ദർശനം നടത്തണമെന്നും തൻെറ അതുവരെയുള്ള ആപൽസംഭവങ്ങളെല്ലാം ദേവിയെ വിസ്തരിച്ചുപറഞ്ഞുകേൾപ്പിക്കണമെന്നും, എന്നാൽ തനിക്കു ഒരു മഹാഭാഗ്യം കരഗതമാകുമെന്നും ദേവി തന്നോടരുളിച്ചെയ്തതായി പ്രതാപനു തോന്നി.

അദ്ദേഹം മുരളീധരൻെറ ക്ഷണമനുസരിച്ചു രണ്ടുമൂന്നു ദിവസം അദ്ദേഹത്തിൻെറ കൊട്ടാരത്തിൽ ചെന്നു താമസിച്ചു. പ്രതാപനു മുരളീധരൻെറ പേരിൽ വലിയ സ്നേഹവും ബഹുമാനവും തോന്നി ജലജ അദ്ദേഹത്തിൻെറ വിശിഷ്ടഗുണങ്ങളെക്കുറിച്ചു തൻെറ പിതാവിനെ പറഞ്ഞുകേൾപ്പിച്ചു. അവരിരുവരും പരസ്പരം ഹൃദയപൂർവ്വം സ്നേഹിച്ചിരുന്നുവെന്നു പ്രതാപനു മനസ്സിലായി. അവർ മൂന്നുപേരുംകൂടി അനന്തരം ദുർഗ്ഗാദർശനത്തിനായി താരാപുരത്തേക്കു തിരിച്ചു.

അവർ ഒരുദിവസം പ്രഭാതത്തിൽ ദേവീദർശനത്തിനായി ക്ഷേത്രത്തിൽ ചെന്നു. നടയ്ക്കലായി ഒരു സ്ത്രീ തൊഴുതുകൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. പ്രദക്ഷിണം വച്ചുവരുന്ന പ്രതാപനെ കണ്ടമാത്രയിൽ ആ സ്ത്രീക്ക് എന്തോ ഒരു സംശയത്തിൻെറ നിഴൽ മുഖത്തു വ്യാപിച്ചു. രാജാവു നടയ്ക്കലേക്കുവന്നു. അവൾ ഒരു വശത്തേയ്ക്കൊഴിഞ്ഞുനി

Digitized By Kerala Sahitya Akademi

ന്നു. രാജാവിൻെറ സ്വരം അവൾ പ്രത്യേകം ശ്രദ്ധിച്ചു. തനിക്കതു പരിചയമുള്ളതുപോലെ അവൾക്കുതോന്നി.

രാജാവു് ശോകമയമായ ഒരു ഗൽഗദസ്വരത്തിൽ ഭക്തിയോടായി ഇങ്ങനെ തൊഴുതുപറഞ്ഞു:—

"അംബികേ! ദേവി! കരുണാമയിയായ അവിടത്തെ ആജ്ഞയനുസരിച്ചു എൻെറ സങ്കടങ്ങളെല്ലാം ഞാനിതാ അവിടത്തെ സന്നിധിയിൽ വന്നുണർത്തിച്ചുകൊള്ളുന്നു. ഞാൻ സിംഹളത്തിലെ രാജാവാണു്. നാട്ടിൽനിന്നൊളിച്ചോടിയ ഞാൻ ഉമാലയത്തിൽചെന്നു അവിടത്തെ രാജാവിൻെറ മകളായ സാനുമതിയെ വിവാഹം കഴിച്ചു. അവൾ കടലിൽവച്ചു് ഒരു കുഞ്ഞിനെ പ്രസവിക്കയും തൽക്ഷണംതന്നെ മൃതിയടയുകയും ചെയ്തു. എൻെറ കുഞ്ഞിനെ ഞാൻ മംഗളാപുരിയിൽ കൊണ്ടുപോയി വളത്തുവാൻ പുഷ്പശരനെ ഏല്പിച്ചു. അവൾക്കു പതിനാലുവയസ്സായപ്പോൾ അയാളുടെ ഭാര്യയായ ശൈവലിനി അവളെ ഗൂഢമായി കൊല്ലാനൊരുമ്പെട്ടു എന്നാൽ അല്ലയോ ദേവി! അവിട്ടന്നതു സമ്മതിച്ചില്ല. ആ ഘാതകൻെറ അടുത്തുനിന്നും അവിടന്നു് എൻെറ മകളെ രക്ഷിച്ചു് സോപാനരംഗത്തിൽ കൊണ്ടുചെന്നാക്കി. അവിട്ടത്തെ കാരുണ്യത്താൽ എനിക്കു് അവിടെ ചെല്ലുവാനും യദൃച്ഛയാ എൻെറ ഈ പൊന്നുമകളെ കണ്ടെത്തുവാനും ഇടയായി."

പ്രതാപൻെറ ഈ പ്രസ്താവം കേട്ടുനിന്ന ആ സ്ത്രീ തൽക്ഷണം "ഹാ! എൻെറ പ്രാണനാഥാ!—" എന്നു കരഞ്ഞുകൊണ്ടു നിശ്ചേഷ്ടയായി നിലംപതിച്ചു. പലരും ഓടിവന്നവളെ ശുശ്രൂഷിക്കാൻ തുടങ്ങി. അപ്പോഴേക്കും ദേവീദർശനത്തിനായി ഹരീന്ദ്രനാഥനും അവിടെവന്നെത്തി. സംഗതികളെല്ലാം അറിഞ്ഞുടൻ അദ്ദേഹം പ്രതാപനെ വിളിച്ചിങ്ങിനെ പറഞ്ഞു:—"പ്രഭോ! അവിട്ടന്നു് ദേവിയോ

Digitized By Kerala Sahitya Akademi

ട്ടണത്തിച്ച കഥകളെല്ലാം പരമാൎത്ഥമാണെങ്കിൽ ഈ സ്ത്രീ അവിടുത്തെ ധൎമ്മപത്നിയാണ്."

"അയ്യോ, അങ്ങെന്താണീ പറയുന്നതു്?" രാജാവു പറഞ്ഞു: "ഒരിക്കലും അല്ല. എൻെറ ഈ കൈകൊണ്ടാണ് ഞാനവളെ ഒരു പെട്ടിയിലിട്ടടച്ചു കടലിൽ തള്ളിയതു്."

അനന്തരം ഹരീന്ദ്രനാഥൻ സകല സംഭവങ്ങളും അദ്ദേഹത്തെ അറിയിച്ചു. അപ്പോഴേക്കും ആ സ്ത്രീ മോഹാലസ്യമെല്ലാം നീങ്ങി എഴുനേററു. "ഹാ! പ്രാണനാഥാ!" അവൾ പറഞ്ഞു: "അങ്ങു് പ്രതാപമഹാരാജാവല്ലേ? അദ്ദേഹത്തിൻെറ ശബ്ദംപോലെ എനിക്കു തോന്നുന്നു. ഒരു കൊട്ടങ്കാററിനേയും ഒരു കുഞ്ഞിൻെറ ജനനത്തേയും ഒരു സ്ത്രീയുടെ മരണത്തേയുംകുറിച്ചു് അവിടുന്നു ദേവിയോടുണത്തിച്ചില്ലേ?"

അത്ഭുതാവേശത്തോടെ പ്രതാപൻ ഉൽഘോഷിച്ചു.

"ഹാ! മരിച്ചുപോയ സാനുമതിയുടെ മധുരസ്വരം!"

"ആ സാനുമതി ഞാൻതന്നെയാണ്." അവൾ പറഞ്ഞു: "ഞാൻ മരിച്ചുപോയി എന്നവിടുന്നു വിചാരിച്ചു. എന്നാൽ ഞാൻ മരിച്ചിരുന്നില്ല."

"മായാരൂപിണിയായ ദേവി! ഇതെല്ലാം അത്യന്തം വിസ്മയജനകമായിരിക്കുന്നു."

"നാഥാ! ഞാനിപ്പോൾ അങ്ങയെ നല്ലപോലറിയുന്നു. നാം ഉമാലയത്തിൽനിന്നും അച്ഛനോടു് കരഞ്ഞുകൊണ്ടു് യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ അദ്ദേഹം അവിടുത്തെ കയ്യിൽ ഇട്ടുവിച്ച ആ വജ്രമോതിരം ഞാൻ നല്ലപോലെ തിരിച്ചറിയുന്നു."

"എൻെറ പ്രിയപ്പെട്ട സാനുമതി! ദുൎഗ്ഗാദേവി നമ്മെയെല്ലാം രക്ഷിച്ചു! ജലജം, ഇതാനില്ക്കുന്നു നിൻെറഅമ്മ!"

Digitized By Kerala Sahitya Akademi

ജലജ സാനുമതിയുടെ പാദത്തിൽ നമസ്കരിച്ചു. അവളെ പിടിച്ചെഴുന്നേല്പിച്ചു മാറോടു ചേൎത്തു്, അവളുടെ ശിരസ്സിൽ ഹൎഷാശ്രുക്കളോടെ ചുംബിച്ചുകൊണ്ടു് സാനുമതി പറഞ്ഞു:—

"എന്റെ പൊന്നുമകളേ! നമ്മെയെല്ലാം കാത്തുരക്ഷിച്ച ദുൎഗ്ഗാദേവി എന്റെ ഓമനയെ രക്ഷിക്കട്ടെ!"

"എന്നാൽ, ആ ദുൎഗ്ഗാദേവിയുടെ ദിവ്യസന്നിധാനത്തിൽവച്ചു് നമുക്കു മറ്റൊരു മംഗളകൎമ്മംകൂടി നിൎവ്വഹിക്കാം"

എന്നുപറഞ്ഞുകൊണ്ടു് മുരളീധരന്റെ കൈപിടിച്ചു ജലജയുടെ കരപുടത്തിൽ ചേൎത്തു് "കുഞ്ഞുങ്ങളേ! ദുൎഗ്ഗാദേവി നിങ്ങളെ കാത്തുരക്ഷിക്കട്ടെ!" എന്നു പ്രതാപൻ ആശംസിച്ചു. ജലജ ലജ്ജിച്ചു മുഖംതാഴ്ത്തി അനന്തരം അത്യാനന്ദപൂൎവ്വം വലിയ ആഘോഷങ്ങളോടുകൂടി കപ്പൽ അലങ്കരിച്ചു് അവരെല്ലാമൊരുമിച്ചു് സിംഹളത്തിലേക്കു തിരിച്ചുപോന്നു.

ഇനി ഒരു കാൎയ്യം മാത്രമേ പറയുവാനുള്ളു. ശൈവലിനിയുടെ പാതകം പെട്ടെന്നു നാടൊട്ടുക്കു കാട്ടുതീപോലെ പരന്നു. ജനങ്ങൾ ഒന്നായിളകി അവളുടെ ഗൃഹത്തിനു തീവെച്ചെരിക്കയും അവളുടെ മകളെ വെട്ടിക്കൊല്ലുകയും ചെയ്തു. നിരാധാരയായ ശൈവലിനി ഇതെല്ലാം കണ്ടു ദുസ്സഹമായ ഹൃദയവേദനയോടെ ഒരു ഭ്രാന്തിയെപ്പോലെ ഓരോ പിച്ചുപുലമ്പിക്കൊണ്ടു മംഗളാപുരിയിലെ തെരുവീഥികൾതോറും അലഞ്ഞുനടന്നു. ഒടുവിൽ ഒരുദിവസം പ്രഭാതത്തിൽ അവളുടെ വികൃതപ്രേതം സമുദ്രത്തിലെ കല്ലോല്പമാലകളിൽ കിടന്നു പന്താടുന്നതു കാണാറായി?

നന്മചെയ്താൽ ഫലം നന്മതന്നെയായിരിക്കും, തിന്മയ്ക്കു തിന്മയും!!

Digitized By Kerala Sahitya Akademi

# സമുദ്രമദ്ധ്യത്തിൽ

പശ്ചിമസമുദ്രത്തിലുള്ള ഒരു മനോഹരമായ ദ്വീപായിരുന്നു 'ശ്യാമളശൈലം.' അവിടെ അനേകസംവത്സരങ്ങൾക്കുമുൻപു് സനാതനൻ എന്ന ഒരു വൃദ്ധനും അയാളുടെമകൾ ഹൈമവതിയുമല്ലാതെ മനുഷ്യജാതിയിൽ മററാരുംതന്നെ ഉണ്ടായിരുന്നില്ല മോഹനാംഗിയായ ഒരു തരുണീരത്നമായിരുന്നു, ഹൈമവതി. അവൾ ഒരു പിഞ്ചു പൈതലായിരുന്നകാലത്താണു് ഈ ദ്വീപിൽ വന്നുചേന്നതു്; തന്മൂലം സ്വപിതാവിനെയല്ലാതെ മറെറാരു മനുഷ്യജീവിയെ കണ്ടിട്ടുള്ളതായി അവൾക്കോർമ്മപോലുമില്ല.

വലുതായ ഒരു പാറക്കെട്ടിനകത്തുള്ള ഒരു ഗുഹാഗൃഹത്തിലാണു് അവർ താമസിച്ചിരിരുന്നതു്. അതിലെ, പലതായിവിഭജിക്കപ്പെട്ടിരുന്ന അറകളിൽ ഒന്നിനെ, സനാതനൻ തന്റെ 'വായനമുറി'യെന്നു വിളിച്ചു. അക്കാലത്തു് വിദ്വൽജനങ്ങളാകമാനം മറെറന്തിനേയുംകാളധികം ആദരിച്ചുപോന്ന 'മന്ത്രശാസ്ത്ര'ത്തെ പുരസ്കരിച്ചുള്ള ഒട്ടധികം അപൂർവഗ്രന്ഥങ്ങൾ അദ്ദേഹം അതിനുള്ളിൽ സൂക്ഷിച്ചിരുന്നു. ഈ കലയെക്കുറിച്ചുള്ള ജ്ഞാനം തനിക്കത്യന്തം ഉപകരിക്കുന്നതായി സനാതനൻ കണ്ടു. അദ്ദേഹത്തിന്റെ ആഗമത്തിനുമുൻപു് ആ ദ്വീപപ്രദേശം "കുഹരിണി" എന്ന ഒരാഭിചാരികയുടെ ആവാസരംഗമായിരുന്നു; സനാതനൻ അവിടെയെത്തുന്നതിനൽപകാലം മുൻപാണു് അവൾ പരലോകം പ്രാപിച്ചതു്. ഏതോ ഒരു വിചിത്രയോഗത്താൽ അദ്ദേഹം അവിടങ്ങിനെയെത്തിച്ചേന്നുവെന്നേയുള്ളൂ. തന്റെ ക്രൂരമായ ആജ്ഞകൾക്കു വിധേയരാകാഞ്ഞതിനാൽ വന്മരങ്ങളുടെ തടികളോടുചേത്തു്

Digitized By Kerala Sahitya Akademi

കുഹരിണി ബന്ധിച്ചിട്ടിരുന്ന അസംഖ്യം ദേവതകളാണു്, അവിടെ വന്നെത്തിയ ഉടൻ സനാതനന്റെ കണ്ണിൽപെട്ടതു്. മന്ത്രശക്തിയാൽ അദ്ദേഹം അവരെയെല്ലാം മോചിപ്പിച്ചു. ശാന്തശീലരായ ആ ദേവതകൾ അതിനുശേഷം സനാതനന്റെ ആജ്ഞാനുകാരികളായിത്തീൎന്നു. ഇവരുടെയെല്ലാം തലവനായിരുന്നു, പ്രഭഞ്ജനൻ.

അവരോടൊന്നിച്ചു് കലാപൻ എന്നു പേരുള്ള ഒരു "മാടൻ"കൂടിയുണ്ടായിരുന്നു. അവൻ, തന്റെ പഴയ ശത്രുവായ കുഹരിണിയുടെ പുത്രനായതുകൊണ്ടു്, അവനെ പ്രഭഞ്ജനൻ അത്യധികം വെറുത്തു. അവനോടുള്ള ഈ പകനിമിത്തം, തരംകിട്ടുമ്പോളെല്ലാം പ്രഭഞ്ജനൻ അവനെ ഉപദ്രവിക്കാൻ നോക്കും. ഈ ഒരു 'കുസൃതിത്തര'മല്ലാതെ ഉന്മേഷശീലനായ പ്രഭഞ്ജനന്റെ സ്വഭാവത്തിനു മറവു പറയത്തക്ക യാതൊരു ദൂഷ്യവും ഉണ്ടായിരുന്നില്ല. കാട്ടിനുള്ളിലാണു് സനാതനൻ ആദ്യമായി ഈ കലാപനെ കണ്ടെത്തിയതു്. അദ്ദേഹം അവനെ സ്വവസതിയിൽ കൂട്ടിക്കൊണ്ടുപോയി, സംസാരിക്കുവാൻ അഭ്യസിപ്പിച്ചു. അദ്ദേഹം അവനോടു് എത്രയും കരുണ കാണിക്കുമായിരുന്നു. പക്ഷേ, എന്തുചെയ്യാം? മാതാവിൽനിന്നും കിട്ടിയിട്ടുള്ള 'വഷളത്തരം' പ്രയോജനകരമായ സൽക്കാൎയ്യങ്ങൾക്കൊന്നിനും അവനെ അനുവദിക്കുകയില്ല. അതിനാൽ കേവലം ഒരടിമയെപ്പോലെ കാട്ടിൽനിന്നു വിറകു വെട്ടിക്കൊണ്ടുവരുന്നതിനും, ഏററവും അദ്ധ്വാനമുള്ള മററോരോ 'വിട്ടുവേല'കൾ ചെയ്യുന്നതിനുമായിട്ടാണു് അവനെ നിയോഗിച്ചിരുന്നതു്. ഈവക സേവനങ്ങൾ അവനെ നിർബന്ധിച്ചുചെയ്യിക്കുവാനുള്ള ഭാരമായിരുന്നു പ്രഭഞ്ജനനു്. പ്രകൃത്യാ 'മുഴുമടിയ'നായ കലാപൻ ജോലിചെയ്യാതിരിക്കുന്ന അവസരങ്ങളിൽ പ്രഭഞ്ജനൻ പതുക്കെ അവന്റെ സമീപമെത്തും; (സനാതനനൊഴികെ മററാരുടെ

Digitized By Kerala Sahitya Akademi

ദൃഷ്ടികൾക്കും, അദൃശ്യനായിരുന്നു, അവൻ.) മരത്തണലിൽ 'ചുമ്മാകുത്തിയിരിക്കുന്ന' അവന്റെ പുറത്തു് ഒരു 'നുള്ളു' കൊടുക്കും; ചിലപ്പോളവനെ ചളിയിൽ മറിച്ചിട്ടുരുട്ടും; അനന്തരം പ്രഭഞ്ജനൻ ഒരു മനുഷ്യക്കുരങ്ങിന്റെ രൂപമെടുത്തു് മുൻപിൽവന്നുനിന്നു് അവന്റെ നേരേ പല്ലിളിച്ചു കാണിക്കും; അടുത്തമാത്രയിൽ ഒരു മുള്ളൻപന്നിയായി അവന്റെ നേരേ പാഞ്ഞെത്തും; മുള്ളൻപന്നിയുടെ മുള്ളുകൾ തന്റെ നഗ്നപാദങ്ങളിൽ തറച്ചുകയറുമെന്നുള്ള ഭയം കലാപന്നു പാമ്പുപോലുണ്ടായിരുന്നതിനാൽ, അവൻ പരിഭ്രാന്തനായി അവിടെനിന്നും ഒരു പറ പറക്കും; സനാതനൻ ഭരമേൽപിച്ചിട്ടുള്ള ജോലിക്കെപ്പോഴെങ്കിലും ലേശം മുടക്കംവരുത്തിയാൽ, ഏവംവിധമുള്ള ഉപദ്രവങ്ങളാൽ അവനെ അലട്ടുകയായിരുന്നു, പ്രഭഞ്ജനന്റെ പതിവു്

സുശക്തന്മാരായ ഈ ദേവതകൾ സ്വാധീനത്തിലുള്ളതിനാൽ, അവരുടെ സഹായത്താൽ, കടലിലെ തിരമാലകളേയും കാററുകളേയും നിയന്ത്രിക്കുവാൻ, സനാതനനു് സാധിച്ചു. അദ്ദേഹത്തിന്റെ കൽപന അനുസരിച്ചു് ഒരുദിവസം അവർ അതിഘോരമായ ഒരു കൊടുങ്കാററുണ്ടാക്കി. അതിലകപ്പെട്ടു്, ആർത്തിരമ്പുന്ന തിരമാലകളിൽ, അനുനിമിഷം അധോമുഖമായിക്കറങ്ങിത്തിരിയുന്ന ഒരു കപ്പലിനെ അദ്ദേഹം മകൾക്കു് കാണിച്ചുകൊടുത്തു്, തങ്ങളെപ്പോലുള്ള മനുഷ്യജീവികളാണു് അതിനുള്ളിലുള്ളതെന്നു ധരിപ്പിച്ചു. "അയ്യോ! എന്റെ പ്രിയപ്പെട്ട അച്ഛാ," അവൾ പറഞ്ഞു, "അങ്ങയുടെ പ്രകൃതിയാലാണു് ഈ കൊടുങ്കാററുണ്ടാക്കിയതെങ്കിൽ, അവരുടെ ഈ ദയനീയമായ ആപൽഘട്ടത്തിൽ അവരോടു് കനിവുണ്ടാകണേ! നോക്കൂ, കപ്പലിപ്പോൾ ഛിന്നാഭിന്നമായിപ്പോകും. പാവങ്ങൾ! അവരെല്ലാം നശിക്കും! എനിക്കു ശക്തിയുണ്ടെങ്കിൽ, ആ അമൂല്യാത്മാക്കൾ നശിച്ചുപോകുന്നതിനു

Digitized By Kerala Sahitya Akademi

പോകരം, ഞാൻ ഭൂമിക്കടിയിൽ സമുദ്രം താഴ്ത്തിക്കളയുമായിരുന്നു."

"മകളേ, ഹൈമവതി! നീയൊട്ടും പരിഭ്രമിക്കേണ്ട" സനാതനൻ സമാധാനിപ്പിച്ചു: "യാതൊരുപദ്രവവും നേരിടുകയില്ല. കപ്പലിലുള്ളവർക്കാർക്കും ലേശംപോലും ആപത്തുണ്ടാകാതിരിക്കാൻ വേണ്ട ഏൎപ്പാടുകളെല്ലാം ഞാൻ ചെയ്തിട്ടുണ്ടു്. എന്റെ ഓമനക്കുഞ്ഞേ, ഞാനിതെല്ലാം ചെയ്തിട്ടുള്ളതു നിനക്കുവേണ്ടിയാണു്. ഞാൻ നിന്റെ അച്ഛനാണെന്നും, ഈ മോശപ്പെട്ട ഗുഹയിലിങ്ങനെ താമസിക്കുന്നവെന്നും അല്ലാതെ, നീയാരാണെന്നോ എവിടെനിന്നു വന്നുവെന്നോ നിനക്കറിഞ്ഞുകൂടാ. ഈ ഗുഹയിൽ വരുന്നതിനു മുമ്പുള്ള കാലത്തെക്കുറിച്ചെന്തെങ്കിലും നിനക്കോൎമ്മയുണ്ടോ?. ഉണ്ടാകാൻ തരമില്ല. നിനക്കന്നു കഷ്ടിച്ചു മൂന്നുവയസ്സേ പ്രായമായിരുന്നുള്ളു."

"ചിലതെല്ലാം, എന്നാലും, എനിക്കോൎമ്മയുണ്ടച്ഛാ" ഹൈമവതി പറഞ്ഞു.

"ഉം? എന്താണതു്?" സനാതനൻ ഉൽക്കണ്ഠയോടെ തിരക്കി. "മററു വല്ല ഗുഹത്തേയോ ആളുകളേയോ നിനക്കോൎമ്മയുണ്ടോ? കുഞ്ഞേ, നിനക്കോൎമ്മയുള്ളതെന്താണെന്നു എന്നോടു പറയുക!"

"എനിക്കൊരു സ്വപ്നംപോലെ തോന്നുന്നു" ഹൈമവതി പറഞ്ഞു:—"പക്ഷേ, ഒരിക്കൽ എന്നെ പരിചരിക്കുന്നതിലേക്കായി എനിക്കു നാലോ അഞ്ചോ തോഴിമാർ ഉണ്ടായിരുന്നില്ലേ, അച്ഛാ?"

സനാതനൻ പ്രതിവദിച്ചു: ഉവ്വ്; നാലഞ്ചല്ല, അതിലധികം തോഴിമാർ നിനക്കുണ്ടായിരുന്നു. ഇക്കാൎയ്യം ഇപ്പോഴും നിന്റെ മനസ്സിൽ തങ്ങിനില്ക്കുന്നതെങ്ങനെയാ

Digitized By Kerala Sahitya Akademi

ണു്? ആട്ടെ, നീ എങ്ങിനെ ഇവിടെ വന്നുവെന്നു നിന ക്കോർമ്മയുണ്ടോ?"

"ഇല്ല, അച്ഛാ" ഹൈമവതി സമ്മതിച്ചു "ഇതിൽ കൂടുതലായൊന്നുംതന്നെ എനിക്കോർമ്മയില്ല."

"പന്ത്രണ്ടു കൊല്ലംമുമ്പു്," സനാതനൻ തുടൎന്നു: "ഹൈമവതി!, ഞാൻ 'മരതകമംഗല'ത്തെ രാജാവായിരു ന്നു. ഒരു രാജകുമാരിയും എൻെറ ഏകാവകാശിനിയും ആ യിരുന്നു, നീ. എനിക്കു ഭാനുവിക്രമൻ എന്നു പേരോടു കൂടി ഒരു അനുജനുണ്ടായിരുന്നു. അവനെ വലിയ വിശ്വാ സമായിരുന്നു എനിക്കു് ഏകാന്തവാസവും, അഗാധ മായ ഗ്രന്ഥപാരായണവും എനിക്കത്യന്തം പ്രിയതരമായി രുന്നതിനാൽ രാജ്യകാൎയ്യങ്ങൾ മിക്കവാറും നിൻെറ പിതൃവ്യ നേയാണു ഞാൻ ഭരമേൽപിച്ചിരുന്നതു്. ലോകകാൎയ്യങ്ങ ളിലെല്ലാം അലസനായി, ഗ്രന്ഥപാരായണത്തിൽതന്നെ ഏകാഗ്രമായ ശ്രദ്ധ പതിപ്പിച്ചു് എൻെറ സമയം മുഴു വൻ ഞാൻ ജ്ഞാനസമ്പാദനത്തിനായി ചെലവഴിച്ചു. അ ങ്ങനെ എൻെറ അധികാരമെല്ലാം സ്വാധീനമായപ്പോൾ താൻതന്നെയാണു രാജാവെന്നു ഭാനുവിക്രമൻ ഭാവിക്കാൻ തുടങ്ങി. പ്രജകളുടെയിടയിൽ സ്വാധീനശക്തിയുള്ളവനാ യിത്തീരുവാൻ ഞാനവനു കൊടുത്ത അവസരം, അവൻെറ ദുഷിച്ച മനസ്സിൽ എന്നെ സിംഹാസനഭ്രഷ്ടനാക്കുവാനുള്ള ദുരാശയെ തട്ടിയുണൎത്തി. അഹങ്കാരമൂൎത്തിയായ അവൻ അതിനു മടിച്ചതുമില്ല. അധികം താമസിയാതെ, എൻെറ ശത്രുവായ 'വിഷ്ണുംഭ'രാജാവിൻെറ സഹായത്താൽ അക്കാ ൎയ്യം അവൻ സാധിക്കുകതന്നെ ചെയ്തു.

"അന്നെന്തുകൊണ്ടാണവർ നമ്മുടെ ജീവഹാനി വരു ത്താതിരുന്നതു്?" ഹൈമവതി ചോദിച്ചു.



Digitized By Kerala Sahitya Akademi

"എന്റെ കുഞ്ഞേ," പിതാവു മറുപടി പറഞ്ഞു: "എന്തുകൊണ്ടോ അതിനവർ ധൈര്യപ്പെട്ടില്ല. പ്രജകൾക്കു എന്റെ പേരിൽ അത്രമാത്രം സ്നേഹമുണ്ടായിരുന്നു. ഭദ്രവിക്രമൻ നമ്മെ ഒരു കപ്പലിൽ കയററിക്കൊണ്ടുപോയി കരവിട്ടു വളരെ നാഴിക ദൂരത്തെത്തിയപ്പോൾ, അമരമോ, പായോ, തുഴയോ ഒന്നുംതന്നെയില്ലാത്ത ഒരു ചെറുതോണിയിൽ ബലംപ്രയോഗിച്ചു നമ്മെ പിടിച്ചുകയററി. എങ്ങനെയെങ്കിലും തുലയട്ടെ, എന്നു കരുതി, കപ്പൽക്കാർ അവിടെനിന്നും അതിവേഗം കടന്നുകളഞ്ഞു. പക്ഷേ എന്നെ ജീവനുതുല്യം സ്നേഹിച്ചിരുന്ന സമരസൻ എന്ന ഒരു പ്രഭു വെള്ളവും, ആഹാരസാധനങ്ങളും, വസ്ത്രങ്ങളും, എന്റെ സിംഹാസനത്തേക്കാൾ ഞാൻ വിലമതിക്കുന്ന ഏതാനും പുസ്തകങ്ങളും രഹസ്യമായി തോണിയിൽ നിക്ഷേപിക്കുവാൻ വേണ്ട കരുതലുകൾ കാലേക്കൂട്ടി ചെയ്തിരുന്നു."

"അയ്യോ, എന്റെ അച്ഛാ!" ഹൈമവതി പറഞ്ഞു, "അന്നു ഞാൻ അച്ഛനു താങ്ങാവതല്ലാത്ത ഒരുഭാരമായിരുന്നിരിക്കണം!"

"ഇല്ല, ഓമനേ, ഒരിക്കലുമില്ല!" സനാതനൻ പറഞ്ഞു, "എന്റെ ജീവിതാശയെ വളർത്തിക്കൊണ്ടിരുന്ന ഒരു കൊച്ചുദേവകന്യകയായിരുന്നു, നീ! നിന്റെ നിഷ്കളങ്കസ്മിതങ്ങൾ സർവ്വനിർഭാഗ്യങ്ങളും സധീരം സഹിക്കുന്നതിനെന്നെ പ്രാപ്തനാക്കി. നാം ഈ വിജനദ്വീപിൽ എത്തുംവരെ ഭക്ഷണപദാർത്ഥങ്ങൾ നിലനിന്നു. അതിനുശേഷം എന്റെ പ്രത്യാശ മുഴുവൻ നിന്നെ വിദ്യാഭ്യാസം ചെയ്യിക്കുന്ന വിഷയത്തിലായിരുന്നു. എന്റെ ഉപദേശങ്ങളെല്ലാം നിനക്കു നല്ലപോലെ പ്രയോജകീഭവിച്ചിട്ടുണ്ടു്."

"എന്റെ പ്രിയപ്പെട്ട അച്ഛാ, ഈശ്വരൻ അവിടുത്തെ അനുഗ്രഹിക്കട്ടെ." ഹൈമവതി കണ്ണുനീർ തുടച്ചു

Digitized By Kerala Sahitya Akademi

കൊണ്ടു ചോദിച്ചു: "ആട്ടെ, അച്ഛനിപ്പോഠം കടലിൽ ഈ കൊടുങ്കാററുണ്ടാക്കിയതെന്തിനായിട്ടാണെന്ന ദയവുചെയ്തു എന്നോടു പറയുമോ?"

"എന്നാൽ കേട്ടുകൊള്ളുക" അവളുടെ പിതാവു് അരുളിച്ചെയ്തു: "ഈ കൊടുങ്കാററുമൂലം വിഷ്കംഭരാജ്യത്തിലെ രാജാവും, നിഷ്ഠുരനായ ഭാനുവിക്രമനും യാത്രചെയ്തിരുന്ന കപ്പൽ ഈ ദ്വീപിൽ എത്തിച്ചേന്നു. ആ കപ്പലാണു നിനക്കു ഞാൻ കാണിച്ചുതന്നതു്."

ഇത്രയും പറഞ്ഞശേഷം സനാതനൻ തൻെറ മാന്ത്രികദണ്ഡംകൊണ്ടു മകളുടെ ശരീരത്തിൽ സാവധാനം ഒന്നു തടവി; തൽക്ഷണം അവഠം ഗാഢനിദ്രയിൽ ലയിക്കയും ചെയ്തു. അപ്പോഴേക്കും, കൊടുങ്കാററിൻെറ ഫലങ്ങളേയും, കപ്പലിലുണ്ടായിരുന്നവക്കു് താൻ വരുത്തിക്കൂട്ടിയിട്ടുള്ള തല്ക്കാലാവസ്ഥകളേയും സംബന്ധിച്ചവിവരം അറിയിക്കുന്നതിനു പ്രഭഞ്ജനൻ അവിടെ വന്നെത്തുകയാലാണു് അദ്ദേഹം അങ്ങനെ ചെയ്തതു്, ഈ ദേവതകഠം ഹൈമവതിക്കു് അദൃശ്യരാണെങ്കിലും, താൻ ശൂന്യമായ വായുമണ്ഡലത്തോടു സംഭാഷണം ചെയ്യുന്നതു് (അവഠംക്കു് ആ വിധത്തിൽ മാത്രമേ തോന്നുകയുള്ളു) അവഠം കേഠംക്കുന്നതു നന്നല്ലെന്നു സനാതനനു തോന്നി.

"കൊള്ളാം, എൻെറ ധീരനായ ദേവതേ, നീയെങ്ങനെയെല്ലാമാണു നിൻെറ ജോലി നിവ്വഹിച്ചതു്?" അദ്ദേഹം പ്രഭഞ്ജനനോടു ചോദിച്ചു.

കൊടുങ്കാററിനേയും, നാവികന്മാരുടെ ഭയങ്ങളേയും കുറിച്ചുള്ള ഒരു സജീവവിവരണം പ്രഭഞ്ജനൻ അവിടെ വിളമ്പി. രാജാവിൻെറ പുത്രനായ വിജയചന്ദ്രനാണു്

Digitized By Kerala Sahitya Akademi

ആദ്യമായി കടലിൽ ആപതിച്ചതു്; സാഗരതരംഗങ്ങൾ വാപൊളിച്ചാർത്തണഞ്ഞു് തന്റെ പ്രിയപുത്രനെ വിഴുങ്ങുന്നതും, അവനങ്ങിനെ തന്റെ ദൃഷ്ടിയിൽനിന്നു മറയുന്നതും കണ്ടതായി രാജാവിനു തോന്നി; "പക്ഷേ ആയാൾക്കു യാതൊരുപദ്രവവും നേരിട്ടിട്ടില്ല" ദേവത തുടൎന്നു:—"തന്റെ പിതാവു മരിച്ചുപോയി എന്നു സങ്കടപ്പെട്ടുകൊണ്ടു് അയാൾ ഈ ദ്വീപിന്റെ ഒരു കോണിൽ ഇപ്പോൾ ഇരിക്കുന്നുണ്ടു്. അയാളുടെ ശിരസ്സിലെ ഒരു നാരിഴപോലും ഉപദ്രവം തട്ടിയിട്ടില്ല. അയാളുടെ രാജകീയപട്ടാംബരങ്ങൾ കടൽതിരകളിൽ മുങ്ങി നനഞ്ഞുപോയി എങ്കിലും അവ ഇപ്പോൾ പൂൎവ്വാധികം നിൎമ്മലമായിരിക്കുന്നു."

"ഭേഷ്! കൊള്ളാം പ്രഭഞ്ജനാ, നീ സമൎത്ഥൻതന്നെ!" സനാതനൻ പറഞ്ഞു:—"അയാളെ ഇവിടെ കൊണ്ടുവരിക. എന്റെ മകൾ സുഭഗനായ ഈ യുവരാജകുമാരനെ ഒരു നോക്കു കണ്ടുകൊള്ളട്ടെ!—രാജാക്കന്മാർ രണ്ടുപേരും എവിടെയാണു്?"

"വിജയചന്ദ്രനെ അന്വേഷിച്ചുകൊണ്ടു നടക്കട്ടെ എന്നു കരുതി ഞാൻ അവരെ അവിടെ വിട്ടിട്ടു പോന്നു. അയാൾ മരിക്കുന്നതു സ്വന്തകണ്ണുകളാൽ കണ്ടതാണെന്നുള്ള വിശ്വാസംമൂലം, അയാളെ കണ്ടെത്തുന്ന കാൎയ്യത്തിൽ അവൎക്കു വലിയ ആശയൊന്നുമില്ല. കപ്പലിലുണ്ടായിരുന്നവരിൽ ഒരൊററ ആൾപോലും കാണാതായിട്ടില്ല; പക്ഷേ, താനൊഴികെ മററെല്ലാവരും മരിച്ചുവെന്നാണു് അവരിൽ ഓരോരുത്തനും വിചാരിക്കുന്നതു്. കപ്പൽ, അവൎക്കദൃശ്യമാണെങ്കിലും തുറമുഖത്തു നിർബാധം കിടക്കുന്നുണ്ടു്."

"പ്രഭഞ്ജനാ," സന്തോഷത്താലാൎത്തുകൊണ്ടു സനാതനൻ പറഞ്ഞു:—"നിന്നെ ഭരമേല്പിച്ചിരുന്ന കാൎയ്യം നീ

Digitized By Kerala Sahitya Akademi

ഭംഗിയായി നിർവഹിച്ചു. ഞാനതിൽ അളവില്ലാതെ സന്തോഷിക്കുന്നു........പക്ഷേ, ഇനിയും, കുറച്ചുകൂടി യുണ്ട്, ജോലി!"

"ഇനിയും ജോലിയോ?" ആശ്ചര്യഭാവത്തിലുള്ള ഒരു സങ്കടസ്വരത്തിൽ അവൻ ചോദിച്ചു. "സ്വാമിൻ! ഞാനങ്ങയെ ഒന്നോർമ്മിപ്പിച്ചുകൊള്ളട്ടെ...അവിടുന്ന്, എന്നെ സ്വതന്ത്രനാക്കാമെന്നുള്ള വാഗ്ദാനം, ദയവുചെയ്തു് ഒന്നോർമ്മിക്കണേ! ഞാൻ അങ്ങേയ്ക്കുവേണ്ടി വിലയേറിയ പല സേവനങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്; ഞാൻ ഇന്നേവരെ ഒരു കളവും പറഞ്ഞിട്ടില്ല.; യാതൊരു പിഴയും പ്രവർത്തിച്ചിട്ടുമില്ല. പകയോ, പരിഭവമോ, പരാതിയോ കൂടാതെ ഞാൻ അങ്ങയെ ഭക്തിപൂർവ്വം സേവിച്ചു."

"ഇതെന്തു കഥയാണ്!" സനാതനൻ പറഞ്ഞു:— "എന്തൊരു ദയനീയാവസ്ഥയിൽനിന്നാണു ഞാൻ നിന്നെ മോചിപ്പിച്ചതെന്ന് നീയോർക്കുന്നില്ല. വയസ്സും അസൂയയും കൊണ്ട്, മിക്കവാറും വക്രഗാത്രിയായിത്തീർന്ന കുഹരിണിയെന്ന ആ ദുഷ്ടയായ ആഭിചാരികയെ നീ മറന്നുപോയോ? എവിടെയാണവൾ ജനിച്ചതു്? ഉം! എന്നെപ്പറഞ്ഞു കേൾപ്പിക്ക്!" "സ്വാമിൻ, 'കാഞ്ചനസൈകത'ത്തിൽ—" പ്രഭഞ്ജനൻ പറഞ്ഞു.

"ഓഹോ, അങ്ങിനെയോ!" സനാതനൻ തുടർന്നു: "നിന്റെ സ്ഥിതിയെന്തായിരുന്നുവെന്നു ഞാൻ നിനക്കു പറഞ്ഞുതരാം. നീ യാതൊന്നുംതന്നെ ഓർക്കുന്നുണ്ടെന്ന് എനിക്കു തോന്നുന്നില്ല. കുഹരിണിയെന്ന ഈ ദുഷ്ടയായ ആഭിചാരിക, മനുഷ്യർ കേൾക്കുമ്പോൾപോലും ഭയം തോന്നിക്കത്തക്കവിധത്തിലുള്ള അവളുടെ ക്ഷുദ്രപ്രയോഗങ്ങൾ നിമിത്തം കാഞ്ചനസൈകതത്തിൽനിന്നും ബഹിഷ്കൃതയായി; നാവികന്മാർ അവളെ ഇവിടെ കൊണ്ടുവന്നു

Digitized By Kerala Sahitya Akademi

വിട്ടു; അവളുടെ ക്രൂരകല്പനകളെ നടത്തുന്നതിനു നീ തീരെ കൊള്ളരുതാത്ത ഒരു ദേവതയായിരുന്നതിനാൽ അവൾ നിന്നെ ഒരു മരത്തിന്മേൽ തള്ളിച്ചിട്ടു. നീയവിടെ കിടന്നു നിലവിളിക്കുന്നതുകണ്ടു് ഞാനാണു് നിന്നെ ആ ഭയങ്കര വധിത്തിൽനിന്നു മോചിപ്പിച്ചതെന്നോർക്കണം."

"സ്വാമിൻ, എനിക്കു മാപ്പുതരിക." താൻ കൃതഘ്നനെന്നു തോന്നിച്ചതിൽ ലജ്ജിച്ചു പ്രഭഞ്ജനൻ പറഞ്ഞു: "ഞാൻ അവിടുത്തെ കല്പനകൾ അനുസരിച്ചുകൊള്ളാം!"

"എന്നാലങ്ങനെ ചെയ്യുക" സനാതനൻ ഘോഷിച്ചു. "പിന്നെ ഞാൻ നിന്നെ സ്വതന്ത്രനായി വിട്ടയയ്ക്കുന്നതാണു്."

അവൻ അനുഷ്ഠിക്കേണ്ട അനന്തരകൃത്യങ്ങൾ എന്തെല്ലാമെന്നുള്ളതു വിശദമാക്കിക്കൊണ്ടു് അദ്ദേഹം അവനോരോ കല്പനകൾ നൽകി. താൻ വിജയചന്ദ്രനെ എവിടെ വിട്ടുംവച്ചു പോന്നുവോ ആ സ്ഥലത്തേക്കു പ്രഭഞ്ജനൻ വീണ്ടും തിരിച്ചു. അതേ ശോകാപ്തമായ നിലയിൽ അപ്പോഴും അയാൾ പുൽപ്പുറത്തിരിക്കുന്നതവൻ കണ്ടു.

"അല്ലേയോ മാന്യനായ യുവാവേ!" പ്രഭഞ്ജനൻ അടുത്തുചെന്നു് അയാളോടു പറഞ്ഞു: "ഞാനുടനെ അങ്ങയെ ഇവിടെനിന്നു കൊണ്ടുപോകാം. സുഭഗനായ അങ്ങയെ ഒരു നോക്കു് കാണുവാൻ ഹൈമവതി കാത്തിരിക്കുന്നു. അവളുടെ സമീപത്തേയ്ക്കു് അങ്ങയെ എനിക്കു കൂട്ടിക്കൊണ്ടുപോകണം. ആട്ടെ, എഴുനേൽക്കണം!—വരൂ, എന്റെ പിന്നാലെ പോരൂ!"

അനന്തരം അവൻ ഇങ്ങിനെ പാടാൻ തുടങ്ങി:—

Digitized By Kerala Sahitya Akademi

പാട്ട്.

താഴെയായാഴിക്കടിത്തടത്തിൽ
താവകതാതനടിഞ്ഞുപോയി.

ചിപ്പികളായി തന്നസ്ഥിയെല്ലാം
മുത്തുകളായിതക്കണ്ണിണകൾ.

നിന്നോമൽത്താതൻതന്നംഗകങ്ങ-
ളൊന്നും നശിക്കുകയില്ല;—പക്ഷേ

സാഗരകല്ലോലസംഗമത്താ-
ലാഗതമാമൊരു രൂപഭേദം

ചിത്രവും ധന്യവുമാകുമോരോ
വസ്തുക്കളായവ മാററിയേക്കാം!

ഓരോവിനാഴികതോറു,മയ്യോ!
വാരഞ്ചും സാഗരകന്യകകൾ

ഘോഷിപ്പു സാദരം നിൻപിതാവിൻ
ഘോരമരണമണിയടികൾ!

ശ്രദ്ധിക്കൂ—ഞാനിതാ കേട്ടിടുന്നു-
ണ്ടുൽഗമിപ്പോരാ മണിയൊലികൾ!!...

തൻെറ മൃതനായ പിതാവിനെക്കുറിച്ചുള്ള ഈ വിചിത്രവൃത്താന്തങ്ങൾ അവൻ ആപതിച്ചിരുന്ന അസ്തപ്രജ്ഞതയിൽനിന്ന് അവനെ തട്ടിയുണർത്തി. അവൻ ചാടിയെഴുന്നേററ് ആശ്ചര്യസംഭ്രമങ്ങളോടെ പ്രഭഞ്ജനൻെറ ശബ്ദത്തെ അനുഗമിച്ചു.

സംഗീതസാന്ദ്രമായ ആ ശബ്ദം, ഒരു വലിയ തമാലവൃക്ഷത്തിൻെറ തണലിലിരിക്കുന്ന സനാതനൻേറയും ഹൈമവതിയുടേയും സന്നിധിയിൽ അയാളെ കൊണ്ടുചെന്നുവിട്ടു. അയാളെ അകലെക്കണ്ടപ്പോൾത്തന്നെ ഹൈമവതി

Digitized By Kerala Sahitya Akademi

യുടെ ഹൃദയം തുടിച്ചുതുടങ്ങി. തന്റെ പിതാവിനെയല്ലാതെ മറെറാരു മനുഷ്യജീവിയെ ഹ്യതൽപര്യന്തം കാണുവാനൊത്തിട്ടില്ലാത്ത ആ കന്യക അയാൾ വരുന്നവഴിയേ ഉററുനോക്കിക്കൊണ്ടിരുന്നു.

"ഹൈമവതീ," സനാതനൻ പറഞ്ഞു. "നീ അവിടെ നോക്കിക്കൊണ്ടിരിക്കുന്നതെന്താണു്? പറയൂ!"

"അച്ഛാ," ഒരു വിചിത്രവിസ്മയത്തോടെ, പ്രസന്നവദനയായി, ഹൈമവതി പറഞ്ഞു, "തീർച്ചയായും അതൊരു ദേവതയാണു്—ഒരു ഗന്ധർവ്വൻ! ഈശ്വര, കാണാനെന്തൊരഴകു്!! അച്ഛാ ഞാൻ പറയുന്നതു് വിശ്വസിക്കണേ! —അതൊരു മനോഹരസൃഷ്ടിതന്നെയാണു്, ആട്ടെ, അതൊരു ദേവതതന്നെയല്ലേ, അച്ഛാ?"

"അല്ല കുഞ്ഞേ," അവളുടെ പിതാവു് പറഞ്ഞുകൊടുത്തു: "അതു് ഭക്ഷണം കഴിക്കുന്നു, ഉറങ്ങുന്നു; നമ്മേപ്പോലെതന്നെ പഞ്ചേന്ദ്രിയങ്ങൾ അതിനുമുണ്ടു്. നീ കാണുന്ന ഈ ചെറുപ്പക്കാരൻ ആ കപ്പലിലുണ്ടായിരുന്ന ഒരാളാണു്. ഇവന്റെ മുഖം വ്യസനത്താൽ തീരെ വിവർണ്ണമായിരിക്കുന്നു; അല്ലായിരുന്നെങ്കിൽ അവനെ ഒരതികോമളനായ മനുഷ്യൻ എന്നു വിളിക്കുന്നതിൽ നിനക്കു സന്ദേഹിക്കേണ്ടതില്ല. അവന്റെ കൂട്ടുകാരെല്ലാം നഷ്ടപ്പെട്ടുപോയി. പാവം, അവരെ കണ്ടുപിടിക്കുവാൻ ഇങ്ങനെ അലഞ്ഞുതിരിയുകയാണു്. സ്വപിതാവിനെപ്പോലെ ഗൗരവമുള്ള മുഖവും ചാരനിറത്തിലുള്ള താടിയുമാണു് എല്ലാമനുഷ്യർക്കുമുള്ളതെന്നു കരുതിയിരുന്ന ഹൈമവതി, സുന്ദരനായ ഈ രാജകുമാരന്റെ ആവിർഭാവത്തോടുകൂടി, അന്നോളം അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു നൂതനാനന്ദാതിരേകത്തിനധീനയായി ഭയദായകമായ ആ വിജനസ്ഥലത്തു്, മനോ

Digitized By Kerala Sahitya Akademi

മോഹിനിയായി, സ്വപ്നസ്വരൂപിണിയായി സമുല്ലസിക്കുന്ന ഒരംഗനാവല്ലിയെ കാണാൻ കഴിഞ്ഞതിനാലും, അത്ഭുതകരങ്ങളെങ്കിലും നിരുപദ്രവങ്ങളായ നിരവധിവിചിത്രസ്വരങ്ങൾ കേൾക്കുവാൻ ഇടയായതിനാലും, അത്ഭുതങ്ങളെയല്ലാതെ മറ്റൊന്നിനേയും പ്രതീക്ഷിക്കാതെ, താനെത്തിയിരിക്കുന്നതു് ഒരു 'മായാനഗരി'യായ ദ്വീപിലാണെന്നും, ഹൈമവതി അവിടുത്തെ ഒരു ഗന്ധർവ്വകന്യകയാണെന്നും സങ്കല്പിച്ചു്, അതിനുതകിയരീതിയിൽത്തന്നെ വിജയചന്ദ്രൻ അവളെ അഭിസംബോധനം ചെയ്യാനൊരുങ്ങി.

താൻ ഗന്ധർവ്വകന്യകയും മററുമല്ലെന്നും, ഒരു സാധാരണസ്ത്രീമാത്രമാണെന്നും അവൾ വിനീതസ്വരത്തിൽ അയാളെ ധരിപ്പിച്ചു. അനന്തരം തന്നെക്കുറിച്ചുള്ള ഒരു ലഘുവിവരണം അയാളെ കേൾപ്പിക്കുവാൻ ഹൈമവതി ഭാവിച്ചു. എന്നാൽ അതിനായി നാവെടുത്ത ഉടനെ രഘുനാഥൻ അവളെ വിലക്കി. പരസ്പരം അവർ അഭിനന്ദിച്ചു കണ്ടതിൽ അദ്ദേഹത്തിനു് അളവററ സന്തോഷം തോന്നി; എന്തുകൊണ്ടെന്നാൽ പ്രഥമദർശനത്തിൽതന്നെ അവർ പരസ്പരാനുരക്തരായിക്കഴിഞ്ഞുവെന്നദ്ദേഹത്തിനു് മനസ്സിലായി. എന്നാൽ വിജയചന്ദ്രൻെറ മനഃസ്ഥൈര്യം അല്പമൊന്നു് പരീക്ഷിക്കുവാൻ, അവരുടെ അനുരാഗസരിണിയിൽ ഏതാനും പ്രതിബന്ധങ്ങൾ വലിച്ചെറിയണമെന്നദ്ദേഹം തീച്ച്യാക്കി അതിനാൽ മുന്നോട്ടുചെന്നു് കോപഭാവത്തിൽ, രാജകുമാരനെ വിളിച്ചിങ്ങനെ പറഞ്ഞു.

"നീ ഒരു ചാരനാണു്. ഈ ദ്വീപിൻെറ അധിപനായ എന്നിൽനിന്നും ഇതു് കരസ്ഥമാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് നീ ഇവിടെയെത്തിയിട്ടുള്ളതു്; എനിക്കു മനസ്സിലായി. വാ, എൻെറ പിന്നാലെ വന്നേ! — ഞാൻ നിൻെറ കഴുത്തും കാലുംകൂടി കെട്ടിയിടും. നിന

Digitized By Kerala Sahitya Akademi

ക്കു കുടിക്കാൻ കടൽവെള്ളം; ചെമ്മീനും ഉണക്കക്കിഴങ്ങുകളും, ചാമനെല്ലുമായിരിക്കും നിനക്കു തിന്നാനുള്ളതു്."

"ഇല്ല;" വിജയചന്ദ്രൻ പറഞ്ഞു: "നിങ്ങളെക്കാൾ ശക്തിമാനായ ഒരു ശത്രുവിനെക്കണ്ടെത്തുന്നതുവരെ ഇത്തരത്തിലുള്ള ഒരു സൽക്കാരം ഞാൻ എത്തുക്കകതന്നെ ചെയ്യും—" അട്ടത്തമാത്രയിൽ, അയാൾ വാൾ വലിച്ചൂരി സനാതനൻെറ കണ്ഠത്തെ ലക്ഷ്യമാക്കി ഓങ്ങി. എന്നാൽ സനാതനൻ തൻെറമാന്ത്രികദണ്ഡം ഉഴിഞ്ഞു വിജയചന്ദ്രനെ അതു നിന്നസ്ഥലത്തുതന്നെ നിശ്ചേഷ്ടനാക്കി നിർത്തി. അയാൾക്കനങ്ങുവാൻ ശക്തിയുണ്ടായില്ല.

ഹൈമവതി പിതാവിൻെറ ചുമലിൽ തൂങ്ങിക്കെട്ടിപ്പിടിച്ചുകൊണ്ടുപറഞ്ഞു. "അയ്യോ അച്ഛാ. എന്താണവിടുന്നിത്ര നിഷ്കൃപനായിരിക്കുന്നതു്? ഞാനദ്ദേഹത്തിനു ജാമ്യം നിൽക്കാം. ദയവുചെയ്തു് അവിടുന്നു കോപിക്കാതിരിക്കണേ! ഞാനിതുവരെ കണ്ടിട്ടുള്ളവരിൽ രണ്ടാമത്തെ മനുഷ്യനാണിദ്ദേഹം; ഒരു സത്യസന്ധനാണിദ്ദേഹമെന്നുതന്നെയാണു് എനിക്കു തോന്നുന്നതും."

"മിണ്ടിപ്പോവരുതു്!" പിതാവു് ആക്രോശിച്ചു: "ഒരൊററവാക്കിനി മിണ്ടിയാൽ അനുഭവം എന്താണെന്നറിയാമോ? എന്തു്! ഒരു കള്ളനുവേണ്ടി ജാമ്യം നിൽക്കുകയോ! ഇവനേയും കലാപനേയും മാത്രമേ നീ കണ്ടിട്ടുള്ളൂ. അതുകൊണ്ടു് നീ വിചാരിക്കുന്നതു് ഇവനെപ്പോലെ നല്ലമനുഷ്യർ ലോകത്തിൽ വേറേയില്ലെന്നാണു്. കുഞ്ഞേ, മഠയത്തീ, ഞാൻ നിനക്കു പറഞ്ഞുതരാം. ഇവൻ കലാപനെ അതിശയിക്കുന്നതുപോലെ ഇവനെ അതിശയിക്കുന്നവരാണു് ലോകത്തിലുള്ള മിക്ക മനുഷ്യരും." സനാതനൻ ഇങ്ങനെ പറഞ്ഞതു് തൻെറ പ്രിയനന്ദിനിയെ ഒന്നു

Digitized By Kerala Sahitya Akademi

പരീക്ഷിക്കാൻ മാത്രമായിരുന്നു. അവരം പ്രതിവചിച്ചു. "ഏററവും വിനീതമായിട്ടുള്ളതാണു് എൻെറ സ്നേഹം. ഇതിലും കോമളനായ ഒരു മനുഷ്യനെ ഇനി കാണുമെന്നു ഞാൻ ആശിക്കുന്നില്ല."

"ഹേ, ചെറുപ്പക്കാരൻ, വരണം എൻെറകൂടെ!" സനാതനൻ രാജകുമാരനോടു പറഞ്ഞു "എന്നെ അനുസരിക്കാതിരിക്കാൻ നിങ്ങൾക്കു ശക്തിയില്ല."

"അതെ; അതുവാസ്തവംതന്നെ" വിജയചന്ദ്രൻ ഉത്തരം പറഞ്ഞു:—എന്നാൽ, പ്രാതികൂല്യപ്രകടനത്തിനുള്ള സർവ്വശക്തികളിൽനിന്നും തന്നെ ഇങ്ങനെ അകററിനിൎത്തിയതു് ആ മനുഷ്യൻെറ മാന്ത്രികശക്തിയാലാണെന്നു് ആ രാജനന്ദനനു് മനസ്സിലായില്ല. സനാതനനെ അനുഗമിക്കുവാൻ അത്ര വിചിത്രമായ ഒരു രീതിയിൽ താൻ സ്വയം പ്രേരിതനായിത്തീരുന്നതിൽ അയാരം അത്ഭുതപ്പെട്ടു അദ്ദേഹത്തിൻെറ പുറകേ ഗുഹയിലേയ്ക്കു പോകുംവഴി കൂടക്കൂടെ തലതിരിച്ചു് അയാരം ഹൈമവതിയെ കടാക്ഷിച്ചുകൊണ്ടിരുന്നു. അയാരം വിചാരിച്ചു: "ഒരു സ്വപ്നത്തിലെന്നപോലെ എൻെറ സകല ഇന്ദ്രിയശക്തികളും കേവലം സ്തബ്ധങ്ങളായിത്തീൎന്നിരിക്കുന്നു; പക്ഷേ, എൻെറ കാരാഗൃഹത്തിൽ ദിവസം ഒരു പ്രാവശ്യമെങ്കിലും ഈ കോമളാംഗിയെ കാണാൻ സാധിക്കുമെങ്കിൽ ഈ മനുഷ്യൻെറ ഭീഷണികളും, ഇപ്പോഴത്തെ അവശതയും എനിക്കു നിസ്സാരമാണു്."

വിജയചന്ദ്രനെ സനാതനൻ അധികനേരം ഗുഹയ്ക്കുള്ളിൽ പാൎപ്പിച്ചില്ല; അദ്ദേഹം തൻെറ തടവുപുള്ളിയെ വേഗത്തിൽ പുറത്തുകൊണ്ടുവന്നു്, അത്യദ്ധ്വാനമുള്ള ഒരു ജോലി ചെയ്യുവാനായി നിയോഗിച്ചു; താനയാളിൽ ചുമത്തിയിട്ടുള്ള ഈ വിഷമപ്രയത്നം ഇന്നതാണെന്നു് പുത്രിയെ

Digitized By Kerala Sahitya Akademi

ധരിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം നിഷ്കൎഷ കാണിക്കയുണ്ടായി. അനന്തരം തൻെറ വായനമുറിയിലേയ്ക്കു പോകുന്ന നാട്യത്തിൽ അവിടെനിന്നും തിരിച്ചു, അവിടൊരിടത്തുതന്നെ ഒളിച്ചുനിന്നു് അദ്ദേഹം അവരിരുവരേയും സൂക്ഷിച്ചുകൊണ്ടിരുന്നു.

ഘനമേറിയ ഏതാനും മരത്തടിക്കഷണങ്ങളെ ഒരിടത്തടുക്കിവെയ്ക്കുവാനാണു് സനാതനൻ രാജകുമാരനോടാജ്ഞാപിച്ചതു്. എന്നാൽ അങ്ങനെ ബുദ്ധിമുട്ടുള്ള ജോലിയൊന്നും സാധാരണ രാജകുമാരന്മാർ ചെയ്തു പരിചയിച്ചിട്ടില്ലല്ലോ. തന്മൂലം ക്ഷണനേരംകൊണ്ടു തൻെറ കാമുകൻ അസ്വോന്മേഷനായി, പരവശനായിത്തീരുന്നതു ഹൈമവതി കണ്ടു.

"കഷ്ടം!" അവൾ സങ്കടത്തോടെ പറഞ്ഞു: "ഇത്ര കഠിനമായി ജോലിചെയ്യല്ലേ! അച്ഛൻ ഇപ്പോൾ അദ്ദേഹത്തിൻെറ വായനമുറിയിലാണു്. ഈ ഒരു യാമം അവസാനിക്കുന്നതുവരെ അദ്ദേഹം ഇനി ഇങ്ങോട്ടെങ്ങും വരികയേ ഇല്ല; ദയവുചെയ്തു കുറച്ചു വിശ്രമിക്കണം."

'സുന്ദരി' വിജയചന്ദ്രൻ പറഞ്ഞു: "അതു പാടില്ല. വിശ്രമം എടുക്കുന്നതിനുമുൻപു് എനിക്കെൻെറ ജോലി ചെയ്തുതീർക്കണം."

"എന്നാൽ," ഹൈമവതി തുടൎന്നു:—"അങ്ങവിടെ ഇരിക്കണം ഞാനിത്തടിക്കഷണങ്ങളെല്ലാം ചുമന്നുകൊണ്ടുപോയി അടുക്കിവച്ചുകൊള്ളാം." ഇതുകേട്ടു് വിജയചന്ദ്രൻെറ ഹൃദയം ഒരാനന്ദാവേശത്തിൽ ശക്തിയായി തുടിച്ചു; കണ്ണിൽ ജലം നിറഞ്ഞു

"വേണ്ട, കുമാരി, വേണ്ട."

Digitized By Kerala Sahitya Akademi

അവളെത്രതന്നെ നിർബന്ധിച്ചിട്ടും അയാൾ അതി ന്നനുവദിച്ചില്ല ഒരു സഹായത്തിനു പകരം ഇപ്പോൾ അവൾ ഒരു തടസ്സമായിത്തിരുകയാണുണ്ടായത്. എന്തെന്നാൽ അവർ ഒരു സുദീർഘസംഭാഷണം ആരംഭിച്ചിരുന്നു; അതിനാൽ തടിക്കഷണങ്ങൾ അടുക്കിവയ്ക്കുന്ന ജോലി വളരെ സാവധാനത്തിലേ നടന്നുള്ളു. വിജയചന്ദ്രന്റെ പ്രേമം ഒന്നു പരിശോധിക്കുവാൻവേണ്ടി മാത്രം ഈ കഠിനജോലിക്ക് അയാളെ നിയോഗിച്ച സനാതനൻ, തന്റെ പുത്രി വിചാരിച്ചതുപോലെ വായനയിൽ ഏർപ്പെട്ടിരിക്കയായിരുന്നില്ല. അവർ പറയുന്നതെല്ലാം കേട്ടുകൊണ്ട് അവരുടെ അടുത്തുതന്നെ അദ്ദേഹം മറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. വിജയചന്ദ്രൻ അവളുടെ പേരെന്താണെന്നു ചോദിക്കയും അവൾ പറഞ്ഞുകൊടുക്കുകയും ചെയ്തു; അതോടുകൂടി, താനങ്ങനെ ചെയ്തതു് പിതാവിന്റെ കല്പനയ്ക്കു വിരുദ്ധമായിട്ടാണെന്നും അയാളെ ധരിപ്പിക്കയുണ്ടായി.

തന്റെ പുത്രിയുടെ അനുസരണയില്ലായ്മയുടെ ഈ ആദ്യത്തെ ലക്ഷ്യത്തിൽ സനാതനൻ ഒന്നു പുഞ്ചിരി കൊണ്ടതേയുള്ളു; തന്റെ മാന്ത്രികശക്തിയാൽ അത്ര പെട്ടെന്നവളെ അനുരാഗപരവശയാക്കിത്തീർത്തുനിമിത്തം, തന്റെ കല്പനകളെ വിസ്മരിച്ച് അവൾ പ്രണയപ്രകടനത്തിനൊരുങ്ങിയതിൽ അദ്ദേഹത്തിന്ന വിരോധം തോന്നിയില്ല. അവളെ താൻ ലോകത്തിൽ എന്തിലുംമീതെ സ്നേഹിക്കുന്നുവെന്നാരംഭിച്ച്, വിജയചന്ദ്രൻ ഒരു സുദീർഘമായ പ്രസംഗം നടത്തി. സന്തോഷവായ്പോടെ സനാതനൻ അതു ശ്രദ്ധിച്ചുകൊണ്ടു നിന്നു.

സൗന്ദര്യത്തിൽ, ലോകത്തിലുള്ള സകല സ്ത്രീകളേയും താൻ അതിശയിച്ചിരുന്നുവെന്നു രാജകുമാരൻ തന്നെ പ്രശംസിച്ചതുകേട്ട് ഹൈമവതി പറഞ്ഞു:—"ഒരു സ്ത്രീയുടെ

Digitized By Kerala Sahitya Akademi

മുഖമെങ്കിലും കണ്ടിട്ടുള്ളതായി ഞാൻ ഓക്കുന്നില്ല. അതു പോലെതന്നെ പുരുഷന്മാരാണെങ്കിൽ, എന്റെ ഇഷ്ടസുഹൃത്തായ ഭവാനേയും എന്റെ പ്രിയതാതനേയും മാത്രമെ ഇതുവരെ ഞാൻ കണ്ടിട്ടുള്ളു സൗന്ദര്യം എന്താണെന്നു തന്നെ അറിഞ്ഞുകൂടാത്തവളാണു, ഞാൻ. പക്ഷേ ഞാൻ പറയുന്നതു് അവിടുന്നു വിശ്വസിക്കണം. അങ്ങയെ മാത്രമല്ലാതെ ലോകത്തിൽ മറെറാരു സഖാവിനെ ഞാൻ ആശിക്കുന്നില്ല. എന്നുതന്നെയല്ല, എനിക്കിഷ്ടപ്പെടാൻ കഴിയുന്ന മറെറാരു രൂപത്തെ സൃഷ്ടിക്കുവാൻപോലും എന്റെ സങ്കല്പത്തിനു സാധിക്കുകയില്ല......എന്നാൽ അയ്യോ!—അങ്ങയോടു് അമിതമായ സ്വാതന്ത്ര്യത്തോടെ ഞാൻ സംസാരിച്ചുപോകുന്നു. പോരെങ്കിൽ അച്ഛന്റെ കല്പനകളെ ഞാൻ മറക്കുകയുമാണു്."

ഇതുകേട്ടു സനാതനൻ തലകുലുക്കി, പുഞ്ചിരി തൂകിക്കൊണ്ടു്, ഇങ്ങനെ വിചാരിച്ചു "എന്റെ ആശപോലെതന്നെ ഇതു സംഭവിക്കുന്നു; എന്റെ മകൾ വിഷ്കംഭത്തിലെ രാജ്ഞിയായിത്തീരും."

അനന്തരം നടന്ന ദീർഘവും സരസവുമായ സംഭാഷണത്തിൽ, താൻ വിഷ്കംഭസിംഹാസനത്തിന്റെ അവകാശിയാണെന്നും അവൾ തന്റെ രാജ്ഞിയായിരിക്കണമെന്നും നിഷ്കളങ്കയായ ഹൈമവതിയെ വിജയചന്ദ്രൻ ധരിപ്പിച്ചു.

"ഹാ! കഷ്ടം!" അവൾ പറഞ്ഞു: "സന്തോഷസന്ദായകമായ ഒരു വൃത്താന്തശ്രവണത്തിൽ കരയുവാനൊരുമ്പെടുന്ന ഞാനെന്തൊരു മൂഢയാണു്! സ്പഷ്ടമായും, പാവനമായ നിഷ്കളങ്കതയോടുകൂടിയും ഞാനങ്ങയോടു മറുപടി പറഞ്ഞേക്കാം—അങ്ങു് എന്നെ വിവാഹം ചെയ്യുകയാണെങ്കിൽ അങ്ങയുടെ ധർമ്മപത്നിയാണു് ഞാൻ!"

Digitized By Kerala Sahitya Akademi

അതിനു നന്ദിപറയുവാൻ വിജയചന്ദ്രൻ നാവെടുത്തപ്പോഴേക്കും സനാതനൻ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. "എന്റെ കുഞ്ഞേ, നീ യാതൊന്നും ഭയപ്പെടേണ്ട" അദ്ദേഹം പറഞ്ഞു—നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ ഒളിച്ചുനിന്നു കേട്ടു. അതെല്ലാം എനിക്കു വളരെ സമ്മതവുമായി. വിജയചന്ദ്രാ, ഞാൻ വളരെ നിഷ്ഠുരമായിട്ടങ്ങയോടു പെരുമാറിയിരിക്കാം. അതിനു എന്റെ മകളെ അങ്ങേയ്ക്കു തന്നു ഞാൻ തക്ക പരിഹാരം ചെയ്യുന്നുണ്ട്. അങ്ങു് അനുഭവിച്ച ഈ രസമില്ലായ്മകൾ മുഴുവൻ അങ്ങയുടെ പ്രേമപരീക്ഷയ്ക്കുള്ള ഉപായങ്ങൾ മാത്രമായിരുന്നു. ഈ പരീക്ഷയിൽ അങ്ങു മഹനീയമായ വിജയംനേടി അങ്ങയുടെ പരമാർത്ഥപ്രേമാർഹത സമ്പാദിച്ച എന്റെ പുത്രിയെ, ഇതാ ഞാൻ അങ്ങേയ്ക്കു സമ്മാനമായി തന്നിരിക്കുന്നു; സ്വീകരിച്ചാലും! അവൾ എല്ലാപ്രശംസകൾക്കും മീതെയാണെന്നു് ഞാൻ വൻപു പറയുന്നതിൽ അങ്ങു പുഞ്ചിരിക്കൊള്ളരുതു്."

അനന്തരം, തനിക്കല്പം ജോലിയുണ്ടെന്നു പറഞ്ഞു്, താൻ തിരിച്ചെത്തുന്നതുവരെ അവർ ഒന്നിച്ചിരുന്നു സംസാരിച്ചുകൊള്ളുവാൻ അനുമതി നൽകിയിട്ടു്, സനാതനൻ അവിടെനിന്നു പോയി. ഹൈമവതിയാകട്ടെ ഈ ഘട്ടത്തിൽ അച്ഛന്റെ ആജ്ഞയെ അൽശേഷം ലംഘിച്ചില്ല.

അവരെ തനിച്ചുവിട്ടിട്ടു് സനാതനൻപോയി തന്റെ ആജ്ഞാനുകാരിയായ പ്രഭഞ്ജനനെ അടുത്തുവിളിച്ചു. ഭാനുവിക്രമനേയും വിഷ്ടംഭഭൂപനേയും താനെന്തുചെയ്യുവെന്നറിയിക്കുവാനുള്ള തിടുക്കത്തോടെ അവൻ അദ്ദേഹത്തിന്റെ മുൻപിൽ തൽക്ഷണം പ്രത്യക്ഷപ്പെട്ടു. അവർക്കു നേരിട്ടു കാണാനും കേൾക്കാനും താനിടയാക്കിയ ഭയങ്കരസംഭവങ്ങളാൽ അവരെ മിക്കവാറും നഷ്ടചേതനരാക്കിത്തീർത്തുവെ

Digitized By Kerala Sahitya Akademi

ന്നും, അലഞ്ഞുതിരിഞ്ഞു അവശരായി, ക്ഷുൽപിപാസ കൾകൊണ്ടു മരിക്കാൻ തുടങ്ങുമ്പോൾ, പെട്ടെന്നവരുടെ മുൻപിൽ വിശേഷരീതിയിലുള്ള വിവിധഭക്ഷണവിഭവങ്ങൾ കൊണ്ടുചെന്നു വയ്ക്കുകയും, അനന്തരം അവർ ആർത്തിയോടെ ഭക്ഷിക്കാൻ ആരംഭിച്ചപ്പോഴേക്കും ചിറകുകളുള്ള ഭയങ്കരസ്വരൂപിയായ ഒരു വേതാളമായി അവക്കു കാണത്തക്ക വിധം അവരുടെ മുൻപിൽ പ്രത്യക്ഷപ്പെടുകയും ചെയ്തുവെന്നും, അടുത്തമാത്രയിൽ ആ ഭക്ഷണപദാൎത്ഥങ്ങൾ ആകമാനം അദൃശ്യങ്ങളായിത്തീൎന്നുവെന്നും പ്രഭഞ്ജനൻ തന്റെ സ്വാമിയെ അറിയിച്ചു. അവർ ആശ്ചൎയ്യസ്തബ്ധരായിത്തീരുമാറു് ഈ വേതാളവേഷധാരി, സനാതനനെ സിംഹാസനഭ്രഷ്ടനാക്കി അദ്ദേഹത്തേയും അദ്ദേഹത്തിന്റെ കൊച്ചുമകളേയും, നശിക്കട്ടെ എന്നുകരുതി, കടലിൽകൊണ്ടുപോയിത്തള്ളിയ ക്രൂരതയെപ്പററി അവരെ ഓൎമ്മപ്പെടുത്തുകയും, ആ ദുഷ്കർമ്മങ്ങളുടെ ഫലമാണു് അവരിപ്പോളനുഭവിക്കുന്നതെന്നു ധരിപ്പിക്കുകയും ചെയ്തു

വിഷ്ടംഭരാജാവും ഭാനുവിക്രമനും, തങ്ങൾ സനാതനനോടുചെയ്ത അക്രമത്തെക്കുറിച്ചു പശ്ചാത്തപിച്ചു. അവരുടെ പശ്ചാത്താപം ആത്മാൎത്ഥതയിൽ ശുദ്ധീകരിക്കപ്പെട്ടതാണെന്നു തനിക്കു നിശ്ചയമുണ്ടെന്നും, ഒരു ദേവതയായിട്ടുകൂടി തനിക്കവരുടെ പേരിൽ കരുണതോന്നാതിരിക്കാൻ കഴിഞ്ഞില്ലെന്നും പ്രഭഞ്ജനൻ തന്റെ സ്വാമിയോടു പറഞ്ഞു. "എന്നാൽ അവരെ ഇവിടെ കൂട്ടിക്കൊണ്ടുവരിക!" സനാതനൻ കല്പിച്ചു;—"പ്രഭഞ്ജനാ, ഒരുദേവതയായ നിനക്കു് അവരുടെ സങ്കടത്തിൽ കരുണതോന്നുന്നുവെങ്കിൽ, അവരെപ്പോലെതന്നെ ഒരു മനുഷ്യനായ എനിക്കു് അവരുടെപേരിൽ സഹതാപമുണ്ടാകാതിരിക്കുമോ? എന്റെ പ്രിയപ്പെട്ട പ്രഭഞ്ജനാ, നീപോയി വേഗത്തിൽ അവരെ കൊണ്ടുവരിക!"

Digitized By Kerala Sahitya Akademi

പ്രഭഞ്ജനൻ ഉടനെ തൻെറ കടത്തംകലന്ന മാന്ത്രികഗാനം പാടിക്കൊണ്ടു് വിഷ്ണംഭാധിപതിയേയും, ഭാനുവിക്രമനേയും, വൃദ്ധനായ സമരസനേയും, അവക്കാശ്ചയ്യംതോന്നത്തക്കവിധം വശീകരിച്ചു് സനാതനൻെറ സന്നിധാനത്തിൽ കൊണ്ടുവന്ന നിത്തി. സനാതനനെ കൊല്ലുവാനായി കടലിൽ കൊണ്ടുതള്ളിയപ്പോൾ, അദ്ദേഹത്തിൻെറ പുസ്തകങ്ങളും, ഭക്ഷണസാധനങ്ങളും ഗൂഢമായി തോണിയിൽ സംഭരിച്ചുകൊടുത്ത ആ കരുണാനിധിയായ പ്രഭുതന്നെയായിരുന്ന ഈ സമരസൻ.

സങ്കടവും ഭീതിയും അവരെ അത്രമാത്രം അസ്ഥിരപ്രജ്ഞരാക്കിത്തീത്തതിനാൽ സനാതനനെ കണ്ടിട്ടു് അവർ അറിഞ്ഞതേയില്ല. ആദ്യമായി അദ്ദേഹം സമരസനെ, തൻെറ 'ആത്മസംരക്ഷകൻ' എന്നുവിളിച്ചു് വസ്തുതയെല്ലാം സ്വയം വെളിവാക്കിക്കൊടുത്തു. അപ്പോഴേക്കും അദ്ദേഹത്തിൻെറ സഹോദരനും രാജാവിനും ശരിക്കു മനസ്സിലായി, തങ്ങൾ ഉപദ്രവിച്ച സനാതനനാണു് ഇപ്പോൾ മുൻപിൽ നിൽക്കുന്നതെന്നു്.

കണ്ണുനീരോടും, സങ്കടദ്യോതകങ്ങളായ ഗൽഗദോക്തികളോടും, യഥാത്ഥാനുശയത്തോടുംകൂടി ഭാനുവിക്രമൻ തൻെറ സഹോദരനോടു് മാപ്പിരന്നു; സനാതനനെ രാജ്യഭ്രഷ്ടനാക്കുവാൻ ഭാനുവിക്രമനെ സഹായിച്ചതിൽ രാജാവും തനിക്കുള്ള വ്യസനമയമായ അപരാധബോധം പ്രകടിപ്പിച്ചു; സനാതനൻ സസ്നേഹം അവക്കു മാപ്പുകൊടുത്തു. തൻെറ സിംഹാസനം വീണ്ടും തനിക്കു നൽകുവാനുള്ള അവരുടെ ഒരുക്കംകണ്ടു് അദ്ദേഹം വിഷ്ണംഭരാജാവിനോടു പറഞ്ഞു: "നിങ്ങൾക്കും തരാൻ എൻെറ കൈവശമുണ്ടു്, ഒരു നിധി."—അനന്തരം അദ്ദേഹം ഒരു വാതിൽതുറന്നു്, വിജയചന്ദ്രനും ഹൈമവതിയും ഒന്നിച്ചിരുന്നു ചൂതുകളിക്കുന്നതു അവക്കു കാണിച്ചുകൊടുത്തു.



Digitized By Kerala Sahitya Akademi

യാദൃച്ഛികമായ ഈ പുനഃസന്ദർശനത്താൽ പിതാവിനും പുത്രനുമുണ്ടായ ആനന്ദത്തിനു കണക്കില്ല. എന്തെന്നാൽ, അവർ ഓരോരുത്തരും കരുതിയിരുന്നതു അന്യൻ കൊടുങ്കാററിൽപ്പെട്ടു മുങ്ങി മരിച്ചുപോയി എന്നാണു്.

"ഓ! അത്ഭുതം" ഹൈമവതി പറഞ്ഞു: "എന്തൊരു മഹനിയജീവികളാണിവർ! ഇത്തരം ആളുകളോടുകൂടിയ ലോകം തീർച്ചയായും ഒരു ധീരതയുള്ള ലോകമായിരിക്കണം."

തന്റെ പുത്രനെപ്പോലെതന്നെ വിഷ്ടംഭരാജാവിനും യുവതിയായ ഹൈമവതിയുടെ സൗന്ദര്യത്തിലും അംഗകാന്തിയിലും അത്യാശ്ചര്യംതോന്നി. "ആരാണീ പെൺകിടാവു്?"അദ്ദേഹം ചോദിച്ചു "ഞങ്ങളെ വേർപെടുത്തി, പിന്നീടു് ഇപ്രകാരം ഒന്നിച്ചുചേർത്ത ഒരു ഗന്ധർവ്വകന്യകയാണു് ഇവളെന്നുതോന്നുന്നു."

"അല്ല, അച്ഛാ!"—ആദ്യമായി ഹൈമവതിയെ കണ്ടപ്പോൾ തനിക്കു തോന്നിയതുപോലെ അച്ഛനും അതേ തെററിദ്ധാരണക്കധീനനായതുകണ്ടു പുഞ്ചിരിയോടെ വിജയചന്ദ്രൻ പറഞ്ഞു. "അവൾ ഒരു മനുഷ്യജീവിതന്നെയാണു്. എന്നാൽ അമാനുഷികമായ റിദ്ധിബലത്താൽ അവൾ എന്റേതായിരിക്കുന്നു. അവിടുന്നു ജീവിച്ചിരിപ്പുണ്ടെന്നു വിചാരിക്കാൻ യാതൊരു മാർഗ്ഗവുമില്ലാതിരുന്നതിനാൽ അവിടുത്തെ സമ്മതം ചോദിക്കുവാൻ എനിക്കു സാധിക്കാതെപോയി; ഞാൻ അവളെ എന്റെ വധുവായി വരിച്ചിരിക്കുന്നു. മരതകമംഗലത്തിലെ പ്രസിദ്ധരാജാവായ ഈ സനാതനന്റെ മകളാണിവൾ. അദ്ദേഹത്തിനെക്കുറിച്ചു് ഞാൻ ധാരാളം കേട്ടിട്ടുണ്ടു്. ഇതുവരെ അദ്ദേഹത്തെ കാണാൻ ഒത്തിട്ടില്ല. അദ്ദേഹത്തിൽനിന്നു് എനിക്കൊരു പുതിയ ജീവൻ കിട്ടിയിട്ടുണ്ടു്. ഈ പ്രിയകന്യകയെ എനിക്കു

Digitized By Kerala Sahitya Akademi

നൽകി അദ്ദേഹം എൻെറ ഒരു രണ്ടാമത്തെ അച്ഛനായി ത്തീൎന്നിരിക്കുന്നു."

"അപ്പോൾ ഞാൻ അവളുടെ പിതാവായിരിക്കണമല്ലോ" രാജാവു പറഞ്ഞു. "പക്ഷെ അയ്യോ ഇതെന്തുവിചിത്രമായിരിക്കുന്നു,—ഞാനെൻെറ കുഞ്ഞിനോടു മാപ്പു ചോദിക്കണമെന്നുള്ളതു്!!"

"ഇനി അതിൻെറ ആവശ്യമില്ല" സനാതനൻ പറഞ്ഞു: "കഴിഞ്ഞുപോയ നമ്മുടെ കഷ്ടതകളെക്കുറിച്ചു് നാം ഓൎക്കേണ്ട. ഏതായാലും അവയെല്ലാം ഇങ്ങിനെ സന്തോഷസമ്പൂൎണ്ണമായി പൎയ്യവസാനിച്ചല്ലോ. അനന്തരം അദ്ദേഹം തൻെറ സഹോദരനെ ആലിംഗനം ചെയ്തുകൊണ്ടു വീണ്ടും താൻ സകലവും ക്ഷമിച്ചിരിക്കുന്നതായി ഉറപ്പുപറഞ്ഞു താൻ മരതകമംഗലസിംഹാസനത്തിൽനിന്നും ഭ്രഷ്ടനാകണമെന്നും, വിഷ്കംഭസിംഹാസനത്തിനു് തൻെറ പുത്രി അവകാശിയായിത്തീരണമെന്നും അതിനു വേണ്ടിയിട്ടാണു് വിജനമായ ഈ ദ്വീപിൽ കണ്ടുമുട്ടി രാജകുമാരൻ ഹൈമവതിയിൽ അനുരക്തനായതെന്നും, എല്ലാം നിശ്ചയിച്ചു് വിധി ബുദ്ധിപൂൎവ്വം അങ്ങനെ പ്രവൎത്തിച്ചതാണെന്നും സനാതനൻ ധരിപ്പിച്ചു.

തൻെറ സഹോദരനെ സാന്ത്വനിപ്പിക്കുവാൻ സനാതനൻ അരുളിച്ചെയ്ത കരുണാമയമായ ഈ വചസ്സുകൾ ലജ്ജകൊണ്ടും പശ്ചാത്താപംകൊണ്ടും ഭാനുവിക്രമനെ പരവശനാക്കി. അദ്ദേഹത്തിൻെറ കണ്ണിൽ ജലംനിറഞ്ഞു് ഒരക്ഷരംപോലും ഉച്ചരിക്കാൻ അദ്ദേഹം അശക്തനായി ഭവിച്ചു. വൃദ്ധനും ദയാലുവുമായ സമരസൻ ഈ മംഗളപൎയ്യവസായിയായ രംഗംകണ്ടു് ആനന്ദാശ്രുക്കളോടെ ആയുവമിഥുനങ്ങളെ അനുഗ്രഹിക്കുവാനായി ജഗദീശ്വരനോടു പ്രാൎത്ഥിച്ചു.

Digitized By Kerala Sahitya Akademi

അനന്തരം, അവരുടെ കപ്പൽ തുറമുഖത്തു സുരക്ഷിതമായി കിടപ്പുണ്ടെന്നും, നാവികന്മാരെല്ലാം അതിനുള്ളിൽ സൈ്വരമായിരിക്കുന്നുണ്ടെന്നും, താനും തന്റെ പുത്രിയും പിറേറദിവസം അവരോടൊന്നിച്ചു് സ്വഗേഹത്തിലേയ്ക്കു പോരുന്നതാണെന്നും സനാതനൻ അവരോടു പറഞ്ഞു. "എന്നാലിനി പാവപ്പെട്ട എന്റെ ഈ ഗുഹയിൽ ഉള്ള അല്പം ലഘുഭക്ഷണത്തിൽ പങ്കുകൊള്ളുകതന്നെ" അദ്ദേഹം പറയുകയാണു്: "വൈകുന്നേരം നിങ്ങൾക്കൊരു നേരം പോക്കിനായി, ആദ്യം ഈ വിജനദ്വീപിൽ കാൽകുത്തിയതുമുതൽ ഉള്ള എന്റെ ജീവിതത്തിന്റെ ചരിത്രം ഞാൻ നിങ്ങളെ പറഞ്ഞുകേൾപ്പിക്കാം" അനന്തരം അദ്ദേഹം കലാപനെ വിളിച്ചു ഗുഹയെല്ലാം വൃത്തിയാക്കി ഭക്ഷണം തയ്യാറാക്കുവാൻ കല്പനകൊടുത്തു. വൈരൂപ്യവും മുഗ്ദ്ധതയും കലർന്ന ആ വൃത്തികെട്ട വേതാളത്തിന്റെ വിചിത്രആകൃതികണ്ടു് അവരെല്ലാരും ആശ്ചര്യപരതന്ത്രരായിപ്പോയി. അദ്ദേഹത്തിനു് ആ ഗുഹയിലുള്ള ഏകപരിചാരകൻ അവനായിരുന്നു.

സനാതനൻ ദ്വീപുവിട്ടുപോകുന്നതിനു മുൻപായി, അദ്ദേഹം പ്രഭഞ്ജനനെ അവന്റെ സേവനത്തിൽനിന്നും പിരിച്ചയച്ചു. ഉന്മേഷവാനായ ആ ദേവത ആനന്ദംകൊണ്ടു് മതിമറന്നു. അവൻ തന്റെ സ്വാമിയുടെ ഒരു വിശ്വസ്തസേവകനായിരുന്നുവെങ്കിലും തന്റെ സ്വതന്ത്രമായ 'യഥേഷ്ടചാരിത്വ'ത്തിനു സദാ കൊതിച്ചുകൊണ്ടാണിരുന്നതു്; ഒരു കാട്ടുപക്ഷിയെപ്പോലെ പച്ചമരങ്ങൾക്കിടയിലും മധുരഫലങ്ങൾക്കിടയിലും, സുരഭിലസുമങ്ങൾക്കിടയിലും അനിയന്ത്രിതനായി അലഞ്ഞുനടക്കുന്നതിനായിരുന്നു അവനിഷ്ടം."എന്റെ പ്രിയപ്പെട്ട പ്രഭഞ്ജനാ, സനാതനൻ ആ കൊച്ചുദേവതയെ സ്വതന്ത്രനാക്കിയിട്ടുപറഞ്ഞു, "എനിക്കു് നിന്നെ നഷ്ടപ്പെട്ടും; എന്നിരുന്നാലും നിനക്കു നിന്റെ

Digitized By Kerala Sahitya Akademi

സ്വാതന്ത്ര്യം ഞാനിതാ തന്നിരിക്കുന്നു!" "എന്റെ ആത്മ തുല്യനായ സ്വാമിൻ, അവിടേയ്ക്കു വന്ദനം!" പ്രഭഞ്ജനൻ പറഞ്ഞു: എന്നാൽ അങ്ങയുടെ ഈ വിശ്വസ്തദേവതയോട വസാനയാത്ര പറയുന്നതിനുമുൻപായി, അവിടുത്തെ കപ്പൽ അനുകൂലങ്ങളായ കാററുകളെക്കൊണ്ടു നയിപ്പിച്ചു നിർ ബാധം സ്വദേശത്തിൽ കൊണ്ടുപോയി വിടുന്നതിന് ദയ വുചെയ്തു് ഇവനനുമതിതരണം. അതിനുശേഷം, സ്വാ മിൻ, സ്വതന്ത്രനായിത്തീരുന്ന ഞാൻ എത്ര ആനന്ദത്തോ ടുകൂടി ജീവിക്കും! ഇവിടെ പ്രഭഞ്ജനൻ ഈ കൗതുകമുള്ള പാട്ടുപാടി.

പാട്ട്.

എവിടത്തിൽ തേനീച്ച തേൻകുടിക്കു-
മവിടെ ഞാനും ചെന്നു തേൻകുടിക്കും;
ഒരു നവമന്ദാരമഞ്ജരിതൻ
സുരഭിലത്തൊട്ടിലിൽ ഞാൻ കിടക്കും,
അവിടെയാമൂങ്ങകൾ മൂളിടുമ്പോ-
ളതിസുഖനിദ്രയിൽ ഞാൻ ലയിക്കും;
മുദിതനായക്കടവാതിലിന്റെ
മുതുകത്തനാലസം ഞാൻ പറക്കും;
അതിമോദമോടുഷ്ണകാലശേഷം
പതിവായിതെല്ലാം ഞാനാചരിക്കും;
തരുശിഖരത്തിന്മേലൂഞ്ഞാലാടും
സുരഭിലമഞ്ജരികൾക്കടിയിൽ
സുഖമായി, സ്വസ്ഥമായ്, സ്വൈരമായി-
സ്സുരുചിരമിന്നു ഞാനാവസിപ്പൻ!!......

Digitized By Kerala Sahitya Akademi

അനന്തരം, സനാതനൻ തന്റെ ക്ഷുദ്രഗ്രന്ഥങ്ങളും മാന്ത്രികദണ്ഡവും മണ്ണിൽ താഴ്ത്തി കഴിച്ചുമൂടി. എന്തെന്നാൽ മന്ത്രവാദകലയെ ഇനി ഒരിക്കലും ഉപയോഗപ്പെടുത്തുന്നതല്ലെന്നു് അദ്ദേഹം നിശ്ചയിച്ചു. അങ്ങിനെ തന്റെ ശത്രുക്കളെ കീഴടക്കി, സഹോദരനും വിഷ്ണുംഭരാജാവുമായി സന്ധിക്കപ്പെട്ടതിന്നു അദ്ദേഹത്തിനു് സ്വദേശത്തെ വീണ്ടും സന്ദർശിക്കുന്നതും, സിംഹാസനം വീണ്ടെടുക്കുന്നതും, പുത്രിയും രാജകുമാരനും തമ്മിലുള്ള വിവാഹം ആഘോഷപൂർവ്വം കൊണ്ടാടുന്നതുമല്ലാതെ, തന്റെ സൗഭാഗ്യപരിപൂർത്തിക്കു മറ്റൊന്നുംതന്നെ അവശേഷിച്ചില്ല. തങ്ങൾ വിഷ്ണുംഭരാജ്യത്തിൽ ചെന്നെത്തിയാലുടൻതന്നെ അവരുടെ വിവാഹം അത്യാഡംബരവിഭവങ്ങളോടുകൂടി ആഘോഷിക്കുന്നതാണെന്നു രാജാവു പറഞ്ഞു. ദേവതയായ പ്രഭഞ്ജനന്റെ സുരക്ഷിതസാദ്ധ്യത്തിൻകീഴിൽ, അവർ ആനന്ദമയമായ ഒരു കപ്പൽസഞ്ചാരത്തിനുശേഷം, വേഗത്തിൽ ആ സ്ഥലത്തെത്തിച്ചേർന്നു.

Digitized By Kerala Sahitya Akademi

## ആധുനിക ഹിന്ദീ-മലയാള സംക്ഷിപ്ത ശബ്ദകോഷ്

ഹിന്ദിഭാഷ അഭ്യസിക്കുന്നവൎക്കും അദ്ധ്യാപകന്മാൎക്കും ഉപയുക്തമായവിധത്തിൽ സാധാരണ ഉപയോഗത്തിനാവശ്യമായ എല്ലാ ഹിന്ദീ-ഉർദുവാക്കുകളും ഇതിൽ അടങ്ങിയിട്ടുണ്ടു്.

വില രൂ. 3—8—0

## സംക്ഷിപ്ത ഹിന്ദി മുഹാവരാ കോഷ്

ഹിന്ദിയിലുള്ള 1000-ത്തിൽപരം ശൈലികളും അവയുടെ അർത്ഥവും ഉദാഹരണവും അടങ്ങിയതു്.

വില 1 രൂ.

## രാഷ്ട്രഭാഷാ ബോധിനി

സ്വന്തമായി ഹിന്ദിഭാഷ പഠിക്കാനാഗ്രഹിക്കുന്നവരുടെ ഉപയോഗത്തെക്കരുതി തയ്യാറാക്കിയിട്ടുള്ള ഒരു പ്രാഥമിക ഗ്രന്ഥം.

വില ണ. 6

## പുതിയ ഇംഗ്ലീഷ്-മലയാളം നിഘണ്ടു

പരിഷ്കരിച്ച 2-ാംപതിപ്പ്

ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ ഇംഗ്ലീഷ്-മലയാളം നിഘണ്ടുക്കളിലുംവച്ചു കൂടുതൽ വാക്കുകളുള്ളതും, ഇംഗ്ലീഷ് വാക്കുകളുടെ ശരിയായ മലയാളഅൎത്ഥം ചേൎത്തിട്ടുള്ളതുമാകുന്നു.

മേനിക്കടലാസ് മുഴുക്കാലിക്കോബയൻഡ് രൂ. 7 ണ. 8

റഫ് രൂ 6 ണ. 8. സാധാരണ രൂ. 6

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

Digitized By Kerala Sahitya Akademi

# ദാമ്പത്യശാസ്ത്രം

ദാമ്പത്യജീവിതം അഭിലഷണീയമായി നയിക്കാൻ ആഗ്രഹിക്കുന്നവർ അറിഞ്ഞിരിക്കേണ്ട ഒരു ഉത്തമശാസ്ത്ര ഗ്രന്ഥമാണു് ഈ ദാമ്പത്യശാസ്ത്രം. വാത്സ്യായനൻ തുടങ്ങിയ മഹർഷീശ്വരന്മാരുടെ ഉപദേശങ്ങളെ ക്രോഡീകരിച്ചുകൊണ്ടു് ദാമ്പത്യജീവിതത്തിന്റെ വിവിധവശങ്ങളെ ഏററവും ലളിതമായും മധുരമായും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. വിവാഹജീവിതത്തിലെ ദിനചര്യകൾ, കാലദേശാനുഗുണമായ പ്രവൃത്തിരഹസ്യങ്ങൾ, സന്താനോല്പാദനവിധി തുടങ്ങി ദമ്പതികൾ അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാ രഹസ്യകാര്യങ്ങളും ഇതിൽ സവിസ്തരം വിവരിച്ചിരിക്കുന്നു. വില അണ 12.

# കാമകലാസഞ്ചികകൾ

കാമശാസ്ത്രസംബന്ധമായ ഓരോ വിഷയങ്ങളെയും ഓരോ പുസ്തകങ്ങളായി ഏററവും ലളിതഭാഷയിൽ പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥപരമ്പരയാണിതു്. ദാമ്പത്യജീവിതത്തെ സംബന്ധിക്കുന്ന അതിഗൂഢങ്ങളായ എല്ലാ വിഷയങ്ങളും ഈ സഞ്ചിക ഉൾക്കൊള്ളുന്നു.

| | | | | |
|---|---|---|---|---|
| 1. | സ്ത്രീപുരുഷബന്ധം | 0 | 6 | 0 |
| 2. | സ്ത്രീപുരുഷതത്വം | 0 | 4 | 6 |
| 3. | പുരുഷധർമ്മം | 0 | 4 | 6 |
| 4. | വശ്യം അഥവാ ധാതുപുഷ്ടി | 0 | 6 | 0 |
| 5. | [illegible]മമായ ഇന്ദ്രിയസുഖം | 0 | 6 | 0 |
| 6. | വന്ധ്യതയും നിവാരണമാർഗ്ഗങ്ങളും | 0 | 6 | 0 |
| 7. | ജനനനിയന്ത്രണം | 0 | 6 | 0 |
| | ഏഴിനുംകൂടി | 2 | 4 | 0 |

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.

Digitized By Kerala Sahitya Akademi

# ഗ്രന്ഥാവലികൾ

| | രൂ. | ച. |
|---|---|---|
| അമൃതപുളിനം | 2 | 0 |
| രാജസ്ഥാനപുഷ്പം | 2 | 0 |
| വനബാല | 1 | 4 |
| അഹിഭയം അഥവാ കേരളകാളിദാസൻ | 2 | 8 |
| വേലുത്തമ്പിദളവാ 1-ം 2-ം ഭാഗങ്ങൾ | 1 | 8 |
| ചിത്രലേഖ | 1 | 12 |
| സത്യഗ്രാഹി | 3 | 0 |
| സുവർണ്ണകുമാരി (പ്രേമധാമം) | 1 | 2 |
| മരതകമണി | 1 | 2 |
| പുളകോൽഗമം അഥവാ ഇരുട്ടും വെളിച്ചവും | 2 | 8 |
| ബാലാദിത്യൻ | 1 | 8 |
| ദിനാന്തരാഗം | 2 | 0 |
| രാഗവല്ലരി | 1 | 4 |
| കരുണാലയം | 1 | 2 |
| പ്രതാപരുദ്രീയം അഥവാ സ്ത്രീസാഹസം | 1 | 8 |
| വെൺമാടത്തിലെ റാണി | 1 | 4 |
| കാലൻെറ കൊലയറ | 1 | 8 |
| മഹാരാഷ്ട്രജീവനപ്രഭാതം | 2 | 4 |
| അരമനരഹസ്യം | 1 | 8 |
| അമീർഹംസ അഞ്ചുഭാഗങ്ങൾ | 3 | 12 |
| പ്രണയപാശം | 2 | 0 |
| കുസുമോത്സവം | 2 | 4 |
| പ്രണയപ്രതീകാരം | 2 | 0 |

തിരു: കൊച്ചി ഗ്രന്ഥശാലാകമ്മിററി ഗ്രന്ഥശാലകൾക്ക് അംഗീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ഇപ്പോൾ കിട്ടാവുന്നവയെല്ലാം ഇവിടെ സ്റ്റാക്കുണ്ട്.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:- തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

Digitized By Kerala Sahitya Akademi